



NAKSHATHRA RAJYAM
(Monthly Magazine)
2010 October 20 - Sep. 19
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 9

Chief Editor, Publisher & Owned by
**E. RADHAKRISHNAN KOMMERI**

**NAKSHATHRA RAJYAM**
24/1704 A, Raj Building,
Byepass Road,
Mankave, Kozhikode - 7
Kerala, India.
Mob: **9744233997**
**9847649567**

Inside Art:
**RAKESH**

Cover
**Amina Creations, Palazhi, Clt.**

**Price ₹ 10.00**



**നക്ഷത്രരാജ്യം തപാലിൽ ലഭിക്കാൻ വരിക്കാരാവുക.**


## എഡിറ്റോറിയൽ

# നഗരസഭ പഞ്ചായത്ത് തെരഞ്ഞെടുപ്പുകളും കേരളവും

**2010** ഒക്ടോബർ മാസം 23-ാം തിയ്യതി ശനിയാഴ്ച നഗര സഭ പഞ്ചായത്ത് തെരഞ്ഞെടുപ്പുകൾക്ക് ഒരുങ്ങുകയാണ് കേരളം. പലകുറി വോട്ടു ചെയ്തവരും പുതിയതായി വോട്ടു ചെയ്യാൻ ഇറങ്ങുന്ന പുതുമുഖങ്ങളുമായി ലക്ഷക്കണക്കിനു വോട്ടർമാർ കേരളത്തിലെ പോളിങ്ങ്ബൂത്തുകളിൽ വോട്ടുചെയ്യാനെത്തുകയാണന്ന്. മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വളരെ സമാധാനപരമായാണ് വോട്ടിങ് നടക്കാറെന്നുള്ളതൊരു യാഥാർത്ഥ്യമാണ്. ഒരു പൗരൻ എന്ന നിലയിൽ രാജ്യത്തോടുള്ള കൂറും നാടിനോടുള്ള സ്നേഹവും ജനാധിപത്യ വ്യവസ്ഥിതിയോടുള്ള ഇംഗിതവുംകൊണ്ട് നാടിനോടുള്ള കടമ നിറവേറ്റാൻ എത്തുന്ന വോട്ടർമാർക്ക് യാതൊരു വിധ അപായമോ ഭയമോ ഇല്ലാതെ വോട്ടു ചെയ്ത് തിരിച്ചു വീട്ടിലെത്തുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുന്നതിന് പോലീസിനും കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും കഴിവുണ്ട്. എങ്കിൽപോലും സംസ്ഥാന സർക്കാറും പോലീസും വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ നിദാന്ത ജാഗ്രത പാലിക്കേണ്ടതുണ്ട്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ബൂത്തു പിടുത്തവും- ഒരു ബൂത്തിലെ വോട്ടുകൾ ചില ആളുകൾ ചെയ്യുന്നതും പത്രങ്ങളിലൂടെ സർവ്വസാധാരണമായാണ് നാം അറിയാറുള്ളത്. ദുരുദ്ദേശ്യത്തോടെ ചെയ്യുന്നതോ സദുദ്ദേശ്യത്തോടെ ചെയ്യുന്നതോ കേരളത്തിലെ പൊതു തെരഞ്ഞെടുപ്പു കാലങ്ങളിലും ചില വർഷങ്ങളായി പത്രത്താളുകളിൽ കള്ള വോട്ടിനെ കുറിച്ചുള്ള വാർത്തകൾക്കിടംകിട്ടുകയുണ്ടാകാറുണ്ട്. സംസ്ഥാനത്ത് അങ്ങോളമിങ്ങോളമുള്ള ജനങ്ങളുടെ മനസ്സിലുണ്ടായ അനിഷ്ട ധാരണ അത് സത്യമോ മിഥ്യയോ. ഇനി അങ്ങനെയൊരു വാർത്തകൾക്കിടയുണ്ടാകാതെ കേരള സംസ്ഥാനത്ത് ഇത്തരം നല്ലതല്ലാത്ത വാർത്തകൾ ഉത്ഭവിക്കാനിടയാവാതെ ഇരിക്കേണ്ടതും ഒരു ജനാധിപത്യ രാജ്യത്ത് ജീവിക്കുന്ന ജനങ്ങളുടെ അവകാശമാണ്.

**– ചീഫ് എഡിറ്റർ**

# കളരിപ്പയറ്റ്



**മുരളീധരൻ ഗുരുക്കൾ**
മെംബർ, കേരള കളരി പയറ്റ്
അസോസ്സിയേഷൻ

ഐതിഹ്യം വിശ്വസിക്കാമെങ്കിൽ കേരള ഭൂമിയുടെ സ്രഷ്ടാവ് പരശുരാമൻ തീരപ്രദേശങ്ങളിൽ 108 ദേവീ ക്ഷേത്രങ്ങളും മധ്യദേശത്ത് 108 ശിവാലയങ്ങളും മലയോരങ്ങളിൽ പല ശാസ്താക്ഷേത്രങ്ങളും സ്ഥാപിച്ചതോടൊപ്പം 42 കളരികളും സ്ഥാപിച്ചു.

യഥാർത്ഥത്തിൽ കളരിപ്പയറ്റിനെ രണ്ടായി കാണാനാവില്ലെങ്കിലും വടക്കൻ സമ്പ്രദായത്തിന്റെയും അഗസ്ത്യമഹർഷി ഉപജ്ഞാതാവായിട്ടുള്ള അടിതട തെക്കൻ സമ്പ്രദായത്തിന്റെയും പ്രത്യേകതയായി വ്യാഖ്യാനിക്കപ്പെടുന്നു. തെക്കൻ സമ്പ്രദായത്തിൽ സ്വയം പ്രതിരോധമാണ് ആധാരം. വടക്കൻ സമ്പ്രദായം യുദ്ധ സമ്പ്രദായമാണ്. മെയ്യഭ്യാസവും (മെയ്ത്താരി) വടിത്തല്ലും (കോൽത്താരി) അങ്കത്താരിയും ഇതിൽപ്പെടും. ധനുർവ്വേദ സംഹിതയാണ് വടക്കൻ സമ്പ്രദായത്തിന് അടിത്തറ.

ഓതിരം, കടകം, ചടുലം, മണ്ഡലം, വൃത്തചക്ര, സുഖംകാളം- വിജയം, വിശ്വമോഹനം, അന്യോന്യം, സുരഞ്ജയം, സൗഭദ്രം, പാടലം, പുരഞ്ജയം, കായവൃത്തി, സിലാഘണ്ഡം, ശദാശാസ്ത്രം, അനുത്തമം, ഗദയാഘടം എന്നിങ്ങനെ പതിനെട്ട് അടവുകൾ.

കേരളത്തിൽ പ്രചരിച്ചുവന്നിരുന്ന ആറോളം ശൈലികളിൽ (അറപ്പിൽ കൈയൻ, പിള്ളതാങ്ങി, ദ്രോണമ്പള്ളി, വള്ളുവനാടൻ, വട്ടോൻ തിരുപ്പൻ, ഓടിമുറശാരി) നിന്നും പ്രഗത്ഭനായ കോട്ടയ്ക്കൽ കണാരൻ ഗുരുക്കൾ ശാസ്ത്രീയമായി മികച്ചതായ അറപ്പിൽ കൈയനിൽ മറ്റ് സമ്പ്രദായങ്ങളിലെ യോഗ്യമായ ഭാഗങ്ങൾ സമന്വയിപ്പിച്ച് അരുമശിഷ്യൻ സി.വി. നാരായണൻ നായരെ പരിശീലിപ്പിച്ചു. അദ്ദേഹമാണ് കളരിവിദ്യ ജനകീയമാക്കിയതും സി.വി.എൻ. കളരിപ്പയറ്റ് ശൈലിക്ക് രൂപം നൽകിയതും. 1928ൽ തുടങ്ങിയ പ്രസ്ഥാനം ഇന്ന് പടർന്ന് പന്തലിച്ച് ഇന്ത്യയ്ക്കകത്തും വിദേശത്തും ധാരാളം കളരികൾ പ്രവർത്തിച്ചുവരുന്നു.

ആയോധനകല, സമ്പൂർണ്ണ വ്യായാമസമ്പ്രദായം, മർമ്മചികിത്സ എന്നീ മൂന്നു പ്രത്യേകതകളാണ് കളരിപ്പയറ്റിനെ ലോകത്തിലെ മറ്റ് ആയോധനകലകളിൽ നിന്നും വ്യത്യസ്തമാക്കുന്നത്. പരിപൂർണ്ണമായ അച്ചടക്കത്തിലും പരമോന്നതമായ ഗുരുശിഷ്യബന്ധത്തിലും ഊട്ടിയുറപ്പിച്ചതാണീ കല.

42 അടി നീളത്തിൽ കിഴക്കുപടിഞ്ഞാറായും 21 അടി വീതിയിൽ തെക്കുവടക്കായും സമതലത്തുനിന്നും അഞ്ചടി താഴ്ചയിൽ കുഴിയെടുത്തുവേണം കളരിസ്ഥാപിക്കാൻ എന്നതാണ് തച്ചുശാസ്ത്രപരമായ നിബന്ധന. എല്ലാമത വിശ്വാസികൾക്കും ഒരുപോലെ ഒന്നിച്ച് അഭ്യസിക്കാവുന്ന തരത്തിലാണ് സിവിഎൻ കളരികൾ പയറ്റ് പരിശീലനം നടത്തിക്കൊണ്ടുവരുന്നത് എന്നിരുന്നാലും ഒരു ക്ഷേത്രത്തിന്റെ എല്ലാ പദവികളും കല്പിച്ചുകൊണ്ടാണ് കളരി നിർമ്മാണം. കളരിയിൽ ഏറ്റവും പ്രധാനമായ കന്നിമൂലയിൽ കളരി ഭഗവതിയുടെ സങ്കല്പമായ പൂത്തറയും അവിടെനിന്നും തൊട്ട് വടക്കോട്ടായി നാഗദേവത, ഗണപതി, ഗുരുസ്ഥാനം, അന്തിമഹാകാളൻ, ഭദ്രകാളി, വേട്ടയ്ക്കൊരു മകൻ എന്നീ ദേവസങ്കല്പങ്ങളുണ്ട്.

കളരിയ്ക്കകത്തേക്ക് വലതുകാൽ വെച്ച് കളരിതൊട്ടുവന്ദിച്ച് മാത്രമേ കടക്കുവാൻ അനുവാദമുള്ളൂ. പരിശീലനം കഴിഞ്ഞിറങ്ങുമ്പോഴും കളരിദേവതകളെ വന്ദിച്ച് ഗുരുവിന്റെ കാൽതൊട്ട് വന്ദിച്ച് പുറംതിരിയാതെ പുറകോട്ട് നടന്ന്, ഭൂമി തോട്ടുവന്ദിച്ച് തിരിഞ്ഞുപുറത്തേക്ക് പോകുകയാണ് വേണ്ടത്.

എട്ടുവയസ്സ് മുതലാണ് കളരിപ്പയറ്റ് പരിശീലനത്തിന് പറ്റിയ പ്രായം. ഗുരുക്കൾക്ക് വെറ്റിലയിൽ ദക്ഷിണകൊടുത്ത് കാൽതൊട്ട് വണങ്ങി കളരിയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥി പിന്നീട് നിത്യവും കച്ചകെട്ടി ദേഹമാസകലം എള്ളെണ്ണയോ തൈലമോ പുരട്ടിയശേഷമാണ് പയറ്റ് തുടങ്ങുന്നത്. വർഷങ്ങളോളം പയറ്റ് അഭ്യസിച്ച് യോഗ്യനാണെന്ന് ഗുരുവിന് തോന്നിയാൽ (പുകവലിക്കുന്നവർ, മദ്യപന്മാർ, പോലീസ് കേസുകളിൽപ്പെടുന്നവർ തുടങ്ങി അനേകം ദോഷവശങ്ങൾ ഉള്ളവരെ മർമ്മചികിത്സ പഠിപ്പിക്കുകയോ, ഗുരുസ്ഥാനമോ നൽകാറില്ല). മർമ്മചികിത്സയും ഗുരുവിന്റെ പൂർണ്ണസമ്മതം കിട്ടിയശേഷമേ ഒരാൾക്ക് കളരിഗുരുക്കൾ പദവി കിട്ടുകയുള്ളൂ. ഇപ്പോൾ സി.വി.എൻ. കളരിയുടെ പുതിയ ഗുരുക്കളെ തെരഞ്ഞെടുക്കുന്നതിന് ആറ് സീനിയർ ഗുരുക്കന്മാരുടെ പാനലുണ്ട്.

വടക്കൻ സമ്പ്രദായത്തിലെ മെയ്പ്പയറ്റിൽ കാലുകൾ കൊണ്ടും കൈകൾകൊണ്ടും ശരീരം കൊണ്ടുമുള്ള ധാരാളം വ്യായാമമുറകളുണ്ട്. (നേർകാൽ, തിരിച്ചുകാൽ, വീതുകാൽ, കോൺകാൽ, അകംകാൽ, പുറംകാൽ, ഇരുത്തികാൽ, അഷ്ടവടിവുകൾ...) ഇവയെല്ലാം പരിശീലിച്ചുകഴിയുമ്പോൾ അഭ്യസിച്ച് ദേഹം എളുപ്പത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന മെയ്പ്പയറ്റിനോടൊപ്പം തന്നെ മരം, വടി തുടങ്ങിയവ കൊണ്ടുള്ള ആയുധപരിശീലനവും (കോൽത്താരി) ആരംഭിക്കുന്നു. 'ഗ' എന്ന അക്ഷരത്തിന്റെ ആകൃതിയിലുള്ള 'ഒറ്റ' എന്ന ആയുധപ്രയോഗത്തിന് വടക്കൻ സമ്പ്രദായത്തിൽ വലിയ പ്രാധാന്യം ഉണ്ട്.

ക്രമേണ ലോഹായുധങ്ങൾ (അങ്കത്താരി) കൊണ്ടുള്ള പരിശീലനം ആരംഭിക്കുന്നു. കഠാരം, വാളും പരിചയും (പുലിയങ്കം), മറപിടിച്ച കുന്തം, കുന്തപ്പയറ്റ്, ഉറുമി എന്നിവയിലെ പരിശീലനം പൂർത്തിയാക്കുന്നു. നിരായുധരായി സഞ്ചരിക്കുമ്പോഴുണ്ടാകുന്ന ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടാനും പ്രതിരോധിക്കാനുമുള്ള മുറകളാണ് വെറും കൈപ്രയോഗങ്ങൾ. (തഞ്ചപ്പയറ്റ് ഇതിൽപ്പെടുന്നു).

**കളരിചികിത്സ**

പുരാതനകാലം മുതൽക്കെ പൂർവ്വികരായ കളരിഗുരുനാഥന്മാർ ആയുർവ്വേദം, ജ്യോതിഷം, മർമ്മചികിത്സ, യോഗചികിത്സ, തിരുമ്മുചികിത്സ, ശരീരശാസ്ത്രം-നാഡിശാസ്ത്രം, സംസ്കൃതം തുടങ്ങി അനവധി വിഷയങ്ങളിൽ പ്രാഗത്ഭ്യം ഉള്ളവരായിരുന്നു. കളരി ചികിത്സയുടെ അടിസ്ഥാനം ആയുർവ്വേദം ആണെങ്കിലും കളരി ഗുരുനാഥന്മാർ തലമുറകൾ കൈമാറിപ്പോന്ന മരുന്നുകളുടെ യോഗങ്ങളും പ്രയോഗരീതികളും അവർ സ്വന്തമായി വികസിപ്പിച്ചെടുത്തതായിരുന്നു കളരിചികിത്സകന്



രഹസ്യസ്വഭാവം കൈവരാൻ ഉണ്ടായ പ്രധാനകാരണം അത് മർമ്മചികിത്സയുമായി ബന്ധപ്പെട്ടിരുന്നതുകൊണ്ടാണ് മർമ്മസ്ഥാനങ്ങളെക്കുറിച്ചുള്ള അറിവ് പക്വത ഇല്ലാത്തവർക്ക് ലഭിച്ച് അത് ദുരുപയോഗം ചെയ്യുന്നത് തടയുവാന് വേണ്ടിയായിരുന്നു ഈ മുൻകരുതൽ. ഇപ്പോഴും കളരികളിൽ മാത്രം ഉപയോഗത്തിലിരിക്കുന്ന ധാരാളം മരുന്നുകൾ നിലവിലുണ്ട്.

ആയുർവ്വേദത്തിലെ തിരുമ്മുന്നതിന്റെ പൂർണ്ണവികാസം നൽകിയത് പൂർവ്വികരായ കളരിഗുരുക്കന്മാരാണ്. കളരിയിലെ ചവിട്ടിതിരുമ്മലിനെ "ഉദ്ധാദനം" എന്നും കൈഉപയോഗിച്ചുള്ള തിരുമ്മലിനെ "സംവാഹനം" എന്നും പറയുന്നു. പ്രായം, കാലാവസ്ഥ,വാസസ്ഥലം, രോഗം, മാനസിക നില എന്നിവയെല്ലാം മനസ്സിലാക്കി മുൻകൂട്ടി നിശ്ചയിച്ച എണ്ണം, ഘനം, വേഗം എന്നിവ ശ്രദ്ധിച്ച് വളരെ ശാസ്ത്രീയമായ രീതിയിൽ കളരിയഭ്യാസികൾ മാത്രമാണ് കളരിതിരുമ്മ് (ഉഴിച്ചിൽ) നടത്തുന്നത്. അതും ഒരു ഗുരുക്കളുടെ മേൽനോട്ടത്തിലുമായിരിക്കും.

ഇപ്പോൾ നമുക്ക് നാട്ടിലെവിടെ നോക്കിയാലും ആയുർവ്വേദ ചികിത്സാകേന്ദ്രങ്ങളും ഉഴിച്ചിൽ കേന്ദ്രങ്ങളും കാണാം. ചുരുക്കം ചില സ്ഥലങ്ങൾ ഒഴിച്ച് മറ്റെല്ലായിടത്തം 3 മാസത്തെയോ 6 മാസത്തെയോ കോഴ്സ് കഴിഞ്ഞിറങ്ങുന്നവരാണ് ഉഴിച്ചിലും മറ്റും നടത്തുന്നത്. അതുകൊണ്ടുതന്നെ കേരളത്തിന്റെ അതിവിശിഷ്ടമായ ഈ ചികിത്സാസമ്പ്രദായത്തെ പലപ്പോഴും മോശമായി ചിത്രീകരിക്കപ്പെടുന്നുണ്ട്. ■

# കോഴിക്കോട് കോർപ്പറേഷൻ
# നഗരവികസനം വാർഡുകളിലൂടെ

**നക്ഷത്രരാജ്യം ലേഖകൻ**

**കഴിഞ്ഞ 4 വർഷത്തെ ഭരണനേട്ടങ്ങളെക്കുറിച്ച്
ബഹു: കോഴിക്കോട് മേയർ എം. ഭാസ്കരൻ അവർകളുടെ
റിപ്പോർട്ടിങ്ങ് പുനരാഖ്യാനം**



**കോ**ഴിക്കോട് നഗരത്തെ ദേശീയ നിലവാരമുള്ള നഗരമാക്കി മാറ്റുക എന്നതാണ് കോർപ്പറേഷൻ കൗൺസിലിന്റെ സമീപനം. വികസന പ്രവർത്തനങ്ങൾക്ക് എല്ലാ ശ്രോതസ്സുകളേയും ഞങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായാണ് കേരള സർക്കാറിന്റെ നിർദ്ദേശപ്രകാരം എ.ഡി.ബി.യിൽ നിന്ന് വായ്പ വാങ്ങി കേരള സുസ്ഥിര വികസന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്. കൗൺസിലിന്റെ ഭാഗമായി നടന്ന വൈവിധ്യമാർന്ന വികസന പ്രവർത്തനങ്ങൾ, ഐ.ടി. മിഷന്റെ സൈബർ പാർക്ക്, സഹകരണ മേഖലയിലെ ആദ്യത്തെ സൈബർ പാർക്ക്, സരോവരം പ്രൊജക്ടിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ, കോഴിക്കോട് ബീച്ചിന്റെ മൂന്ന് ഭാഗങ്ങളിൽ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ, കല്ലുത്താൻ കടവ് പച്ചക്കറി മാർക്കറ്റ് നിർമാണവും ചേരി പുനരധിവാസ പദ്ധതിയും നഗരത്തിലെ റോഡുകളുടെ വിപുലീകരണത്തിന് ഭൂമി ഏറ്റെടുക്കൽ, ചേരി നിവാസികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഒരു ബി.ഒ.ടി പ്രൊജക്ടിന്റെ ഭാഗമാക്കാൻ കഴിഞ്ഞ ആദ്യ കോർപ്പറേഷൻ എന്ന പദവി, മൂന്ന് കിലോമീറ്ററോളം ദൈർഘ്യമുള്ള അരയിടത്ത് പാലം എരഞ്ഞിപ്പാലം റോഡ് വീതികൂട്ടി നാലുവരിപ്പാതയാക്കൽ, നഗരഹൃദയത്തിലെ ടൈൽസ് പതിച്ച വിശാലമായ നടപ്പാതകൾ, ആധുനിക ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ, മോടിപിടിപ്പിച്ച പാർക്കുകൾ, ജംഗ്ഷനുകളുടെ നവീകരണം, നവീകരിച്ച ബസ് സ്റ്റോപ്പുകൾ തുടങ്ങി നിരവധി പൂർത്തീകരിച്ചതും നടന്നുവരുന്നതുമായ വികസന പ്രവർത്തനങ്ങൾ തമസ്ക്കരിക്കാനുള്ള ചില തല്പരകക്ഷികളുടെ വ്യഗ്രത പട്ടണവാസികൾക്ക് തിരിച്ചറിയാൻ കഴിയും.

ഇന്ത്യയിൽ ദ്രുതഗതിയിൽ നഗരവത്കരണം നടന്നുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. കോഴിക്കോട് പട്ടണത്തിന്റെ സമീപ പഞ്ചായത്തുകളായ ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം, എലത്തൂർ എന്നീ പഞ്ചായത്തുകൾ നഗരസ്വഭാവം കൈവരിച്ചവയാണ്. പ്രകൃതിദത്തമായ അതിരുകളോടുകൂടി, ബേപ്പൂർ, ചെറുവണ്ണൂർ-നല്ലളം, എലത്തൂർ എന്നീ പഞ്ചായത്തുകൾ കൂട്ടിച്ചേർത്തതോടുകൂടി നഗരത്തിലെ ജനസംഖ്യ 601887 ലക്ഷമായി ഉയരുകയും വിസ്തൃതി 128.59 ച.കി.മീറ്ററായി വർദ്ധിക്കുകയും ചെയ്തു. ഇന്ന് ലോക സാമ്പത്തിക ഏജൻസികളും, കേന്ദ്ര ഗവർമെണ്ടുമെല്ലാം തന്നെ കോർപ്പറേഷനുകൾക്ക് വിവിധ രീതിയിൽ സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ട്. പശ്ചാത്തല വികസനം, ഭവനനിർമ്മാണം, മലിനീകരണ നിവാരണം, കമ്യൂണിറ്റി ഡവലപ്മെന്റ്, പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്തൽ, ചേരിപരിഷ്കരണം എന്നീ വിവിധ മേഖലകളിൽ സഹായം ലഭ്യമാകുന്നത് പട്ടണത്തിന്റെ മൊത്തം വിസ്തൃതിയും ജനസംഖ്യയും പരിഗണിച്ചാണ്. ഈ പരിഗണനയിൽ കോഴിക്കോട് കോർപ്പറേഷന് ലഭ്യമാകേണ്ട പല ആനുകൂല്യങ്ങളും നഷ്ടപ്പെടുകയുണ്ടായി. കേരളത്തിലെ അഞ്ചു കോർപ്പറേഷനുകളിൽ ജനസംഖ്യ കൊണ്ടും വിസ്തൃതികൊണ്ടും

കോഴിക്കോട് വളരെ പിന്നിലാണ്.

ഈ പോരായ്മ പരിഹരിക്കണം എന്നതിന്റെ അടിസ്ഥാനത്തിലാണ് സമീപ പ്രദേശങ്ങളായ മൂന്ന് പഞ്ചായത്തുകൾ കൂട്ടിചേർത്തുകൊണ്ട് കോഴിക്കോടിനെ ഒരു മഹാനഗരമായി വിപുലീകരിക്കാൻ തീരുമാനിച്ചത്. നഗരത്തിന്റെ വികസനത്തേയും നഗരവാസികളുടെ ഉന്നമനത്തേയും ലക്ഷ്യംവെച്ചു കൈകൊണ്ട ഈ തീരുമാനത്തെ തികച്ചും വില കുറഞ്ഞ രാഷ്ട്രീയ പ്രചാരണമായി ചിലർ നടത്തുന്ന പ്രവർത്തനം ജുഗുത്സാവഹമാണെന്ന് പറയേണ്ടതില്ലല്ലോ. ഈ പ്രചാരണത്തെ മാറ്റങ്ങൾ നേരിട്ടറിഞ്ഞ ജനങ്ങൾ അവജ്ഞയോടെ തള്ളിക്കളയുന്ന കാര്യത്തിലും സംശയമില്ല.

കോഴിക്കോട് ഒരു മഹാനഗരമായി മാറ്റുന്നതോടുകൂടി നഗരത്തിലെ ബഹുമുഖ വികസനം ലക്ഷ്യം വെച്ചുകൊണ്ട് അടുത്ത പത്തുവർഷത്തേക്കു വേണ്ടി 4000 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സജീവമായ ചർച്ചയിലാണ്.

കോഴിക്കോട് നഗരം ഇന്ന് ദേശീയ നിലവാരത്തിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. നഗരത്തിന്റെ മുഖഛായതന്നെ ആകെമാറിയിരിക്കുന്നു.

കോഴിക്കോട് നഗരവാസികളുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു കാലത്തുമില്ലാത്ത വിധം വികസന പദ്ധതികളാണ് കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. 55 വാർഡുകളിലും നഗരഹൃദയത്തിൽ പ്രത്യേകിച്ചും നടത്തിയ വികസന പ്രവർത്തനങ്ങൾ രാഷ്ട്രീയ തിമിരം ബാധിച്ചവർക്കല്ലാതെ എല്ലാവർക്കും ബോധ്യമാണ്.

ജനങ്ങളുടെ അതിരറ്റ സഹായവും പിന്തുണയുമാണ് ഇതിന് പ്രാപ്തമാക്കിയത്. സ്വന്തം അനുഭവം വിലയിരുത്തിയും നേരിന്റെ കാഴ്ചകൾ കണ്ടും തുടർന്നും എല്ലാവരുടേയും പിന്തുണയും സഹായ സഹകരണവും നമ്മുടെ നഗരത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**എം. ഭാസ്ക്കരൻ**
മേയർ

**കവിത**

**ഹരീഷ് കൊമ്മേരി**




# എന്റെ മാനസപറവക്കായ്

ഇന്നെന്റെ മനസ്സിൽ അഗാധനീലിമയിൽ
ശാലീനമാം ഒരു പെൺകിളി പറന്നിറങ്ങി.
ആ പറവതൻ ചുണ്ടിലെ തുളസീദളം നുകരുന്ന
മറ്റൊരാൺ പക്ഷിയാകുവാൻ ഞാൻ കൊതിച്ചു.
എന്തേ നിൻ നീർമിഴികൾ ഈറനണിഞ്ഞീടുന്നു.
എന്തേ വിതുമ്പുന്നു നിൻ ചുണ്ടുകൾ.
കാതരമാം നിനക്ക് കഥകളേറെയുണ്ടെങ്കിലെൻ
ഹൃത്തടത്താളിൽ ഞാൻ ചേർത്തുവെക്കാം.
പെട്ടന്ന് ഒരു മാത്ര ആയിരം ഇതളുള്ള
പൂക്കളെ ചുംബിച്ചുകൊണ്ടാകിളിപോയ്
പോകരുതെ എൻമോഹ പക്ഷിയേ നീ എങ്ങും
എന്നോടൊരു വാക്കുമുരിയാടാതെ നീ പോയീടല്ലെ.
എൻ മോഹശലഭങ്ങൾ നിൻ അധരതേൻ നുകരാൻ
മോഹിക്കുമീ നിമിഷം എത്രധന്യം.
ആൺതുണയില്ലാത്ത ശാലീനമേ നീ എന്നുമെൻ
അകകോണിൽ മായാതെ മറയാതെ നിന്നീടുമോ?
തിരിച്ചുവരവില്ലാത്ത യാത്രക്കൊരുങ്ങുവാൻ
എന്തേ കൊതിക്കുന്നു നിൻ മാനസം
നിൻ മനമാകും മൺചെരാതിൽ തെളിയുന്ന
ദീപമാവാൻ ഒരുവേള ഞാൻ കൊതിച്ചുപോയീ
നിൻ കണങ്കാലിൽ മയങ്ങിക്കിടക്കുന്ന
പൊൻ കൊലുസിൻ സ്വരം കേൾക്കുവാനായ്
ഈ ഇടവഴിയിൽ എന്നും ഞാൻ കാത്തുനിൽക്കും സഖീ
പിൻതിരിഞ്ഞിടാതെ നീ എൻകരം ഗ്രഹിച്ചീടണെ
വരുംജന്മമെങ്കിലും നിൻ മുടിത്തുമ്പിലെ
ഒരു ചെറുപുഷ്പമായ് ഞാന് മാറിയെങ്കിൽ
സഫലമായീടുമെൻ ജീവിതം എന്നുമെൻ
മാനസശാലീനസൗന്ദര്യമേ.

കഥ

**എം.എസ്. കുമാർ**





# കണ്ടങ്കാളി ദൈവം!

മകരമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച ദിവസമാണ് കണ്ടങ്കാളിയുടെ ദൈവം തുള്ളൽ. വീട്ടുവളപ്പിന്റെ തെക്കുപടിഞ്ഞാറെ മൂലയ്ക്കുള്ള വയസ്സൻ കുങ്കുമ മരത്തിന്റെ ചുവട്ടിലാണ് ദൈവങ്ങളെ കുടിവെച്ചിരിക്കുന്നത്. നടുവിൽ വീതിയുള്ള ഒരു കരിങ്കല്ല് അതിനു മുകളിൽ ചില ആകൃതികൾ കോറിവെച്ചിട്ടുണ്ട്. കണ്ണ്, മൂക്ക്, കോമ്പല്ലുകൾ എന്നിവ. അത് പ്രധാന ദൈവത്തിന്റെ പ്രതിഷ്ഠയാണ്.

ദൈവത്തിന്റെ ഇടത്തും വലത്തുമായി ഏതാനും പ്രതിഷ്ഠകൾ കൂടിയുണ്ട്. പറാക്കുട്ടി, കരിങ്കുട്ടി, മലമുത്തി, കുന്നത്തു മൂത്താർ എന്നീ പ്രതിഷ്ഠകളാണവ. കുന്നത്തു മൂത്താര് മറ്റു ദൈവങ്ങളിൽ നിന്നൽപം അകന്നാണ് ഇരിക്കുന്നത്. ഒരുയർന്ന ജാതിക്കാരനാണ് മുത്താർ. പണ്ട്, കുന്നുകളുടേയും പരിസര നാട്ടുപ്രദേശത്തിന്റേയും അധിപനായിരുന്നു മൂത്തനായർ. അദ്ദേഹം മരിച്ചിട്ടും ഈ പ്രദേശം വിട്ടുപോവാൻ തയ്യാറായില്ല.

കണ്ടങ്കാളി കുടുംബക്കാർ തലമുറകളായങ്ങനെ വിശ്വസിച്ചുപോരുന്നു.

എല്ലാ ദിവസവും ദൈവങ്ങൾക്കുനേരെ വിളക്കുകൊളുത്തിക്കാട്ടണം. ചൊവ്വാഴ്ച, വെള്ളിയാഴ്ച ദിവസങ്ങളിൽ പെണ്ണുങ്ങൾ കുളിച്ച് ശുദ്ധം മാറാതെ നിലവിളക്കുകൊളുത്തിക്കാട്ടി ഓരോ തിരി ദൈവങ്ങൾക്കുമുമ്പിൽ വെച്ചിരിക്കണം.

എല്ലാവിധ ആപത്തുകളിൽ നിന്നും പരമ്പരകളായി കുടുംബത്തെ രക്ഷിക്കുന്നത് ഈ ദൈവങ്ങളാണെന്ന് കണ്ടങ്കാളി വിശ്വസിക്കുന്നു. കണ്ടങ്കാളിയ്ക്കും ഭാര്യ കാളിയ്ക്കും അതുകൊണ്ടുതന്നെ പറയത്തക്ക അസുഖങ്ങളൊന്നുമുണ്ടാകാറില്ല.

നാടെങ്ങും ഡങ്കിപ്പനിയും ചിക്കുൻഗുനിയയും മാറിമാറി വന്നിട്ടും കണ്ടങ്കാളിയുടെ പുരയുടെ ചുറ്റുവട്ടത്തൊന്നുമെത്തിനോക്കിയിട്ടില്ല.

അടുത്ത പ്രദേശങ്ങളിലെവിടെയെങ്കിലും അസുഖങ്ങളുണ്ടെന്നു കേട്ടാൽ കണ്ടങ്കാളി ദൈവങ്ങൾക്കു മുമ്പിൽ ഉറഞ്ഞുതുള്ളിയെത്തും. തൈവങ്ങളേ, അടിയങ്കളെപ്പോളെങ്കിലും ഇങ്ങടെ ഊട്ടും പൂശേം മൊടക്കീട്ടൊണ്ടോ? ഉണ്ടെങ്കി അട്യേങ്കളെ ശിച്ചിച്ചോളീൻ. ഈ തൈവങ്ങളീവിടെ ഉള്ളടത്തോളം കാലം അട്യേങ്കളെ രച്ചിച്ചോളൂണ്ടു. രാവും പകലും കാക്കണെ വേണം.

അല്ലെ? കാള്യേ.

കണ്ടങ്കാളി കൽപനയായി ചോദിക്കും.

അതന്നെ തൈവം! അതന്നെ തൈവം!!

കാളി അനുസരിക്കും. ആ വക കാര്യങ്ങളിൽ കണ്ടങ്കാളിയും കാളിയും ഒരേ അഭിപ്രായക്കാരാണ്.

കൊയ്ത്തുപണി കഴിഞ്ഞ് വൈകുന്നേരം നെല്ലുപണവും ഷാപ്പിൽ ചിലവാക്കിയിട്ട് പാട്ടുംപാടി കാലുറക്കാതെ പുരയിൽ വന്നുകേറുന്ന ദിവസമാണെങ്കിൽ രണ്ടുപേരും കുറച്ചു തെറ്റിയെന്നിരിക്കും.

ഞങ്കടേ തമ്പ്രാണ്ടീ കുഞ്ഞുണ്ണിത്തമ്പ്രാൻ

തമ്പ്രാന്റെ വല്ലീം നെല്ലും

തേവനാണ്ടീ നമ്പട തേവനാണ്ടീ.

നാലുകാലിൽ കയറിവന്ന് പുരയുടെ തൂണും പിടിച്ചു നിവർന്നു നിൽക്കാൻ ശ്രമിയ്ക്കുന്ന കണ്ടങ്കാളിയെ ഒന്നു ഏറുകണ്ണിട്ടുനോക്കി കാളി പിറുപിറുക്കും...

ഇന്നു ദൈവം തലയ്ക്കോട്ടു കേറീതാണ്. ഇനി നേരംപുലരും ഒന്നി

റങ്ങിക്കിട്ടാൻ.

കാളിയുടെ നോട്ടവും ഭാവവും പന്തിയല്ലെന്നു തോന്നിയ കണ്ടങ്കാളിയുടെ മട്ടുമാറും.

എന്താണ്ടീ നീ വല്ല വെട്ടുപോത്തും നോക്കണപോലെ. നെന്റെ തന്തമൊതലും ഞാനെടുത്തു നശിപ്പിച്ചിട്ടുണ്ടോ. ഈ തടി ന്റെ കുഞ്ഞുണ്ണിത്തമ്പുരാന്റ്യാ. തമ്പുരാന്റെ കൂലീം നെല്ലും ഏന് അനുഭവിക്കാന് ള്ളതാ.

"അന്ഭവിച്ചോ. അതിനിവിടെ വന്ന് തൊള്ളേംവിളീം കൂട്ടണതെന്തിനാ? ആ ഷാപ്പീത്തന്നെ കെടന്നാപോരാര്ന്നോ."

കണ്ടങ്കാളിക്ക് ശുണ്ഠി ഇരട്ടിയായി. കൈയിലെ തുണിക്കെട്ടു നിലത്തെറിഞ്ഞു ആക്രോശിച്ചു. "ഷാപ്പ് അന്റെ തന്തടവകയാണോടീ..."

കാളിയ്ക്കും അത്യാവശ്യം ദേഷ്യംവന്നു.

മതിമതി തന്തയ്ക്കുവിളിച്ചത്, ന്റെ തന്ത ചത്തീട്ട് പത്തു കൊല്ലായിന്ന ര്യോ കുറ്റം പറഞ്ഞാ പ്രേതംവരും.

"ഹായീ-

ഒരു പ്രത്യേകശബ്ദത്തിൽ കണ്ടങ്കാളി, കാളിയെ പരിഹസിക്കും. എന്നിട്ടാക്രോശിയ്ക്കും.

"ഒരു ചബ്ട്ടങ്ങ് തന്നാല്ണ്ടല്ലോ!" അയാൾ വലതുകാൽ ഉയർത്തി വീശും. സ്വയം വീഴാൻ തുടങ്ങുമ്പോൾ കാളി താങ്ങും.

ഈ പണ്ടാറം എവിടേങ്കിലും കൂച്ചുമറിഞ്ഞ് വീണ്ചാവും. കാളി പ്രാകിക്കൊണ്ട് കണ്ടങ്കാളിയെ പിടിച്ചെഴുന്നേൽപിക്കും. പാതിരവരെ പുലഭ്യം പറഞ്ഞുകൊണ്ടിരിക്കും.

ഒന്നുമറിയാത്തപോലെ കാലത്ത് നേരത്തെ എഴുന്നേറ്റ് തൊടിയിലും മുറ്റത്തും ഓടിനടക്കും. തേങ്ങ പെറുക്കിക്കൂട്ടും. വാഴകളും പച്ചക്കറികളും ശുശ്രൂഷിക്കും. മുറ്റം തൂത്തുവാരാൻ കാളിയെ സഹായിക്കും.

കാളി കൗതുകത്തോടെ നോക്കി നിൽക്കും. ആത്മഗതമെന്നോണം പറയും.

ങ്ഹും ഇന്നലെ എന്തൊക്കെ കാട്ടിക്കൂട്ടിയ മനുഷ്യനാണിത്! ആ ആളാണിതെന്നേ തോന്നൂല്യാ!

കണ്ടങ്കാളിക്ക് എന്തോ സംശയം തോന്നി. തലയുയർത്തി പറഞ്ഞു.

എന്താടീ നോക്കിനിക്കണ്. ആ കന്നുകുട്ടിക്കിത്തിരി വെള്ളം കാട്ടി പയ്യിനെ കറക്കാൻ നോക്കടീ. എന്റെ ചന്തം കാണ്വാ ഓള് വെളിച്ചാമ്പൊ!

കാളിക്കതു തമാശയായി. "ഓ, ഇങ്ങനെ കാണാള്ള ഒരു കുന്തം!" അവൾ അടുക്കളയിലേക്കു പോയി. കഞ്ഞിവെള്ളെ ചൂടാക്കി പശു കുട്ടിക്കും പശുവിനും കൊടുക്കണം. വയറിത്തിരി നിറഞ്ഞേ കറന്നുതീരും വരെ അവ ശാന്തരായി നിൽക്കുള്ളൂ.

കണ്ടങ്കാളി മുറ്റത്തിനു നാലുപാടും ചെത്തിക്കോരി. അരികുകളിൽ കിളിർത്ത പുൽക്കൊടികൾ പറിച്ചുമാറ്റി. മകരച്ചൊവ്വയാണ് വരുന്നത്. മുറ്റം വൃത്തിയാക്കി ചാണകം മെഴുകണം. മക്കളും മരുമക്കളുമൊക്കെ വരും. അവർക്കു കളിക്കാനും ഓടി നടക്കാനും വൃത്തിയുള്ള സ്ഥലം വേണം.

ഓണത്തിനേക്കാൾ നല്ല സദ്യയുണ്ടാക്കണം. ഓണം മഴമൂലം ചീഞ്ഞളിഞ്ഞു വൃത്തികേടായി. തൊടിയിലെ നാലുകുല നേന്ത്ര മൂക്കാതെ അടിയിൽ ഓരു വെള്ളം നിന്നതിനാൽ വെറുങ്ങലിച്ചുനിന്നു.

ഒരു നല്ല കുല മകരച്ചൊവ്വക്കു കിട്ടും. നല്ല സദ്യ കഴിഞ്ഞ് വട്ടോള്ളിക്കാവിലെ താലപ്പൊലിക്കു പേരക്കുട്ടികളുമൊത്തു പോകാം. അടുത്തുള്ളവർക്കായി ഷാപ്പിൽ വെള്ളംകൂട്ടാത്ത കരിമ്പനക്കള്ള് നാരായണൻ ചേനാറോടു പറഞ്ഞേൽപിക്കണം. കണ്ടങ്കാളി പറഞ്ഞേൽപിച്ചിട്ടില്ലെങ്കിലും നാരായണനറിയാം കണ്ടങ്കാളി വരാതിരിക്കില്ലെന്ന്!!!

നല്ല പുളിച്ച കള്ള് അകത്ത് ചെന്നാലാണ് കണ്ടങ്കാളിയുടെ പാട്ടു പുറത്തുചാടുന്നത്. ചവിട്ടുകളി പാട്ടിന്നു പുറമെ അപ്പപ്പോൾ കെട്ടിയുണ്ടാക്കുന്ന ദ്രുതകവിതകളുമുണ്ട് കണ്ടങ്കാളിയുടെ കൈയിൽ. കരിമ്പനതലയ്ക്കു പിടിച്ചെന്നു തോന്നിയാൽ അൽപനേരം കുനിഞ്ഞിരുന്ന് കണ്ടങ്കാളി മൂളും. ഉംഉം..ഉം..ഊം.

ഏയ് ആച്ചാനേ ഇന്നിങ്ങനെ മൂളിക്കഴിക്കാനാഭാവം. ഇങ്ങട് പുറത്തു പാടട്ടെ പാട്ട്. തമ്പ്രാന്റെ പാട്ട്.

പാട്ട്ണ്ടെങ്കി പാട് പന്തലിറങ്ങി പാട്.

പാടില്ലെങ്കിൽ പോ പോ.. പോ മടയാ!!

ആരെങ്കിലും തുടങ്ങിവെച്ചാൽ കണ്ടങ്കാളിക്ക് ഉത്തേജനമായി.

ഞങ്കടെ തമ്പിരാൻ കുഞ്ഞുണ്ണിത്തമ്പ്രാൻ

തമ്പിരാൻ തന്ന ചോറ് ഇത് തമ്പ്രാന്റെ ചോര.

അന്നോടും പാടും ഞാന് ആരോടും പാടും ഞാന്.

ഏറെ കളിച്ചാ അന്റെ തന്തോടും പാടും ഞാനേയ്...

പാട്ടു പെരുകി വാക്കേറ്റമായാൽ നാരായണൻ തിരക്കുകൂട്ടും. മതിമതി. ഇനി പോണ വഴിക്ക് പാടി പൊയ്ക്കോളിൻ.

പരിയാനമ്പറ്റ കുഞ്ഞുണ്ണി നമ്പൂതിരിപ്പാടിന്റെ വയൽ പണിക്കാരനായ കണ്ടങ്കാളി ഒരു സംഭവമായിരുന്നു. മദ്യപിച്ചാലും പാടശേഖരങ്ങളിൽ പൊരിഞ്ഞു പണിയെടുക്കുന്ന കണ്ടങ്കാളി ഒന്നും നശിപ്പിച്ചിട്ടില്ല. അഞ്ച് പെൺകുട്ടികളുണ്ട് കണ്ടങ്കാളി കാളി ദമ്പതികൾക്ക്. അവരെല്ലാം ഓരോരോ സ്ഥലത്ത് ഭർത്താക്കളും കുട്ടികളും മക്കളുടെ മക്കളുമായി കഴിയുന്നു. കുറേപ്പേർ ഓണം വിഷു തിരുവാതിര ദിവസങ്ങളിലും ചിലർ ദേശപ്പൂരത്തിന്നും വരും.

ഇക്കുറി മകരച്ചൊവ്വ പൊടിപൊടിയ്ക്കണം എന്നും കണ്ടങ്കാളി പറയും. കാളി പ്രതികരിക്കും.

ഇത് എന്നുംങ്ങനെ പറഞ്ഞുനടക്കണോ. അങ്ങട് ചീതാപോരേ? വെള്ളംകുടീടെ കാര്യാ സദ്യേടെ കാര്യാണോ ങ്ങട് മനസ്സില്?

"രണ്ടും ഉണ്ട്ന്ന് കൂട്ടിക്കോ!"

നാലു മുഴുത്ത പൂവൻകോഴികളെ അതിന്നായി നിർത്തിയിട്ടുണ്ട്. സദ്യയ്ക്കുള്ള അരി നേരത്തെ തയ്യാറാക്കിയിട്ടുണ്ട്. മത്തങ്ങ പയറ്, ചേന, നേന്ത്രക്കായ എല്ലാം തൊടിയിലുണ്ടാക്കിയതുണ്ട്. കുറച്ച് ആട്ടിറച്ചി മാത്രമെ വാങ്ങേണ്ടതുള്ളു.

മകരമാസത്തിലെ ചൊവ്വാഴ്ച ദിവസം. വട്ടോള്ളിക്കാവിൽ നിന്ന് വെടിമുഴങ്ങുന്നതിന്നു മുമ്പ് കണ്ടങ്കാളി എഴുന്നേറ്റു. മൂത്തമകൾ പാഞ്ചാലി ചുണ്ടമ്പറ്റയിൽ നിന്ന് തലേദിവസം തന്നെ എത്തി. രാത്രി സഹായിക്കാൻ അയാളുടെ രണ്ടുപെൺമക്കളും വന്നിരുന്നു. കാളൻ ഓലൻ, അവിയൽ, സാമ്പാറ്, ഉപ്പിലിട്ട ഇനങ്ങൾ, ചേന, നേന്ത്രക്കായ വറവുകൾ.

പാചകസുഗന്ധം പരിസരമാകെ

പരന്നു. കണ്ടങ്കാളിയുടെ വെളിച്ചപ്പാടു കാണാൻ പരിസരവാസികൾക്കെല്ലാം ഉത്സാഹമാണ്. പറ്റിയാൽ വിഭവങ്ങൾ കൂട്ടിയ ഒരൂണ് തരമായാൽ നന്ന്.

നേരം പതിനൊന്നുമണിയായി. വിരുന്നുകാർ വന്നുതുടങ്ങി. കുങ്കുമച്ചുവട് ചെത്തിക്കോരി അവിലും മലരും ചെത്തി-തുളസിപ്പൂക്കളും വിഗ്രഹങ്ങൽക്കരികിലൊതുക്കിയിട്ടുണ്ട്. കണ്ടങ്കാളി കുളിച്ചുവന്ന് പൂജ കഴിച്ച് വെളിച്ചപ്പെട്ടു തുള്ളി കൽപനയും കഴിഞ്ഞേ ഭക്ഷണമാകാവൂ.

പതിനൊന്നു മണി കഴിഞ്ഞപ്പോൾ പാഞ്ചാലി വിളിച്ചു പറഞ്ഞു.

അയ്യോ നേരം മൂക്ക്ണ്.. വേം പോയി കുളിച്ച് കെട്ടിച്ചിറ്റി വരീം...

കണ്ടങ്കാളി വരട്ടിയ കോഴിയിറച്ചി തീയണച്ച് വാഴയില കൊണ്ടു മൂടി ധൃതിയിൽ പുറത്തുകടന്നു. പട്ടും ചിലമ്പും അരമണിയും തുവർത്തിൽ പൊതിഞ്ഞു കൈയിൽ പിടിച്ചു. ഭാരതപ്പുഴയിൽ മുക്കി ശുദ്ധം വരുത്തണം.

പാടവരമ്പിലേക്കിറങ്ങവേ വരിവരിയായി നടന്നുവരുന്ന വിരുന്നുകാർ. കണ്ടങ്കാളി ഓരോരുത്തരേയും തിരിച്ചറിയാൻ ശ്രമിച്ചു. മക്കൾ, മരുമക്കൾ, പിന്നെ കണ്ടു പരിചയമില്ലാത്ത ഒരുപാടു പേർ.

രണ്ടാമത്തെ മകൾ ശാരദ പറഞ്ഞു "അച്ചേ ഇത് ഏട്ടന്റെ അമ്മായ്പ്പനും അള്യേനുമാ. അച്ചടെ വെളിച്ചപ്പെടലും. കൽപനേം കേക്കാനാ.

ഇത് മാമന്റെ അമ്മായീം അമ്മായീടെ മക്കളും അവരുടെ മക്കളും പേരക്കുട്ടികളും.

ഇതു പിന്നെ.

കണ്ടങ്കാളിക്ക് ക്ഷമകെട്ടു. ഇവരൊക്കെ എവിടെ ഇരിക്കും...

ധൃതിയിൽ പുഴക്കടവിലെത്തി കുളിയും കുറിയും ക്ഷണേന കഴിച്ചു.

പട്ടുചുറ്റി. അരമണി ചുറ്റിക്കെട്ടി. വാളും ചിലമ്പും കൈയിൽ പിടിച്ച് തിരിഞ്ഞു നടന്നു.

പാടത്തിൽ കരയിലെത്തിയപ്പോൾ ഷാപ്പിലേക്കു നോക്കി. ഒന്നുരണ്ടു പരിചയക്കാർ ആശാനെ വിളിച്ചു.

"ആശാനെ ഇന്ന് മകരച്ചൊവ്വയല്ലേ... പാട്ടും കളിയും വേണ്ടേ...

പാട്ടുംകളിയുമൊക്കെ വട്ടോളിപ്പറമ്പില് വെച്ചുകണ്ടോ

പാട്ട്ലോ കളിയിലോ മുട്ടിയ്ക്കാൻ പറ്റ്ണോറ് വന്നോളിൻ.

ആശാൻ തുള്ളാൻപുവ്വല്ലെ ഒരു തുള്ളി ശുദ്ധകള്ള് മോന്തിപ്പോവിൻ.

ഇത് വരാല് ഷാപ്പിലെയല്ല വെള്ളംകൂടാത്തതെങ്ങാ പുളികേറീട്ട്ല്യ.

ഇപ്പ വേണ്ടളിയാ. കണ്ടങ്കാളി നിഷേധിച്ചു. കൂട്ടുകാർ വിട്ടില്ല. ചവിട്ടുകളിയിലെ സഹപാട്ടുകാരനായ പരമു നിർബ്ബന്ധിച്ചു.

നല്ലൊരു ദിവസല്ലെ ആശാനെ മുക്കിയെടുത്തത് കളയരുത്.

ഊഊ-ഉം! കണ്ടങ്കാളി മൂളി. കുട്ടിപ്പാനിയിലെ കള്ള് ഒറ്റയിൽ അകത്താക്കി. ഒന്നു കണ്ഠമുരമ്പി. വീണ്ടും മൂളി.

ഉം...

ഒരു കുട്ടിപ്പാനി കൂടെ- പാച്ചു പറഞ്ഞു.

"അയ്യെ... വേണ്ട വേണ്ട. നേരം വൈകി.

ഏയ് നിർബന്ധിക്കണ്ടടോ. നേരം പത്തുമണിയേ ആയിട്ടൊള്ളു. ആശാനിപ്പൊ പഴേമാതിരിയൊന്നും വയ്യ. പ്രായായില്ലേ!

കൂട്ടുകാർ ചിരിച്ചു. ആശാന് ആ ചെറുതാക്കൽ ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ചോദിച്ചു.

ആർക്കാടാ പ്രായം! ഹും! കൊണ്ടുവാ. കണ്ടങ്കാളി നീട്ടിയ കൈയിൽ ഒരു കുട്ടിപ്പാനികൂടി വന്നു. ഒറ്റവലയ്ക്കു തീർത്തപ്പോൾ വീണ്ടും വന്നു. ഒന്നുകൂടി ചെലുത്തിയപ്പോൾ തലയ്ക്കൊരു പെരുപ്പം.

ഹൂം... ഹ്ഹ് ഹും.

കണ്ടങ്കാളി ഉറഞ്ഞുതുള്ളി ഓടി. വഴിയിൽ തട്ടിത്തടഞ്ഞുവീണു. ഉരുണ്ടുപിരണ്ടെഴുന്നേറ്റ്

നടത്തവും ഓട്ടവുമായി കണ്ടങ്കാളി വീട്ടുമുറ്റത്തെത്തി. വിരുന്നുകാർ കൈകഴുകുന്നു. ഊണു കഴിഞ്ഞവർ യാത്രപറഞ്ഞു പോകുന്നു. മുറ്റത്തിന്നുചുറ്റും എച്ചിലിലകൾ. അച്ഛനെ കാത്തുമുഷിഞ്ഞ മക്കളും മരുമക്കളും വിരുന്നുകാരും സ്വയം വിളമ്പുകാരും കഴിയ്ക്കുന്നവരുമായി ചോറ്റുകലത്തിലെ അവസാന വറ്റും തീർന്ന കാളി നടുനിവർത്തി.

കണ്ടങ്കാളി ദൈവങ്ങൾക്കു മുന്നിൽ നൃത്തം ചെയ്തു. കലിതുള്ളി മുറ്റത്തേയ്ക്കു ചാടിവന്നു.

ങ്ഹും ങ്ഹും ഹിയ്യേ്യ... വെളിച്ചപ്പാട് കലിതുള്ളി. വാളുകൊണ്ടു തലയ്ക്കു വെട്ടി.

എവിടെ കാളി. ഇറങ്ങിവാ. കല്പന നടത്തട്ടെ. ഹിയ്യേ്യ...

കണ്ടങ്കാളി ദൈവം ഉറഞ്ഞാടി. കാളി ഭവ്യതയോടെ ഇറങ്ങിവന്നു. കോമരത്തിന്നു മുന്നിൽ കൽപന കേൾക്കാൻ കൈകെട്ടിനിന്നു. കോമരംകൽപന തുടങ്ങി.

''ഹിയ്യേ... ഹ്ഹും.. കാളി തെണ്ടിയ്ക്കാനും ഹ്ഹ്... കണ്ണിക്കണ്ടോര് തിന്നാനും അല്ലേ? കാള്യേ...? ങ്ഹ് ഹ്ഏ? ഏ?


അതന്നെ തൈവേ! അതന്നെ തൈവേ... തന്നെതന്നെ!! കാളി കൽപന ഉൾക്കൊണ്ടു... കണ്ടങ്കാളി ആവർത്തിച്ചു.

ഹിയ്യേ്യ-ഹ്ഹൂം.. ■

കവിത

## ചിത്രശലഭങ്ങൾ


ശ്രീശരണ്യ
നെന്മാറ
പാലക്കാട്



ഭൂലോക പെയിന്റിങ്ങ് ലേഡികളേ- നിങ്ങൾ
പൂക്കളേക്കാൾ ചന്തമല്ലോ!
മേനിതന്നിൽ മഴവില്ലു പതിച്ചതുപോലെ
ദൈവം തന്ന ചെറു കരവിരുതിൽ നീ തൻ
മുത്തായ് ശംഖായ് മൊട്ടായ് പൂവായ് വിരിഞ്ഞതിൽ
അതിസന്തോഷത്തിൽ ഞങ്ങൾ കുട്ടികൾ
കൈയിൽ പറ്റാൻ മോഹമുണരുമ്പോൾ
മാഞ്ഞുപറന്നുപോയതെന്തിന്?

ഓർമ

ഭാസി മലാപ്പറമ്പ്





# മലാപ്പറമ്പിന്റെ മണ്ണിൽ നാടകം പൂത്ത കാലം

**1950** കളുടെ അവസാനത്തിലും '60കളുടെ ആദ്യത്തിലും എന്റെ നാട്, മലാപ്പറമ്പ്, അയൽപ്രദേശങ്ങളുടെയെല്ലാം സാംസ്കാരിക കേന്ദ്രമായി അറിയപ്പെട്ടു. നവയുഗ കലാസമിതിയും ദേശോദ്ധാരിണി വായനശാലാ കലാവിഭാഗവും ഇപ്പോൾ മലാപ്പറമ്പ് ഹൗസിങ്ങ് ബോർഡ് കോളനി-പ്രശാന്തിപുരം-നിൽക്കുന്ന സ്ഥലത്തെ വിശാലമായ പറമ്പിൽ കെട്ടിയുയർത്തുന്ന താൽക്കാലിക സ്റ്റേജിൽ അവതരിപ്പിച്ച നാടകങ്ങൾ കാണാൻ അയൽ സ്ഥലങ്ങളിൽനിന്നുപോലും കുട്ടികളും പ്രായമുള്ളവരുമടങ്ങുന്ന വൻ സദസ്സ് വന്നെത്തുമായിരുന്നു.

വയനാട് റോഡിൽ മൂലംപള്ളി മുതൽ ചേവായൂർ പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന കാഞ്ഞിരത്തിങ്കൽ വരെ മൂന്നു കി.മീ. ദുരത്തെ പ്രധാന അങ്ങാടി അന്ന് മലാപ്പറമ്പ് ആയിരുന്നു. പാറോപ്പടിയ്ക്കും, മലാപ്പറമ്പ് അങ്ങാടിയ്ക്കും മദ്ധ്യേ ഇപ്പോൾ ഹൗസിങ്ങ്ബോർഡ് കോളനി സ്ഥിതിചെയ്യുന്ന ആറാം കി.മീ.ൽ ഒരു മാളിക മുകളിൽ പ്രവർത്തിച്ചിരുന്ന നവയുഗ കലാസമിതിയാണ് ഈ പ്രദേശങ്ങളിലെ ഏറ്റവും മികച്ച കലാസംഘടന. തെക്ക് ചേവരമ്പലം, വടക്കു കരിക്കാങ്കുളം, കണ്ണാടിക്കൽ എന്നീ സ്ഥലങ്ങളുടെയെല്ലാം ബൗദ്ധിക കേന്ദ്രമായിട്ടാണ് നവയുഗ കലാസമിതിയേയും ദേശോദ്ധാരിണി വായനശാലയേയും പ്രദേശത്തുകാരെല്ലാം കരുതിപ്പോന്നത്.

മലാപ്പറമ്പും മേൽ പ്രസ്താവിച്ച സ്ഥലങ്ങളുമെല്ലാം ഇപ്പോൾ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളാണ്. എന്നാൽ 1950-കളിലും '60കളിലും വിശാലമായ പറമ്പുകളിൽ ഓരോ വീടുകൾ മാത്രമാണ് ഉണ്ടായിരുന്നത്. കൂട്ടുകുടുംബ വ്യവസ്ഥയായിരുന്നു അക്കാലത്തെ സമ്പ്രദായം. വീടുകളുടെ എണ്ണം കുറവായിരുന്നു; ഒഴിഞ്ഞ സ്ഥലങ്ങളും പറമ്പുകളും ധാരാളവും.

മലാപ്പറമ്പിന്ന് തൊട്ടടുത്ത സുഹൃത് സമിതി ലൈബ്രറിയും - ഇപ്പോൾ സി.സി. സ്മാരക വായനശാല-പറമ്പിൽ ബസാറിലെ പ്രഭാതം വായനശാലയുമായിരുന്നു അയൽ സ്ഥലങ്ങളിലെ പ്രധാന വായനശാലകൾ. ദേശോദ്ധാരിണി വായനശാല സ്ഥാപിക്കപ്പെട്ടപ്പോൾ അതിന്നു പ്രമുഖസ്ഥാനം ലഭിച്ചു. കോൺഗ്രസ്സുകാരും, കമ്യൂണിസ്റ്റുകാരും, സോഷ്യലിസ്റ്റുകാരും ഒത്തുചേർന്നുള്ള പദ്ധതിയായിട്ടാണ് വായനശാല

നാട്ടിൽ സ്ഥാപിക്കപ്പെട്ടത്. അടുത്തു തന്നെയുള്ള നവയുഗ കലാസമിതി എന്ന സ്ഥലത്തെ കലാസംഘടന പ്രദേശത്തിന് സാംസ്കാരിക പൊലിമ നൽകി.

വായനശാലാ കെട്ടിട നിർമ്മാണത്തിന്നു വേണ്ടി ധനുമാസത്തിലെ (ഡിസംബറിലെ) തിരുവാതിര രാവിൽ വീട്ടുമുറ്റങ്ങളിൽ പൊറാട്ടു നാടകങ്ങൾ അരങ്ങേറി ഫണ്ടു ശേഖരിക്കുവാൻ തീരുമാനിച്ചപ്പോൾ 'നാടക' സംഘത്തിലേക്ക് കൗമാര പ്രായക്കാരനായ എന്നെയും തിരഞ്ഞെടുത്തു. റോഡിലൂടെ നടന്നു പോകുമ്പോൾ കഥാനായകന്റെ സൈക്കിൾ തട്ടി പരിക്കേറ്റു വീഴുന്ന വിദ്യാർത്ഥിയുടെ ഭാഗം. പ്രധാന നടൻ ബാലചന്ദ്ര തിലകൻ എന്ന യുവാവായിരുന്നു. സാമ്പത്തികമായി മുൻപന്തിയിലുള്ള ഒരു കുടുംബത്തിലെ അംഗമായിരുന്നു തിലകൻ. സ്വന്തം രചന നടത്തി ഒരു നാടകം സ്റ്റേജു ചെയ്യുവാൻ ബാലചന്ദ്ര തിലകന് പിന്നീട് കഴിഞ്ഞു. "ഇനിയെന്തു ചെയ്യണം?" എന്നായിരുന്നു നാടകത്തിന്റെ ടൈറ്റിൽ.

തിരുവാതിര നാളിലെ 'പൊറാട്ടു' നാടകങ്ങൾ അക്കാലത്ത് എല്ലാവർക്കും അതീവ ആസ്വാദ്യമായിരുന്നു. പാറക്കാട്ട് രാമൻ എന്ന രാമേട്ടനായിരുന്നു ഇങ്ങിനെയുള്ള പൊറാട്ടു നാടക സംഘങ്ങളിലെ പ്രധാനി. പ്രൊഡ്യൂസറും ഡയറക്ടറുമെല്ലാം രാമേട്ടൻതന്നെ. രാമേട്ടന്റെ നാടകാവതരണം കെങ്കേമമായിരുന്നു. രാജ്യസഞ്ചാരം ചെയ്യുന്ന യുവരാജാവ് ഒരു പൂന്തോട്ടത്തിലെത്തുന്നതും അവിടെവെച്ചു ഒരു പ്രഭുകുമാരിയെ കണ്ട് പ്രണയബദ്ധനാകുന്നതുമായ പൊറാട്ട് രാമേട്ടന്റെ പ്രശസ്ത സംഭാവനയായിരുന്നു. അതിൽ രാജകുമാരനായി അഭിനയിച്ച ഡ്രൈവർ കുമാരൻ 'രാജാപാർട്ട് കുമാരൻ' എന്നാണ് മലാപ്പറമ്പിലും ചുറ്റുപാടും അറിയപ്പെട്ടത്. അദ്ദേഹത്തിന്റെ "പൂങ്കാവിതേതഹോ.." എന്ന പ്രശസ്തഗാനം ഇപ്പോഴും 'നോസ്റ്റാൽജിയ'യോടുകൂടി മാത്രമേ ഓർക്കുവാൻ കഴിയുന്നുള്ളു. ഹാർമോണിയം വായിച്ചുകൊണ്ട് പിന്നണിയിൽ ആ പാട്ട് ഏറ്റുപാടി അന്തരീക്ഷം കൊഴുപ്പി

**1 1**

**ധനുമാസത്തിലെ തിരുവാതിര രാവിൽ വനിതാ സദസ്സുകൾക്കു മുന്നിലെ 'പൊറാട്ടു' നാടകത്തിൽ, സൈക്കിൾ തട്ടി പരിക്കേറ്റ് നടു റോഡിൽ വീണുകിടക്കുന്ന ഒരു വിദ്യാർത്ഥിയായി അഭിനയിച്ചു കൊണ്ട് ആരംഭിച്ച നാടകപ്രേമം ചെറുകാടിന്റേയും എസ്.എൽ. പുരത്തിന്റേയും തിക്കോടിയന്റേയും പ്രശസ്ത നാടകങ്ങളിൽ പ്രധാന ഭാഗങ്ങൾ അഭിനയിക്കുവാൻ പിന്നീട് എനിയ്ക്ക് അവസരം നൽകി. 1956–57ൽ കെ.ടി.യുടെ ഇതു ഭൂമിയാണ്, കറവറ്റ പശു എന്നീ നാടകങ്ങൾ മലാപ്പറമ്പ്, പാറോപ്പടി പ്രദേശങ്ങളിൽ അഭിനയിച്ചപ്പോൾ ഈ കൊച്ചു ഫുട്ബോളർ എന്തിനു മതത്തെ അപഹസിക്കുന്ന നാടകങ്ങൾ കളിക്കാൻ പോകുന്നു എന്ന പരാതിയും ഉണ്ടായി. വായനയിൽ നിന്നുണ്ടായ സാഹിത്യ പ്രേമം കുറെ 'തുടരൻ' നോവൽ രചനയിലേക്കും കുട്ടിക്കാലത്ത് കൊയ്ത്തു കഴിഞ്ഞ നെൽപ്പാടങ്ങളിൽ പന്തു തട്ടി കിട്ടിയ ഫുട്ബോൾ പ്രേമം തെക്കെ ഇന്ത്യയിൽ ഏതാണ്ടെല്ലാ നഗരങ്ങളിലും അക്കാലങ്ങളിൽ അരങ്ങേറിയ അഖിലേന്ത്യാ ടൂർണ്ണമെന്റുകളിലെ വാശിയേറിയ പോരാട്ടങ്ങളിലേക്കും എന്നെ കൊണ്ടുപോയപ്പോൾ യുവത്വം 'ആഘോഷ'മാക്കി മാറ്റിയ ഞാൻ, നാടകാഭിനയം നാട്ടിലെ സ്റ്റേജുകളിൽ അവസാനിപ്പിച്ചു. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ നാടകങ്ങൾ എന്റെനാടിന്റെ സാസംകാരിക സ്രോതസ്സുകളായിരുന്നു എന്ന് തിരിച്ചറിയുന്നു.**

**1 1**

ച്ചത് 'ഉണ്ണിപ്പെരുവാശാൻ' എന്ന് ഞങ്ങൾ കുട്ടികളും നാട്ടുകാരും ബഹുമാനത്തോടെ വിളിച്ച ഉണ്ണിപ്പെരുവൻ എന്ന ഇരുമ്പു പണിക്കാരനായിരുന്നു. നാടിന്റെ അഭിമാനമായിരുന്നു ഉണ്ണിപ്പെരുവാശാൻ. അദ്ദേഹത്തിന്റെ ഗാനങ്ങളും ഹാർമോണിയ വായനയും അയൽ പ്രദേശങ്ങളിലെല്ലാം പ്രശസ്തി നേടിയിരുന്നു.

പൊറാട്ടുനാടകത്തിൽ നിന്ന് സ്റ്റേജ് നാടകത്തിൽ പ്രവേശിക്കുവാൻ കാരണം നവയുഗ കലാസമിതിയാണ്. സി. ഭാസ്കരൻ, സി. രാമുട്ടി എന്നീ കമ്യൂണിസ്റ്റ് സഖാക്കളും എ.വി. ഗോപാലൻ, കെ.പി. മാധവൻ, രാഘവൻ നായർ (മുൻ കാലിക്കറ്റ് കോർപ്പറേഷൻ ജീവനക്കാരൻ), ചെറുകഥാകൃത്തായ വി.പത്മനാഭൻ എന്ന പപ്പുവാശാന് തുടങ്ങിയവരായിരുന്നു പ്രധാന കലാപ്രവർത്തകർ. അവരുടെ കൂടെ ഏറ്റവും പ്രായം കുറഞ്ഞ പ്രവർത്തകനായി ഈയുള്ളവനും രംഗത്തെത്തി. കലാസമിതിയുടെ വാർഷികദിനത്തിൽ അരങ്ങേറുന്ന നാടകമാണ് പ്രധാന കലാപ്രവർത്തനം. നാടകം അരങ്ങേറുവാനുള്ള സ്റ്റേജ് ഒരുക്കുവാൻ വേണ്ട മരപ്പലകകളും മുളകളും മറ്റു സാമഗ്രികളുമെല്ലാം ഞങ്ങൾ തന്നെ ട്രോളിവണ്ടിയിൽ എത്തിക്കുകയും സ്റ്റേജ് സ്വന്തം പ്രയത്നത്താൽ കെട്ടിയുയർത്തുകയുമായിരുന്നു അന്നത്തെ രീതി.

നാടകാഭിനയത്തിന്നും സംവിധാനത്തിന്നും മറ്റുമായി അയൽപ്രദേശങ്ങ

ളിൽ നിന്നുള്ള നടന്മാരുമെത്തും. കൂട്ടായ്മയായിരുന്നു നാടകപ്രവർത്തനത്തിന്റെ ആകർഷണീയത. അങ്ങിനെ ഒന്നിച്ച് അഭിനയിച്ചവരിൽ പ്രമുഖരായിരുന്നു. ടി.കെ. മാധവൻ മാസ്റ്റർ, പി.ടി. ബാപ്പുട്ടി, രാഘവൻ നായർ എന്നിവർ. മൂന്നുപേരും ഇപ്പോൾ ഇല്ല. രാഘവൻ നായരുടേത് അകാലചരമമായിരുന്നു. ടി.കെ. മാധവൻ, പി.ടി. ബാപ്പുട്ടി എന്നിവർ പ്രമുഖ നടന്മാരായി കോഴിക്കോടു നഗരത്തിൽ പിൽക്കാലത്ത് പ്രശസ്തി നേടി.

ഉപദേശ നിർദ്ദേശങ്ങൾ നൽകുവാനും സംവിധാനത്തിൽ ഒരളവുവരെ സഹായിക്കുവാനും ഞങ്ങളോട് സഹകരിച്ചിരുന്നത് ജെ.ഡി.ടി. ഇസ്ലാം ഹൈസ്ക്കൂളിലെ അധ്യാപകൻകൂടിയായിരുന്ന കാനങ്ങോട്ട് സാമി മാസ്റ്റർ ആയിരുന്നു; അതെ, പിൽക്കാലത്ത് കോഴിക്കോട് കോർപ്പറേഷൻ കൗൺസിലറും ഡെപ്യൂട്ടി മേയറുമായ കെ.സാമി മാസ്റ്റർ, ഏടാണ്യേരി ശ്രീധരൻ (കണ്ണാടിക്കൽ), ചന്ദ്രശേഖരൻ (പറമ്പിൽ ബസാർ), കെ.ടി. രവി ചേവരമ്പലം എന്നിവരും നാടകപ്രവർത്തനത്തിൽ ഒന്നിച്ചുണ്ടായിരുന്നു. എസ്.എൽ. പുരത്തിന്റെ പ്രശസ്തമായ ഒരു നാടകത്തിൽ മികച്ച ഭാവാഭിനയം കാഴ്ചവെച്ച ചന്ദ്രശേഖരൻ മാസ്റ്ററുടെ പ്രകടനം ഇപ്പോഴും ഓർക്കുന്നു. അക്കാലത്ത് കോഴിക്കോട് നഗരത്തിൽ അരങ്ങേറിയ ഒരു നാടകോത്സവത്തിൽ മികച്ച് നടനായി തിരഞ്ഞെടുക്കപ്പെട്ട തമാശയും ഇവിടെ അനുസ്മരിക്കാം. ജില്ലാ ഫയർ സർവ്വീസ് വാരത്തോടനുബന്ധിച്ച് ടൗൺ ഹാളിൽ അമേച്വർ നാടകോത്സവം അരങ്ങേറി. ദേശോദ്ധാരിണി വായനശാലാ കലാവിഭാഗം നാടകം അവതരിപ്പിച്ചു: തിക്കോടിയന്റെ 'രാജമാർഗം'. കുടുംബകലഹം ഒതുക്കി തീർക്കുന്ന ഒരു ഫുട്ബോൾ കളിക്കാരന്റെ റോൾ ആയിരുന്നു എനിയ്ക്ക്. യഥാർത്ഥ ഫുട്ബോളറായി കോഴിക്കോട് സ്റ്റേഡിയം ഗ്രൗണ്ടിലും മാനാഞ്ചിറ മൈതാനത്തും, മറ്റു പല സ്ഥലങ്ങളിലും അൽപം തിളങ്ങിനിൽക്കുന്ന സമയത്താണ് നാടകം അരങ്ങേറിയത്. പ്രമുഖ നാടക സംഘങ്ങളൊന്നും തിരിഞ്ഞുനോക്കാത്ത ഒരു കൊച്ചു അമേച്വർ നാടകമത്സരത്തിൽ ആ റോൾ "ഭാവിയുള്ള" നടന്റെ അവാർഡ് എനിയ്ക്ക് സമ്മാനിച്ചു!

മേയർ മഞ്ചുനാഥറാവുവിൽ നിന്നാണ് അവാർഡ് ഏറ്റുവാങ്ങിയതെന്നാണ് ഓർമ്മ. യുവ കളിക്കാരനെന്ന നിലയിൽ നേരിട്ടു പരിചയമുണ്ടായിരുന്ന മേയർ അവാർഡ് സമ്മാനിക്കുമ്പോൾ "അർഹമായ റോൾ തന്നെയായിരുന്നു. അല്ലെ?" എന്ന് പറഞ്ഞു.

ഞങ്ങളുടെ നാടകങ്ങളിൽ നടികളായി രംഗത്തെത്തിയവരിൽ ശ്രീമതിമാർ മെറ്റിൽഡ, സാവിത്രി, പത്മാവതി എന്നിവരായിരുന്നു പ്രധാനികൾ. ഏതാണ്ടെല്ലാ നാടകങ്ങളിലും മെറ്റിൽഡ സ്ഥിരം നടിയായിരുന്നു. ശ്രീമതി വിലാസിനി (പിന്നീട് കുട്ട്യേടത്തി വിലാസിനി) യോടൊപ്പം അഭിനയിക്കാൻ അവസരം ലഭിച്ചത് എരഞ്ഞിപ്പാലത്ത് ഒരു നാടകസമിതി നാടകം ഒരുക്കിയപ്പോഴാണ്. മലാപ്പറമ്പിന്ന് പുറത്തുള്ള ഒരു കലാസംഘത്തിലേക്ക് അതിഥിനടനായി ക്ഷണം കിട്ടുകയായിരുന്നു. ബാലുശ്ശേരിയിലെ ഒരു അധ്യാപകനായിരുന്നു സംവിധായകൻ. എരഞ്ഞിപ്പാലത്തുള്ള ഒരു യുവനടി പ്രധാന റോളിലുണ്ടായിരുന്നു. നാടക റിഹേഴ്സൽ പുരോഗമിച്ചതിനനുസരിച്ച് സംവിധായകന്റെ ചുവടുവെപ്പുകൾക്ക് ആവേശം കൂടുന്നത് എന്റെ ശ്രദ്ധയിൽ പെട്ടുവെങ്കിലും അതിഥി നടനായ എനിയ്ക്ക് അതു ഗൗരവമായി എടുക്കുവാൻ അവകാശമുണ്ടായിരുന്നില്ല, നാടകം സ്റ്റേജിലെത്തുന്നതിന്നു മുമ്പുതന്നെ സംവിധായകനും നടിയും യഥാർത്ഥ ജീവിതത്തിൽ ഒന്നിക്കുവാൻ തീരുമാനിച്ചു!

ശാന്താദേവി എന്ന ശാന്തേടത്തിയെ പരിചയപ്പെട്ടതും ഇവിടെ സ്മരിക്കാം. ഇപ്പോൾ എൻ.ജി.ഓ. ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് മുമ്പ് ഏക്കർ കണക്കിൽ വിസ്തൃതിയുള്ള വിശാലമായ പറമ്പുകളും അതിനു നടുവിൽ ഒരു ബംഗ്ലാവും ഉണ്ടായിരുന്നു. അവിടെ അരങ്ങേറിയ ഒരു കലോത്സവത്തിൽ ശാന്താദേവി കോഴിക്കോട് അബ്ദുൾഖാദറോടൊപ്പം അഭിനയിക്കുവാൻ എത്തി. കോഴിക്കോട് അബ്ദുൾഖാദർ അതിനുമുമ്പുതന്നെ എനിയ്ക്ക് ഏറ്റവും പ്രിയപ്പെട്ട വ്യക്തികളിലൊരാളായിരുന്നു. ഫുട്ബോൾ കളിയുമായി നടന്നിരുന്ന ദേശാഭിമാനിയിലെ പാക്കർ ഭാസ്കരൻ എന്ന എന്റെ ഗുരുതുല്യനായ സുഹൃത്താണ് എന്നെ കോഴിക്കോട് അബ്ദുൾ ഖാദറെ പരിചയപ്പെടുത്തിയത്. ആ പരിചയം ക്രമേണ വളരെ അടുത്ത ബന്ധമായി. അദ്ദേഹം ചിലപ്പോൾ മലാപ്പറമ്പിൽ എത്തുകയും അദ്ദേഹവും ഭാസ്കരനും ഞാനും നവയുഗ കലാസമിതിയിൽ ഒന്നിച്ചു കൂടുകയും ചെയ്യുമായിരുന്നു. അങ്ങിനെയുള്ള ഒരു നാളിലാണ് ശാന്താദേവി അഭിനയിക്കുന്ന നാടകത്തിന് ഞാൻ പോയത്. ശാന്തേടത്തി പിൽക്കാലത്ത് എനിയ്ക്ക് ഒരു ജ്യേഷ്ഠ സഹോദരിയെപ്പോലെയായി.

നവയുഗ കലാസമിതി 'തറവാടിത്തം' അവതരിപ്പിച്ചപ്പോൾ ആ നാടകം ഉദ്ഘാടനം ചെയ്യുവാനെത്തിയത് ചെറുകാട് തന്നെയായിരുന്നു. മറ്റൊരിക്കൽ ഞങ്ങൾ നാടകം അരങ്ങേറുന്നതിനു മുമ്പ് മൈക്കിനു മുന്നിൽ കയറിനിന്ന് ഗാനമാലപിക്കുവാൻ അല്പം ദൂരെയുള്ള ഒരാളെത്തി. മികച്ച ഗായകന്റെ പൊലിമയോടെ പാടിയശേഷം കയ്യിലുള്ള പാട്ടുപുസ്തകത്തിന്റെ കോപ്പികൾ അദ്ദേഹം ആവശ്യമുള്ളവർക്ക് നൽകുകയും ചെയ്തു. ആ വ്യക്തി പിൽക്കാലത്ത് പ്രശസ്ത നടനും സിനിമാതാരവുമായി ഉയർന്നു.
നെല്ലിക്കോട് ഭാസ്ക്കരൻ!


മലാപ്പറമ്പിലും ചുറ്റുപാടും ശോഭവിതറി നിന്ന മുൻകാല നാടകപ്രവർത്തകരുടെ പാരമ്പര്യം ഏറ്റുവാങ്ങി മികച്ച കലാകാരന്മാരായി അംഗീകാരം നേടിയ പലരും പിന്നീടുണ്ടായി- വിജയൻ, രാധാകൃഷ്ണൻ, വിശ്വനാഥൻ, സന്തോഷ് (മാർ) - അങ്ങിനെ കുറെ ചെറുപ്പക്കാർ. സതീഷ് കെ. സതീഷ് കുറച്ചുകാലം മലാപ്പറമ്പിൽ താമസക്കാരനായിരുന്നു! അമേച്വർ സ്റ്റേജ് നാടകങ്ങളിൽ നിന്ന് തെരുവു നാടകങ്ങളിലേക്കും പ്രഫഷണൽ രംഗത്തേക്കും സിനിമയിലേക്കും ഇവരെല്ലാം ഉയർന്നുവന്നപ്പോൾ, എനിയ്ക്ക് ഏറെ സന്തോഷവും കുറെയെല്ലാം അഭിമാനവും തോന്നുകയുണ്ടായി: ഈ പടയണിയെ നയിച്ച ആദ്യകാലസംഘത്തിൽ ഈയുള്ളവനും ഉണ്ടായിരുന്നു എന്ന അഭിമാനം. ■

# കോഴിക്കോട് കോർപ്പറേഷൻ
# നഗരവികസനം വാർഡുകളിലൂടെ

നക്ഷത്രരാജ്യം ന്യൂസ് ലേഖകൻ

## കോർപ്പറേഷൻ 55 വാർഡ് കൗൺസിലർമാർ

**വാർഡ് 1 ശ്രീ. കെ. സുബൈർ**



മത്സ്യതൊഴിലാളികൾ തിങ്ങി പാർക്കുന്ന നിരവധി ചേരികൾ ഉള്ള വാർഡിൽ കഴിഞ്ഞ നാല് വർഷംകൊണ്ട് ഒരു കോടി 45 ലക്ഷം രൂപയിലധികം ചെലവഴിച്ച് 40ൽ അധികം മരാമത്ത് പ്രവർത്തികൾ പൂർത്തികരിച്ചു.

താഴത്തെ പീടികയിൽ താഴം ഫുട്പാത്ത്, മക്കാഞ്ചി മൈതാനം, എടക്കൽ കുന്നുമ്മൽ റോഡ്, കോയ റോഡ്, കുഞ്ഞിരാമൻ കമ്പോണ്ടർ റോഡ്, വടക്കെ വട്ടക്കണ്ടി, പടിഞ്ഞാറെ വട്ടക്കണ്ടി ഇടവഴികൾ, പുതിയാപ്പ കോയറോഡുവരെയുള്ള തീരദേശ റോഡിൽ കുടിവെള്ളത്തിന് മെയിൻ വലിച്ചു.

കോയറോഡ് സ്കൂളിന് 10 ലക്ഷം രൂപ ചെലവിൽ കെട്ടിടവും, 1 ലക്ഷം രൂപ ചെലവിൽ ലൈബ്രറി കെട്ടിടവും സജ്ജീകരിക്കാൻ കഴിഞ്ഞു. പള്ളിക്കണ്ടി പുതിയാപ്പ ചേരിയിൽ 6 പൊതു ടാപ്പുകൾ പുതിയ ലൈറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും സാധിച്ചു.

**വാർഡ്-2 ശ്രീമതി എം. ശ്രീജ**



കോർപ്പറേഷന്റെ കൂട്ടിചേർത്ത പ്രേദശമായ എടക്കാട് വാർഡിൽ വമ്പിച്ച രീതിയിലുള്ള വികസനം കഴിഞ്ഞ നാല് വർഷംകൊണ്ട് ആരംഭിക്കാനും പൂർത്തികരിക്കാനും കഴിഞ്ഞു. ഇക്കാലയളവിൽ 108 ലക്ഷം രൂപയുടെ 40-ൽ അധികം മരാമത്ത് പ്രവർത്തികൾ വാർഡിൽ നടപ്പിലാക്കി. ഇതിനുപുറമെ 10 ലക്ഷം രൂപ ചെലവിൽ പുതിയങ്ങാടി ജി.എൽ.പി സ്കൂളിന് കെട്ടിടം നിർമിക്കാൻ നടപടിയായി. പാറക്കാട്ടിൽ പൊതുകിണറിന്റെ നവീകരണം, ചന്ദ്ര അംഗൻവാടിക്ക് സ്ഥലവും കെട്ടിടവും (1.28 ലക്ഷം), അനുഗ്രഹ അംഗൻവാടിയുടെ മുകൾനില (1ലക്ഷം) എന്നിവ പ്രധാന പ്രവർത്തനങ്ങളിൽ ചിലതാണ്. പ്രധാനമരാമത്ത് പ്രവർത്തികൾ പാലക്കട-പുതുക്കിടിതാഴം റോഡ്, അക്ഷരം റോഡ്, സൂര്യംകണ്ടി റോഡ് തുടങ്ങിയവയുടെ അഭിവൃദ്ധി കൂട്ടി.

**വാർഡ്-3 ഈസ്റ്റ്ഹിൽ**
**എം. പുഷ്പലത**



ഈസ്റ്റ്ഹിൽ വാർഡിൽ കഴിഞ്ഞ നാല് വർഷത്തിനകത്ത് വൻതോതിലുള്ള വികസന പ്രവർത്തനമാണ് നടന്നിട്ടുള്ളത്. ഏതാണ്ട് ഒരു കോടിയിലധികം രൂപയുടെ 40-ഓളം മരാമത്ത് പ്രവർത്തികൾ നടത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമെ കീർത്തി അംഗൻവാടിക്ക് പുതിയ കെട്ടിടം (2ലക്ഷം) ഈസ്റ്റ്ഹിൽ, കാരപറമ്പ് ഹയർ സെക്കണ്ടറി സ്കൂളുകളുടെ അറ്റകുറ്റ പണി തുടങ്ങി വിദ്യാഭ്യാസ മേഖലയിലും ഏതാനും പ്രവർത്തികൾ നടത്തിയിട്ടുണ്ട്. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും വലിയ മുന്നേറ്റം നടത്താൻ കഴിഞ്ഞു. 55 പുതിയ ലൈറ്റുകളും 3 പൊതു ടാപ്പുകളും സ്ഥാപിച്ചു.

**വാർഡ്-4 എം. ഭാസ്ക്കരൻ**



കോഴിക്കോട് പഴയ മുൻസിപ്പാലിറ്റിയോട് കൂട്ടിച്ചേർത്ത പ്രദേശമായ കരുവിശ്ശേരിയിൽ വൻതോതിലുള്ള വികസന പ്രവർത്തനങ്ങളാണ് നടന്നത്. 48-ൽ പരം മരാമത്ത് പണികൾ ഈ കാലയളവിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ജനതാ റോഡിൽ മിനി കുടിവെള്ള പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനു കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. ചേരിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കരൂർ താഴം ചേരിയുടെ സമ്പൂർണ വികസനം സാധ്യമാക്കി.

രാമനുണ്ണി റോഡ്, മീപ്പംറോഡ്, മൊടപ്പാട്ടുപാലം കക്കുഴിപാലം റോഡ്, ചേലാട്ടുമ്മൽ റോഡ്, വെണ്ണീർവയൽ റോഡ്, ജനതാറോഡ്, രചനമീട്റോഡും അനുബന്ധ വഴികളും, കാലിക്കറ്റ് നോർത്ത് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ മുൻവശം തയ്യാറായി വരുന്ന കുട്ടികളുടെ പാർക്ക്, നൂറോളം ട്യൂബ്ലൈറ്റുകൾ, മൂന്ന് കുടിവെള്ള ടാങ്ക് എന്നിവ പ്രധാന പ്രവർത്തികൾ.

**വാർഡ്-5 രതീദേവി**

വാർഡ് വികസനത്തിൽ വൻ മുന്നേറ്റം നടന്നു. 35 ലധികം മരാമത്ത് പ്രവർത്തികൾക്കായി 104 ലക്ഷം രൂപ ചെലവഴിച്ചു. എരഞ്ഞി

## കോഴിക്കോട് കോർപ്പറേഷൻ നഗരവികസനം വാർഡുകളിലൂടെ




പ്പാലം സ്കൂളിന്റെ അറ്റകുറ്റ പണികൾ പൂർത്തിയാക്കി. വിവിധ ഡ്രെയിനുകൾ, ഫുട്പാത്തുകൾ എന്നിവ നവീകരിച്ചു. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിലും വലിയ മുന്നേറ്റം നടന്നു. നിരവധി റോഡുകൾ നിർമ്മിക്കാനും ഉള്ളവ പരിപാലിക്കാനും സാധിച്ചു.

**വാർഡ്-6 മഹേന്ദ്രൻ മാസ്റ്റർ**




ഒരു കോടി 30 ലക്ഷം രൂപ ചെലവിൽ 28 പ്രവർത്തികൾ പൂർത്തീകരിച്ചു. കുണ്ടുപറമ്പ് സ്കൂളിൽ പുതിയ കെട്ടിടം. പറമ്പത്ത് മിനി കുടിവെള്ള പദ്ധതി നവീകരിച്ചു. 250 മീറ്റർ സബ്ബ് മെയിൻ വലിച്ചു. കളത്തിൽതാഴം ചേരിയിൽ നടപ്പാത ഡ്രെയിൻ, ചേലാട്ടുമ്മൽ റോഡ്, പാലക്കാതോട് ഡ്രൈനേജ്, മാത്തോളിത്താഴം റോഡ്, കുറ്റിപ്പുറത്ത്താഴം പുതുവയൽ നിലം ഇടവഴി ടാറിംഗ് എന്നിവ നടത്തി.

**വാർഡ്-7 കെ.സി. അനിൽകുമാർ**




കോർപ്പറേഷനിൽ കൂട്ടിച്ചേർത്ത പ്രദേശം. 41 റോഡുകൾ അഭിവൃദ്ധി പ്പെടുത്തുകയും 6 പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്തു. ഇതിൽ 6 റോഡിനാവശ്യമായ സ്ഥലം നാട്ടുകാർ സംഭാവനയായി കോർപ്പറേഷന് വിട്ട് തന്നതാണ്. നഗരത്തിൽ ഏറ്റവും അധികം കൃഷിസ്ഥലമുള്ള പ്രദേശമാണ്. അധികവും തരിശുനിലങ്ങൾ. കർഷകരെ കൃഷിക്ക് പ്രേരിപ്പിക്കുകയും ഒരു കൂട്ടായ്മയിലൂടെ കാർഷിക മേഖലയാക്കി വളർത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടെ കോർപ്പറേഷന്റെ കാർഷികനയം നടപ്പിലാക്കി വരുന്നു. മൊത്തം ഒരു കോടി നാല്പതുലക്ഷം രൂപയുടെ പ്രവർത്തനം നടന്നുകഴിഞ്ഞു.

**വാർഡ്-8 പി.കെ. മാമുക്കോയ**



കോർപ്പറേഷനിൽ കൂട്ടിച്ചേർത്ത പ്രദേശം. ഒരു കോടി 13 ലക്ഷം രൂപ ചെലവിഴിച്ച് നിരവധി നിർമാണ പ്രവർത്തനങ്ങൾ നടന്നു. നഗരങ്ങളിൽ വികസന പ്രവർത്തനത്തിന്റെ കാര്യത്തിൽ ശ്രദ്ധേയമായ ഡിവിഷൻ

**വാർഡ്-9 ടി.കെ. വേണു**




53-ൽ അധികം മരാമത്ത് പ്രവർത്തികൾ പൂർത്തീകരിച്ചു. ഒരു കോടിയിലധികം രൂപ ഈ പ്രവർത്തികൾക്കായി വിനിയോഗിച്ചു. 22 പുതിയ പ്രവർത്തികൾക്ക് ടെൺർ നടപടി ആരംഭിച്ചു. 22 പുതിയ പ്രവർത്തികൾക്ക് ടെണ്ടർ നടപടി ആരംഭിച്ചു. 15 സ്ഥലങ്ങളിൽ സബ്ബ് മെയിൻ വലിച്ചു, 11 പൊതു ടാപ്പുകൾ സ്ഥാപിച്ചു. 72 സി.എഫ്.എൽ ബൾബുകൾ സ്ഥാപിച്ചു. 24 പുതിയ ട്യൂബ് ലൈറ്റുകൾ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ഥാപിച്ചു. നിരവധി റോഡുകൾ പുതുതായി നിർമ്മിക്കാനും നിലവിലുള്ളത് പരിപാലിക്കാനും സാധിച്ചു.

**വാർഡ്-10**
**അഡ്വ. എൻ.പി.പ്രതാപ് കുമാർ**



26-ഓളം റോഡു പ്രവർത്തികളും 25ഓളം ഇടവഴി നവീകരണവും നടപ്പാത നിർമാണവും 5 ഓവുചാൽ പ്രവർത്തികളും അടക്കം മൊത്തം ഒരു കോടി 10 ലക്ഷം രൂപയുടെ വികസനപ്രവർത്തനം വാർഡിൽ നടത്തുന്നതിനു കഴിഞ്ഞു. ഐ.എം.എയുടെ സഹായത്തോടെ വാർഡിൽ സമഗ്ര ആരോഗ്യപദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞു. കോർപ്പറേഷനിൽ ആദ്യമായി വാർഡിനു വേണ്ടി ഒരു വെബ്സൈറ്റ് രൂപകല്പന ചെയ്തത് കുടിൽതോട് വാർഡിലാണ്.

**വാർഡ്-11 പി.ടി. വാസുണ്ണിക്കുറുപ്പ്**




20-ഓളം മരാമത്ത് പ്രവർത്തികൾക്കായി ഒരു കോടി 26 ലക്ഷം രൂപ ചിലവഴിച്ചു. വാത്സല്യം പുത്തലിന്നിങ്കര അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമിച്ചു. 30ൽ അധികം റോഡുകൾ നവീകരിച്ചുകഴിഞ്ഞു.

**വാർഡ്-12 പ്രമീള ബാലഗോപാൽ**



കൂട്ടിച്ചേർത്ത പ്രദേശം. മൊത്തം ഒരു കോടി പത്ത് ലക്ഷത്തോളം രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ നിർമാണ ഘട്ടത്തിലാണ്. വാർഡിൽ പുതിയ ട്യൂബുലൈറ്റുകളും വാട്ടർടാപ്പുകളും സ്ഥാപിച്ചുകഴിഞ്ഞു.

**വാർഡ്-13 പി.ടി. രാജൻ**




കൂട്ടിച്ചേർത്ത പ്രദേശങ്ങളിൽ ഏറ്റവും പിന്നോക്കം നിന്ന പ്രദേശമായിരുന്നു പൂളക്കടവ്. ഒന്നേമുക്കാൽ കോടി രൂപ കോർപ്പറേഷൻ ഫണ്ടിൽ നിന്നും ചിലവഴിച്ച് കൊണ്ട് വൻ വികസനമാണ് വാർഡിൽ നടന്നിട്ടുള്ളത്. കണ്ണാടിക്കൽ -പറമ്പിൽക്കടവ്, കണ്ണാടിക്കൽ പാറോപ്പടി റോഡിന് 184 ലക്ഷം രൂപ ചിലവഴിച്ച് വികസനം നടന്നുവരുന്നു. (എം.എൽ.എ.ഫണ്ട്) 30 ലക്ഷം രൂപ ചിലവഴിച്ച് സാംസ്കാരിക നിലയവും ആരംഭിക്കാൻ പുറമേ നടപടിയായി. ഒട്ടുമിക്ക റോഡുകളും നവീകരിക്കാൻ തുക വകയിരുത്തി കഴിഞ്ഞു. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിൽ വാർഡിൽ വൻ പുരോഗതിയാണ് ഉണ്ടായിരിക്കുന്നത്.

**വാർഡ്-14 പി.കെ. ശാലിനി**




കോഴിക്കോട് കോർപ്പറേഷനിൽ കൂട്ടിച്ചേർത്ത പ്രദേശമായ മുഴിക്കലിൽ വൻ തോതിലുള്ള വികസനമാണ് ഈ കൗൺസിലിന്റെ കാലഘട്ടത്തിൽ നടന്നിട്ടുള്ളത്. 44 പ്രവർത്തികൾക്കായി 106 ലക്ഷത്തിലധികം രൂപ ചിലവഴിച്ചു. കുടിവെള്ള വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 8 പൊതു ടാപ്പുകൾ സ്ഥാപിച്ചു. തെരുവു വിളക്കിന്റെ കാര്യത്തിലും മികച്ച പുരോഗതി വാർഡിനു കൈവരിക്കാനായി. 154 പുതിയ ട്യൂബ്ലൈറ്റുകൾ സ്ഥാപിച്ചു. 49 സി.എഫ്.എൽ ബൾബുകൾ മാറ്റി സ്ഥാപിച്ചു.

**വാർഡ്-15 വി.എം. മുഹമ്മദ്**



25-ലേറെ പ്രവർത്തികൾക്കായി ഒരു കോടിയിൽ പരം രൂപ ചിലവഴിച്ചുകഴിഞ്ഞു. ചെലവൂർ നിവാസികളുടെ ഏറെ കാലത്തെ ആഗ്രഹമായ ചെലവൂർ മിനി സ്റ്റേഡിയം യാഥാർത്ഥ്യമാക്കി. 10 ലക്ഷം രൂപ ഇതിനായി ഉപയോഗപ്പെടുത്തി. ചെലവൂരിലെ ഏക സർക്കാർ വിദ്യാലയമായ ചെലവൂർ യു.പി.സ്കൂളിന്റെ നവീകരണത്തിനായി 14 ലക്ഷം രൂപ വിനിയോഗിച്ചു. 6 പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനും വാർഡിലെ വിവിധ പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും കഴിഞ്ഞു.

**വാർഡ്-16 വി. സുരേഷ്കുമാർ**



കോർപ്പറേഷന്റെ കിഴക്കേ അതിർത്തിയായ മായനാട് പ്രദേശത്ത് മുൻ കൗൺസിലിന്റെ കാലത്ത് തുടങ്ങിവെച്ച വികസന പ്രവർത്തനങ്ങൾ പൂർത്തികരിക്കുന്നതോടൊപ്പം പുതുതായി 20 റോഡു പ്രവർത്തികൾക്കായി ഒരു കോടി 31 ലക്ഷത്തിലധികം രൂപ ചെലവഴിച്ചു.

**വാർഡ്-17 ഇ.എം. ഗിരിജ**



ഒരു കോടി 8 ലക്ഷം രൂപയുടെ മരാമത്ത് പ്രവർത്തികൾ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഈ വാർഡിൽ ഏറ്റെടുത്തു നടത്തുന്നതിനു കഴിഞ്ഞു. 40 ലക്ഷം രൂപ വരുന്ന റോഡ് പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലാണ്. എം.എൽ.എ. ഫണ്ടിൽനിന്നും 25 ലക്ഷത്തിലധികം രൂപയുടെ പ്രവർത്തികൾക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞു. റോഡ് വികസനത്തിനു സൗജന്യമായി സ്ഥലം ലഭ്യമാക്കിയതനുസരിച്ച് നിരവധി റോഡുകൾ നിർമിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാനായത് വാർഡിലെ വികസനത്തിന്റെ ഗതിവേഗം വർധിപ്പിച്ചു. രണ്ട് അംഗനവാടി കെട്ടിടം, കോവൂർ കമ്യൂണിറ്റി ഹാളിന്റെ സ്ഥലമെടുപ്പ് എന്നിവ വലിയ നേട്ടമാണ്. 75ൽ കൂടുതൽ തെരുവുവിളക്കുകൾ സ്ഥാപിക്കാനായി. കോവൂർ കമ്യൂണിറ്റി ഹാളിന്റെ പ്രവർത്തികൾ ടെണ്ടർസ്റ്റേജിലാണ്.

**വാർഡ്-18 എം.പി. സുരേഷ്**



വാർഡിൽ 30ലധികം പ്രവർത്തികൾക്കായി ഒരു കോടി 34 ലക്ഷം രൂപ വിനിയോഗിച്ചുകഴിഞ്ഞു. ഒരു അംഗൻവാടിക്ക് കെട്ടിടം നിർമ്മിക്കുവാനും മൂന്നു പുതിയ പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. തെരുവുവിളക്കുകൾ ഇല്ലാതിരുന്ന പല പ്രദേശത്തും സ്ട്രീറ്റ്മെയിൻ വലിച്ചു തെരുവുകവിളക്കുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. നാല്പതോളം റോഡുപണികൾ നടന്നുകഴിഞ്ഞു.


**വാർഡ്-19**

**എം.പി. പരമേശ്വരൻനായർ**

40ലധികം റോഡുകളുടെയും നടപ്പാതകളുടേയും പ്രവർത്തിക്ക് ഒരു കോടി 32 ലക്ഷം രൂപ വിനിയോഗിച്ചു. വാർഡിനെ വൻ വികസനകുതിപ്പിലേക്ക് നയിക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.




**വാർഡ്-20 എം.സി. അനിൽകുമാർ**



ഈ കൗൺസിലിന്റെ കാലയളവിൽ 130 ലക്ഷം രൂപവിവിധ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞു. ഇതോടൊപ്പം ചേരിവികസന പദ്ധതിയുടെ ഭാഗമായി കൊമ്മേരി, കാവിൽതാഴം ചേരിയുടെ ഭൗതികവികസനത്തിന് പ്രത്യേകം പദ്ധതിയും നടപ്പിലാക്കി വരുന്നു. വാർഡിൽ തെരുവു വിളക്കുകൾ പൊതുടാപ്പുകൾ എന്നിവ സ്ഥാപിച്ചു. കൊമ്മേരി മേത്തോട്ടുതാഴം റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾക്ക് വേഗത വർദ്ധിപ്പിക്കുന്നതിനും അക്വിസിഷനു വേണ്ടി 2 കോടി രൂപ സർക്കാറിൽനിന്നും പ്രത്യേകം ലഭ്യമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 70 സി.എഫ്.എൽ ലൈറ്റ് മാറ്റി ട്യൂബ് സ്ഥാപിച്ചു. 32 പുതിയ ലൈറ്റുകൾ സ്ഥാപിച്ചു.

**വാർഡ്-21 എം.കെ. ഷീബ**



കോർപ്പറേഷനിൽ കൂട്ടിചേർത്ത പ്രദേശമായ പൂവ്വങ്ങലിൽ വലിയ റോഡുകളേക്കാൾ ചെറിയ ചെറിയ റോഡുകളും നടപ്പാതകളുമാണുള്ളത്. നിലവിലുള്ളവയുടെ നവീകരണത്തിനും പുതിയവ നിർമിക്കുന്നതിനും വലിയശ്രമങ്ങൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ട്. റോഡ് പ്രവർത്തി ഉൾപ്പെടെ 41ൽ പരം പ്രവർത്തികൾ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ഈ വാർഡിൽ നടന്നിട്ടുണ്ട്. ഒരു കോടി 15 ലക്ഷം രൂപയി

ലധികം ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

**വാർഡ്–22 എം. തങ്കം**




ഒരു കോടി 15 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വാർഡിൽ ഏറ്റെടുത്തിട്ടുള്ളത്. 37 മരാമത്ത് പ്രവർത്തികൾ ഈ കാലയളവിൽ ആരംഭിച്ചു. 2 അംഗനവാടികൾ നിർമിക്കുവാനും മൂന്ന് പുതിയ പൊതു ടാപ്പുകൾ സ്ഥാപിക്കുവാനും പ്രത്യേക തുക ചെലവഴിച്ചു ഇതോടൊപ്പം കുളങ്ങര പീടിക-കച്ചേരിക്കുന്ന് റോഡിന്റെ മൂന്നാം ഘട്ട പ്രവർത്തിക്ക് എം. എൽ.എ ഫണ്ട് നേടിയെടുക്കാനായി.

**വാർഡ്–23 മനക്കൽ ശശി**



20-ൽ അധികം പ്രവർത്തികൾക്കായി ഒരുകോടി 12 ലക്ഷം രൂപ വാർഡിൽ വികസന പ്രവർത്തനങ്ങൽക്കായി ചെലവഴിച്ചു. സുസ്ഥിര നഗരവികസന പദ്ധതി പ്രകാരം കാവിൽതാഴം ചേരിയിൽ പാലം നിർമ്മിക്കാനായത് പ്രധാന വികസന നേട്ടം. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിലും വലിയ പുരോഗതി കൈവരിച്ചു.

**വാർഡി–24 കെ.ടി. ബീരാൻകോയ**



വിവിധ മേഖലകളിലായി 113 ലക്ഷത്തിലധികം രൂപയുടെ വികസന പ്രവർത്തികൾ നടന്നിട്ടുണ്ട്. 32-ലധികം മരാമത്ത് പ്രവർത്തികൾ ഏറ്റെടുക്കുന്നതിനും വാർഡിലെ വിദ്യാലയങ്ങളായ പൊക്കുന്ന് യു.പി.സ്കൂൾ, കിണാശ്ശേരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ തുടങ്ങിയവക്ക് ആവശ്യമായ അറ്റകുറ്റ പണി നടത്തുന്നതിനും കെട്ടിട നിർമാണത്തിനുമായി 38 ലക്ഷം രൂപ ചെലവഴിച്ചു. വാർഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും, പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനും പദധതി ആവിഷ്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**വാർഡ്–25 സി.വി. ഗിരീഷ്**



വാർഡിന്റെ വിവിധ പ്രദേശങ്ങളിലായി ഒരു കോടി 20 ലക്ഷം രൂപയുടെ മരാമത്ത് പ്രവർത്തികൾ പൂർത്തിയായി. 159ൽ പരം പുതിയ തെരുവു വിളക്കുകൾ സ്ഥാപിക്കാൻ കഴിഞ്ഞു. കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട പാലാട്ടുനഗർ, കോട്ടുമ്മൽ എന്നീ പ്രദേശത്ത് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച. രണ്ടു അംഗനവാടികൾക്ക് കെട്ടിടം, എം.സി.ആർ സാംസ്കാരിക നിലയം എന്നിവ നിർമിച്ചു. 37 പുതിയ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിക്കഴിഞ്ഞു.

**വാർഡ്–26**
**കാനങ്ങോട്ടു ഹരിദാസൻ**




106 ലക്ഷം രൂപ ചിലവിൽ 30-ലധികം മരാമത്ത് പ്രവർത്തികൾ വാർഡിൽ പൂർത്തിയായി. 13 ലക്ഷം രൂപ ചിലവിൽ ഈസ്റ്റ് കല്ലായി ഗവ: ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അറ്റകുറ്റ പ്രവർത്തിയും ചുറ്റുമതിൽ നിർമ്മാണവും പൂർത്തീകരിച്ചു. കോഴിക്കോട്ടെ തന്നെ മികച്ച ഗ്രൗണ്ടായി കല്ലായിയിൽ പുതിയ കളിസ്ഥലം നിർമ്മിക്കുവാൻ കഴിഞ്ഞത് പ്രധാന വികസന നേട്ടമാണ്. പുതിയ റോഡുകൾ നിർമിക്കുന്നതിനും നിലവിലുള്ളവ പരിപാലിക്കുന്നതിനും പുരോഗതി കൈവന്നു.

**വാർഡ്–27 പി.കെ. നാസർ**




ഒരു കോടി 60 ലക്ഷത്തിൽ പരം രൂപ ചിലവഴിച്ച് 25-ഓളം മരാമത്ത് പ്രവർത്തികൾ ഈ വാർഡിൽ പൂർത്തീകരിച്ചുകഴിഞ്ഞു. വാർഡിലെ പന്നിയങ്കര, തിരുവണ്ണൂർ, കണ്ണഞ്ചേരി എൽപി.സ്കൂളുകളുടെ അറ്റകുറ്റ പണി ഈ കാലഘട്ടത്തിലാണ് നടന്നിട്ടുള്ളത്.

**വാർഡ്–28**
**വേണുഗോപാലൻ മാസ്റ്റർ**



ഒരു കോടി 20 ലക്ഷം രൂപയിലധികം ചിലവഴിച്ചു വിവിധ വികസന പ്രവർത്തനങ്ങൾ ഈ വാർഡിൽ നടന്നുകഴിഞ്ഞു. പുതിയതായി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സി.എഫ്. എൽ വിളക്കുകൾ മാറ്റി ട്യൂബ് ഘടിപ്പിക്കുന്നതിനും ഈ കാലഘട്ടത്തിൽ കഴിഞ്ഞിട്ടുണ്ട്. മീഞ്ചന്തയിൽ മത്സ്യ മാർക്കറ്റ് നിർമ്മിക്കാൻ കഴിഞ്ഞതും മീഞ്ചന്ത ബസ് ടെർമിനൽ നിർമ്മാണത്തിനും സ്ഥലമെടുപ്പ് പൂർത്തിയാക്കാനായതും ഈ കൗൺസിലിന്റെ കാലഘട്ടത്തിലാണ്.

**വാർഡ്–29 കെ. നജ്മ**



കഴിഞ്ഞ നാലു വർഷത്തിനകത്ത് അതിവേഗതയിലുള്ള പുരോഗതിയാണ് വാർഡിൽ ഉണ്ടായിരിക്കുന്നത്. 25 പ്രവർത്തികൾക്കായി ഒരു കോടിയിലധികം രൂപ ചിലവഴിച്ചുകഴിഞ്ഞു. ചേരിപ്രദേശങ്ങൾ ഉൾപ്പെട്ട വാർഡിലെ മില്ലത്ത് കോളനി ചേരിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വൻതോതിൽ മുതൽ മുടക്കാൻ കഴിഞ്ഞിട്ടുണ്ട്. ആധുനിക സൗകര്യത്തോടെ നിർമിച്ച മില്ലത്ത് കോളനിയിലെ അംഗൻവാടി കോഴിക്കോട് നഗരത്തിലെ മാതൃകാ അംഗൻവാടിയായി മാറിയിരിക്കയാണ്. ചേരിപ്രദേശത്ത് കാര്യമായ അഭിമൃദ്ധി നടന്നുകഴിഞ്ഞു.


**വാർഡ്–30 സുഹറ അവറാൻ**

ഗതാഗത പശ്ചാത്തല വികസനത്തിനു ഒരു കോടി 14 ലക്ഷം രൂപയും സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനു




മായി 20 ലക്ഷം രൂപയുമടങ്ങിയ ഒരു വൻ തുകയുടെ വികസന പ്രവർത്തനം വാർഡിൽ നടത്താൻ കഴിഞ്ഞു. വാർഡിലെ ചാമുണ്ഡിവളപ്പ്, കപ്പക്കൽ, പണ്ടാരത്ത് വളപ്പ് പയ്യാനക്കൽ തുടങ്ങിയ ചേരികളിൽ നടപ്പാതയും ഡ്രയിനേജും നിർമ്മിക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.

**വാർഡ്-31 ചലാന ശ്രീമതി**



105 ലക്ഷം രൂപയുടെ പ്രവർത്തികൾ വാർഡിൽ പൂർത്തീകരിച്ചു. ഏതാണ്ട് 40 ലക്ഷത്തിലധികം രൂപയുടെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലാണ്. ഇതിനു പുറമെ ചേരി പരിഷ്കരണത്തിന്റെ ഭാഗമായി പയ്യാനക്കൽ ചേരിയിൽ നടപ്പാതയും ഡ്രയിനേജും ഒരുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**വാർഡ്-32 മേലടി നാരായണൻ**



ഒരു കോടി 30 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വാർഡിൽ നടന്നത്. ചക്കുംകടവ് ചേരി സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപയുടെ വികസന പ്രവർത്തികൾ നടന്നു. ഇത് ചേരിയുടെ ഭൗതിക സാഹചര്യങ്ങളെയാകെ മാറ്റിമറിച്ചു. സുനാമി പദ്ധതിപ്രകാരം പുതുതായി 40 ട്യൂബുകൾ സ്ഥാപിക്കാനായത് എടുത്തുപറയേണ്ട നേട്ടമാണ്. എ.ഡബ്ല്യു.എച്ച് വികസനം തുടങ്ങി നിരവധി റോഡുകൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും കഴിഞ്ഞു.

**വാർഡ്-33 എ.ടി. മൊയ്തീൻകോയ**

കടലോരമേഖല. ഒരു കോടി പത്ത് ലക്ഷം രൂപയിലധികം നിർമാണ പ്രവർത്തികൾ നടന്നുകഴിഞ്ഞു.



തെരവുവിളക്കുകൾ സ്ഥാപിക്കുന്നതിലും കുടിവെള്ള ടാപ്പുകൾ സ്ഥാപിക്കുന്നതിലും പുരോഗതി കൈവരിച്ചിട്ടുണ്ട്. നിരവധി റോഡുകൾ വികസിപ്പിച്ചെടുത്തു.

**വാർഡ്-34 മറിയംടീച്ചർ**



20ഓളം പ്രവർത്തികൾക്കായി 105 ലക്ഷത്തിൽ പരം രൂപ ഇതുവരെയായി വാർഡിൽ ചിലവഴിച്ചു. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മുഖദാർ പള്ളിപറമ്പ്, അറക്കൽ തൊടുക എന്നിവിടങ്ങളിൽ 400 മീറ്റർ സബ്ബ് മെയിനും കുളങ്ങര തോപ്പ്, കുത്ത്കല്ല് തുടങ്ങിയ സ്ഥലത്ത് 350 മീറ്റർ സബ്ബ് മെയിനും സ്ഥാപിച്ചു. തെരുവു വിളക്കുകൾ വ്യാപിക്കുന്നതിനും വലിയ പുരോഗതി വാർഡിൽ ഉണ്ടായി. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും നിരവധി പ്രവർത്തികൾ നടത്താനായി.

**വാർഡ്-35 ശോഭന തട്ടാരി**



കൗൺസിലിന്റെ കാലത്ത് നിരവധി നിർമാണ പ്രവർത്തനങ്ങൾ നടന്നു. കുടിവെള്ള പൊതു ടാപ്പ് സ്ഥാപിക്കുന്ന കാര്യത്തിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ഇതിനകം ഒരു കോടി പതിനൊന്ന് ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു. നിരവധി റോഡ് പ്രവർത്തികൾ നടന്നിട്ടുണ്ട്.

**വാർഡ്-36**

**അഡ്വ. എച്ച്.എ. മുസ്തഫ**



108 ലക്ഷം രൂപ ചിലവഴിച്ച് 24ൽ അധികം പ്രവർത്തികൾ നടത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇതു കൂടാതെ വാർഡുകളിലെ സ്കൂളുകളുടെ അറ്റകുറ്റപണിക്ക് പ്രത്യേകം തുക വകയിരുത്തി. കുറ്റിച്ചിറ, വലിയങ്ങാടി റോഡ്, തൃക്കോവിൽ ലെയ്ൻ, പണ്ടാരതോപ്പ് ഡ്രൈനേജ്, തോട്ടൂളി പാടം ചേരി നവീകരണം, എകർന്ന പറമ്പ് ലെയ്ൻ നവീകരണം തുടങ്ങിയവ നടത്താന് കഴിഞ്ഞു.

**വാർഡ്-37**

**പടിയേരി ഗോപാലകൃഷ്ണൻ**



കഴിഞ്ഞ 4 വർഷംകൊണ്ട് ഒരു കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ വാർഡിൽ ഏറ്റെടുത്തു നടത്താൻ കഴിഞ്ഞിട്ടുണ്ട്. 32 ലക്ഷം രൂപയാണ് വെളിയഞ്ചേരി ചേരിവികസനത്തിനു ചിലവഴിക്കാൻ കഴിഞ്ഞത്. ഗവ: ഗണപത് ബോയ്സ് ഹൈസ്കൂളിനും, അച്ചുതൻ ഗേൾസ് ഹൈസ്കൂളിനും 21 ലക്ഷം രൂപ വീതമാണ് കെട്ടിടനിർമാണത്തിന് ചിലവഴിച്ചത്.

**വാർഡ്-38 ബി.പി. ജമീല**



110 ലക്ഷത്തിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കൗൺസിലിന്റെ കാലയളവിൽ വാർഡിൽ നടന്നിട്ടുള്ളത്. ഗതാഗത വികസനത്തിനു 16-ലധികം റോഡു പ്രവർത്തികൾ വാർഡിന്റെ വിവിധ സ്ഥലങ്ങളിൽ നടത്താനായി. മാങ്കാവ് ശ്മശാനത്തിൽ ആധുനിക രീതിയിൽ രണ്ടു ചൂള സ്ഥാപിച്ചത് ഈ കാലഘട്ടത്തിലാണ്. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിലും വലിയ പുരോഗതി കൈവരിക്കാന് കഴിഞ്ഞിട്ടുണ്ട്. പുതുതായി 40 ലൈറ്റുകൾ സ്ഥാപിച്ചു. നിലവിലുള്ള സി.എഫ്.എൽ ലൈറ്റുകൾ മാറ്റി സിംഗിൾ ട്യൂബ് സ്ഥാപിച്ചു. 5 ഓളം പൊതു ടാപ്പുകളും 450 മീറ്റർ സബ് മെയിൻ വലിക്കാനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്.


**വാർഡ്-39 വി. പ്രസന്ന**

വിവിധ ശ്രോതസ്സുകളിൽ നിന്നായി



180 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും അവയിൽ മിക്കതും പൂർത്തീകരിക്കാനും സാധിച്ചു. തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിലും വലിയ മുന്നേറ്റമാണ് നടന്നത്. 50 പുതിയ ട്യൂബുകളും 77 സി.എഫ്.എൽ ലാമ്പ് മാറ്റി ട്യൂബുകളും ഈ കാലഘട്ടത്തിൽ സ്ഥാപിച്ചു. നിരവധി റോഡ് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

**വാർഡ്-40 പി. മമ്മദ്കോയ**



നഗരത്തിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള വാർഡ്. രണ്ട് ഹയർ സെക്കണ്ടറി, മൂന്ന് ഹൈസ്കൂൾ, എൽ.പി.യു.പി. സ്കൂളുകൾ. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനു മാത്രം ഒരു കോടിയിൽ പരം രൂപ ചിലവഴിച്ചു. സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കൽ പുതിയവ വെക്കൽ എന്നീ പ്രവർത്തികൾ വൻ പുരോഗതി. ഇതിനുപുറമെ പൊതുനിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു കോടി നാല്പതു ലക്ഷം രൂപ ഇതിനകം ചിലവഴിച്ചു. സ്കൂളുകളുടെ ഭൗതിക സാഹചര്യ പുരോഗതിയിൽ വിജയശതമാനം വർദ്ധിപ്പിച്ചു. റോഡ് പരിപാലനത്തിനും വൻ പുരോഗതിയാണ് കൈവരിച്ചത്. സ്റ്റേഡിയം ജംഗ്ഷൻ മുതൽ പുതിയറ ബൈപ്പാസ് റോഡുവരെ പരീക്ഷണാർത്ഥം നിർമിച്ച ഫ്ളാസ്റ്റിക്ക് റോഡ് ഈ വാർഡിലാണ്.

**വാർഡ്-41 സക്കറിയ പി. ഹുസൈൻ**




നഗര പ്രദേശം നിരവധി മരാമത്ത് പ്രവർത്തിക്കും ചേരി പരിഷ്കരണം, ശുദ്ധ ജല വിതരണം എന്നീ പ്രവർത്തിക്കും ചേരി പരിഷ്കരണ പ്രവർത്തനത്തിനും പുതിയ പച്ചക്കറി മാർക്കറ്റ് നിർമ്മാണം തുടങ്ങിയതും പ്രധാന നേട്ടം. ജനറൽ ഇനങ്ങളിൽ മരാമത്ത് പ്രവർത്തനങ്ങൾക്കായി ഒരു കോടിയിൽ പരം രൂപ ചിലവഴിച്ചുകഴിഞ്ഞു.

**വാർഡ്-42 ഹൻസ ജയന്ത്**



കോർപ്പറേഷനിൽ വിസ്തൃതി കൊണ്ട് ഏറ്റവും വലിയ വാർഡാണ് വലിയങ്ങാടി. നഗരഹൃദയം എന്ന നിലയിൽ വാർഡ് തലത്തിനു പുറമെ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ വാർഡിൽ നടന്നുവരുന്നുണ്ട്. ഈ കൗൺസിലിന്റെ കാലത്ത് 160 ലക്ഷം രൂപയുടെ 22 ഓളം മരാമത്ത് പ്രവർത്തികളാണ് വാർഡിൽ നടന്നിട്ടുള്ളത്.

**വാർഡ്-43 അഡ്വ. തോമസ് മാത്യു**



ബീച്ചിനോട് ചേർന്നു കിടക്കുന്ന വാർഡ്. ബീച്ച് സൗന്ദര്യവൽക്കരണം, കുടിവെള്ളം, സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയിൽ വൻ പുരോഗതി. വാർഡിൽ ഒരു കോടി 56 ലക്ഷം രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ (പൊതുവർക്കുകൾക്കു പുറമെ) ഇതിനകം നടന്നുകഴിഞ്ഞു.

**വാർഡ്-44 പി. ദിവാകരൻ**



നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന തിരുത്തിയാട് വാർഡിൽ രണ്ടരക്കോടി രൂപ ചിലവഴിച്ചു. വൻ വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. ചാളത്തറ ശ്മശാനത്തിന്റെ നവീകരണം ഈ കാലഘട്ടത്തിലാണ് നടന്നുവരുന്നത്. 40 ലധികം റോഡു പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**വാർഡ്-45 അനിതാ രാജൻ**

105 ലക്ഷം രൂപയുടെ വികസന



പ്രവർത്തനങ്ങൾ കഴിഞ്ഞ നാലു വർഷത്തിനിടയിൽ വാർഡിൽ നടത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. വിവിധ റോഡുകളുടെ പാച്ചു വർക്കുകളും ഈ കാലയളവിൽ ഏറ്റെടുത്തുനടത്തിയിട്ടുണ്ട്.

**വാർഡ്-46 എം. കൃഷ്ണൻ**




കോർപ്പറേഷനോട് കൂട്ടിചേർത്ത പ്രദേശമായ കോട്ടൂളിയിൽ വൻതോതിലുള്ള വികസനമാണ് നടന്നിട്ടുള്ളത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കിയ സരോവരം ബയോ പാർക്കിന്റെ ഉദ്ഘാടനം കഴിഞ്ഞതോടെ വാർഡ് ഇന്ത്യയിലാകമാനം അറിയപ്പെടുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു. കഴിഞ്ഞ 4 വർഷംകൊണ്ട് 50ലധികം പ്രവർത്തികൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നതിനും ഭൂരിപക്ഷം പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

**വാർഡ്-47 ഷേർളി പ്രമോദ്**



27 പ്രവർത്തികൾക്കായി 105 ലക്ഷം രൂപ ഇതിനകം വാർഡിൽ ചിലവഴിച്ചു കഴിഞ്ഞു. ബാക്കി പ്രവർത്തികൾ വിവിധ സ്റ്റേജുകളിലാണ്. നിരവധി റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ നടന്നിട്ടുണ്ട്.

**വാർഡ്-48 അഡ്വ. യു.ടി.രാജൻ**



കോർപ്പറേഷനോട് കൂട്ടിച്ചേർത്ത പ്രദേശമാണ്. ഒരു കോടി 10 ലക്ഷം രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞു.

*(ശേഷം 22-ാം പേജിൽ)*


## കൊമ്മേരി സുകുമാരൻ തന്റെ സ്വപ്നങ്ങളേയും

# അർദ്ധനാരീശ്വരനായി അരങ്ങിൽ

## കൊമ്മേരി സുകുമാരൻ

ഒരു നല്ല കലാകാരനായി അറിയപ്പെടുക എന്നത് കുട്ടിക്കാലത്തു തന്നെ എന്റെ മനസ്സിലെ വലിയൊരു മോഹമായിരുന്നു. പക്ഷേ ഈ മോഹം ഞാൻ ആദ്യ മായി പുറത്ത് പറയുന്നത് കൊമ്മേരി സ്കൂളിൽ നാലാം തരത്തിൽ പഠിക്കുമ്പോൾ ക്ലാസ് ടീച്ചറായിരുന്ന ലീല ടീച്ചറിന്നോടായിരുന്നു. "ഈ ക്ലാസ്സിൽ നൃത്തം പഠിക്കു വാനാഗ്രഹമുള്ള കുട്ടികളൊക്കെ കൈ പൊക്കുക." എന്ന് കേട്ട പാതി കേൾക്കാത്ത പാതി ആ ക്ലാസ്സിൽ ഏറ്റവും ആദ്യം പൊങ്ങിയ കൈ എന്റേതായിരുന്നു. എന്നാൽ പിന്നീടുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുക ളെക്കുറിച്ചൊന്നും അന്ന് ഞാൻ ഓർത്തിരുന്നില്ല. മാസാ വസാനം ഡാൻസ് ടീച്ചർക്ക് ഫീസ് കൊടുക്കണം. ഡാൻ സിനു വേണ്ട ആഭരണങ്ങളും മറ്റും സ്ക്രീൻ പശ്ചാത്ത ലവും ഒരുക്കാൻ വേറേയും ധാരാളം പണംവേണം. വീട്ടിലാണെങ്കിൽ നിത്യച്ചെലവിനുപോലും അന്ന് വളരെ

**അരങ്ങിൽ സ്ത്രീയായും**
**സ്ക്രീനിൽ പുരുഷനായും**
**ഇപ്പോൾ അർദ്ധനാരീശ്വരനായും**



യേറെ ബുദ്ധിമുട്ടുകളനുഭവിക്കുന്ന സമയവും. ഓർ ത്താൽ അതൊരു ഇരുണ്ട ഭൂതകാലം. അതിനിടെ ഇന്ന ന്നത്തെക്കുറിച്ചു പറയുകയാണെങ്കിൽ അന്നന്നത്തെ ജീവിതത്തിനു കൈനിറയെ ഡാൻസ് പ്രോഗ്രാമുകൾ എനിക്ക് ഇന്ന് ധാരാളം ഉണ്ട്. നാലുവർഷം തൊണ്ടയാട് നാരകത്ത് അമ്പലത്തിലും മലബാർ മഹോത്സവം, മല ബാർ ഷോപ്പിംഗ്ഫെസ്റ്റിവൽ, ടൂറിസ്റ്റ് വാരാഘോഷം, കോഴിക്കോട് കോർപ്പറേഷന്റെ ഏതാനും വർഷത്തെ എക്സിബിഷൻ എന്നിങ്ങനെ സുപ്രധാന പരിപാടിക ളിൽ സ്ഥിരമായി നൃത്തപരിപാടികൾ അവതരിപ്പിക്കാ റുണ്ട് ഞാൻ. നക്ഷത്രരാജ്യം മാസിക ചീഫ് എഡിറ്റർ ശ്രീ. ഇ.രാധാകൃഷ്ണനോടും വളരെയധികം കടപ്പെട്ടി ട്ടുണ്ട്. അദ്ദേഹത്തിന്റെ ട്രൂപ്പിന്റെ നാടകപ്രോഗ്രാമുകളിൽ സ്ഥിരം ഡാൻസറും അണിയറ ശില്പികളിലൊരാളു മാണ് ഞാൻ. മുമ്പ് ഒരു വർഷത്തെ രാധാകൃഷ്ണന്റെ പ്രോഗ്രാമിനോടനുബന്ധിച്ച് അന്ന് ടൗൺഹാളിൽ ധൂം എന്ന സിനിമയിലെ നൃത്തച്ചുവടുകൾ അവതരിപ്പിച്ചു. നൃത്തം കഴിഞ്ഞപാടെ കാണികൾ അഭിനന്ദിക്കാനായി കൂട്ടത്തോടെ അണിയറയിലേക്ക് ഓടി വന്നു. ചിലരുടെ നേരിട്ടുള്ള അഭിനന്ദനത്തിനു ദേശീയ അവാർഡിനേ ക്കാൾ വിലയുണ്ടെന്നു തോന്നുന്ന നിമിഷങ്ങളായിരുന്നു അത്. എന്നെന്നും ഓർക്കാനുള്ള മറ്റൊരു സംഭവമു ണ്ടായി മറ്റൊരവസരത്തിൽ. ഒരിക്കൽ അമൃതാനന്ദമയി ദേവിയുടെ ആശ്രമത്തിൽ "മഹിഷാസുരവധം" എന്ന ദേവീനൃത്തം അവതരിപ്പിച്ചു. നൃത്തം കഴിഞ്ഞ ഉടനെ ശരിക്ക് നടക്കാൻപോലുമാകാത്ത രണ്ടു മുത്തശ്ശിമാർ വേദിയിലേക്ക് വന്ന് അഭിനന്ദിച്ചത് ഒരു കലാകാരൻ എന്ന നിലയിൽ എനിക്ക് കിട്ടിയ ഏറ്റവും വലിയ അംഗീ കാരമായാണ് ഞാൻ കണക്കാക്കുന്നത്. ഇങ്ങനെയെത്ര യെത്രയോ അനുഭവങ്ങൾ എന്റെ മനസ്സിൽ പച്ചവിരിച്ചു കിടക്കുന്നുണ്ട്. സാമ്പത്തികമായി ഉയർന്നില്ലെങ്കിലും കലാ ആസ്വാദകരുടെ മനസ്സിൽ അത്യുന്നതങ്ങളിൽ ഇടം പിടിക്കാനായത് ഒരു മഹാഭാഗ്യമായി തന്നെയാണ് ഞാൻ കരുതുന്നതും. വീണ്ടും എന്റെ ഡാൻസ് പഠനകാലത്തെ കുറിച്ചും കൊമ്മേരി സ്കൂളിനേക്കുറിച്ചും തന്നെ പറ യാം. ഡാൻസ് പഠിക്കാനുള്ള മോഹം വീട്ടുകാരുടെ മുമ്പിൽ അവതരിപ്പിച്ചപ്പോൾ വീട്ടുകാരിൽ പലരും എതിർ പ്പു പ്രകടിപ്പിച്ചെങ്കിലും പഴയ ഒരു നാടകനടൻ കൂടിയാ യിരുന്ന അച്ഛനിൽ നിന്നും വളരെ നല്ല പ്രോത്സാഹന മാണ് ലഭിച്ചുകൊണ്ടിരുന്നത്.

അങ്ങനെ അച്ഛന്റെ അനുവാദത്തോടെ നടരാജ ഭഗ വാന്റെ അനുഗ്രഹത്താൽ ഞാനും പ്രേമവല്ലി ടീച്ചറുടെ കീഴിൽ നൃത്തത്തിന്റെ ആദ്യചുവടുകൾ അഭ്യസിച്ചു തുട ങ്ങി. തുടർന്നു കലാകേന്ദ്രം പത്മിനി, തിരുവണ്ണൂർ മോഹ നൻ എന്നിവരുടെ കീഴിലും നൃത്തപഠനം തുടർന്നു. നിര വധി സ്റ്റേജുകളിൽ നൃത്തം അവതരിപ്പിച്ചു. കൂടുതലും സ്ത്രീവേഷങ്ങളിലായിരുന്നു നൃത്തപരിപാടികൾ അവ തരിപ്പിക്കാറ്. ഈ സ്ത്രീവേഷം കണ്ട ചില അമേച്വർ നാടക സമിതിക്കാർ അവരുടെ നാടകങ്ങളിലും അഭിന

# യാഥാർത്ഥ്യങ്ങളേയും കുറിച്ച് മനസ്സ് തുറക്കുന്നു.

യിക്കാനുള്ള അവസരങ്ങൾ ഒരുക്കിത്തന്നു. പിന്നീട് എനിക്ക് തിരിഞ്ഞുനോക്കേണ്ടതായി വന്നിട്ടില്ല. ഒരു സ്റ്റേജിൽനിന്നും മറ്റൊരു സ്റ്റേജിലേക്ക് അവസരങ്ങൾ കൂടികൂടി വന്നു. ഭരത് ബാലൻകെ. നായർ, കുതിരവട്ടം പപ്പു, നെല്ലിക്കോട് ഭാസ്കരൻ, കുഞ്ഞാണ്ടി, വാസുപ്രദീപ്, ശാന്താദേവി തുടങ്ങി ഒട്ടേറെ കലാകാരന്മാരുടെ അഭിനയക്കളരിയായിരുന്ന കുതിരവട്ടം ദേശപോഷിണിയിൽ തുടങ്ങി നിരവധി പ്രശസ്തരോടൊപ്പം ഒട്ടേറെ സമിതികളിൽ സഹകരിച്ചു. അമ്മയായും മകളായും ഭാര്യയായും കാമുകിയായും അങ്ങനെ വൈവിധ്യമാർന്ന കഥാപാത്രങ്ങൾ. ഇതിൽ സ്നേഹമയിയായ വീട്ടമ്മയായും വിധിയെയോർത്ത് എപ്പോഴും കണ്ണുനീർ പൊഴിക്കുന്ന ദുഃഖപുത്രിയായും ഏവരെയും ചിരിപ്പിച്ചു മണ്ണുകപ്പിക്കുന്ന ഹാസ്യനടിയായും അങ്ങനെ വിവിധരംകഥാപാത്രങ്ങൾ. കൂടാതെ വടകരയിലെ ഹസ്സൻഹസീനയുടെ ഒരു കാസറ്റ് കമ്പനിക്കുവേണ്ടിയും തലശ്ശേരിയിലെ ഒരു തുണിഷോപ്പിനുവേണ്ടിയും ചില മാധ്യമങ്ങൾക്ക് വേണ്ടിയും സ്ത്രീവേഷത്തിൽ മോഡലായിട്ടുമുണ്ട്. സൂര്യ ടി.വി.യിൽ നാദിർഷായും വീണയും ചേർന്ന് അവതരിപ്പിച്ച കളിയും ചിരിയും എന്ന പരിപാടിയിലെ ഡെയ്‌ലി സ്പെഷ്യലിൽ മുസ്‌ലിം സ്ത്രീയായി ഒരു പാരഡി ഡാൻസും അവതരിപ്പിച്ചു. എന്നാൽ പിന്നീട് സിനിമാ രംഗത്തേക്കും സീരിയൽ രംഗത്തേക്കും പ്രവേശിച്ച എന്നെ കാത്തിരുന്നത് എല്ലാം പുരുഷവേഷങ്ങൾ തന്നെയായിരുന്നു. ഐ.വി.ശശിയുടെ "അർഹത"യിൽ തുടങ്ങി സലീംബാബയുടെ വലിയങ്ങാടി വരെ പത്തൊമ്പതു സിനിമകളിലും മൂന്നു ടി.വി. സീരിയലുകളിലും അഭിനയിച്ചു.

സിനിമാ രംഗത്തേക്കുള്ള പ്രവേശനത്തിനു നിമിത്തമായത് സുഹൃത്തായ പാലക്കാട്ടുകാരൻ ഗോപാലേട്ടനാണ്. അന്ന് ഐ.വി.ശശിയുടെ പ്രധാന സഹായിയായിരുന്നു അദ്ദേഹം. ഇന്ന് സിനിമാക്കാരുടെ ഗോപാലേട്ടൻ എന്ന പേരിലറിയപ്പെടുന്ന ഗോപാലേട്ടൻ വഴി സംവിധായകൻ ഐ.വി.ശശിയുമായി നല്ല സുഹൃദ്ബന്ധം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞു. ഐ.വി.ശശിയുടെ "അർഹത" എന്ന ചിത്രത്തിന്റെ ചിത്രീകരണ സമയത്ത് തിക്കുറിശ്ശി സുകുമാരൻ നായരുടെ അനുഗ്രഹവും വാങ്ങി മോഹൻലാലിനോടൊപ്പം ഒരു ഫാക്ടറി തൊഴിലാളിയുടെ ചെറിയ വേഷം ചെയ്തുകൊണ്ടാണ് സിനിമാരംഗത്തേക്കുള്ള പ്രവേശനം. ഇപ്പോൾ നാടകങ്ങളെല്ലാം വളരെക്കുറവായതിനാൽ അമ്പലത്തിലെ ആഘോഷ വരവിനോടനുബന്ധിച്ച് ദേവകലാ നൃത്തം അവതരിപ്പിച്ചുവരുന്നു. എന്നാൽ പുതിയൊരു പരീക്ഷണത്തിലാണ്. ആദ്യം നാരിയായി നൃത്തരംഗത്തും നാടകരംഗത്തും ശോഭിച്ച ഈ കലാകാരൻ പിന്നീട് നരനായി. സിനിമാരംഗത്ത് കിട്ടുന്ന വേഷങ്ങൾ കൊണ്ട് അവിടേയും തന്റെ കഴിവ് തെളിയിച്ചുവെങ്കിലും ഇപ്പോൾ പാതി നാരിയും പാതി നരനുമായ അർദ്ധനാരീശ്വര വേഷത്തിലാണ് കൂടുതലും നൃത്തമവതരിപ്പിക്കാറ്. അതായത് പകുതിശിവനും പകുതി പാർവ്വതിയും. രണ്ടിനും രണ്ടുതരം മേക്കപ്പും ആഭരണങ്ങളും, വസ്ത്രധാരണവുമായതിനാൽ മേക്കപ്പിന് വളരെയേറെ ബുദ്ധിമുട്ടുകൾ വരാറുണ്ട്. എന്റെ കലാജീവിതത്തിൽ നന്ദിയും കടപ്പാടുമുള്ള ഒട്ടേറെ പേരുണ്ടെങ്കിലും പാലക്കാട്ടുകാരൻ ഗോപാലേട്ടൻ, ഐ.വി.ശശി സാർ, പ്രൊഡക്ഷൻ കൺട്രോളർ സെവൻആർട്സ് മോഹൻസാർ, കോട്ടയം സജിസാർ എന്നിവർ അവരിൽ ചിലരാണ്. ഇവരോടൊക്കെയുള്ള നന്ദിയും കടപ്പാടും എന്നും മനസ്സിൽ മായാതെ സൂക്ഷിക്കുന്നു. ഒരു കലാകാരനായി വളർന്ന എനിക്ക് ഒരു കലാകാരനായി തന്നെ മരിക്കണമെന്നാണ് മോഹം. എന്റെ അന്ത്യവും അരങ്ങിൽ വച്ചായിരിക്കണമേ എന്നാണ് പ്രാർത്ഥന. നൃത്തവും അഭിനയവും എനിക്ക് എന്റെ രണ്ടു കണ്ണുകളായാണ് കാണുന്നത്. അരങ്ങിൽ സ്ത്രീയായും സ്ക്രീനിൽ പുരുഷനായും ഇപ്പോൾ അർദ്ധനാരീശ്വരനായും അരങ്ങത്ത് തുടരുന്ന ഞാൻ പഴയൊരു നാടക നടൻ കൂടിയായിരുന്ന അന്തരിച്ച മമ്മിളിചെറേക്കാട്ട് നാരായണൻ പണിക്കരുടേയും ദേവകിയമ്മയുടേയും മകനാണ്. ഉടുമ്പ്ര താന്നിയിൽ നാരായണൻ നമ്പ്യാരുടെ മകൾ രാജലക്ഷ്മിയാണ് ഭാര്യ. ഏക മകൻ വിഷ്ണു. ■



വിലാസം: കൊമ്മേരി സുകുമാരൻ
കോഴിക്കോട് - 7.
മൊബൈൽ: 9744898739

*(19-ാം പേജിൽ നിന്നും തുടർച്ച...)*

പുതിയ 42 ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ചു.

**വാർഡ്-49 സി.കെ. രേണുകാദേവി**




112 ലക്ഷം രൂപയുടെ വികസന പ്രവർത്തനം നടന്നു. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും കഴിഞ്ഞു. നടക്കാവ് യു.പി. സ്കൂൾ കെട്ടിടം അറ്റകുറ്റ പണി, അംഗനവാടിക്ക് പുതിയ കെട്ടിടം, നടക്കാവിലെ കോർപ്പറേഷൻ തൊഴിലാളികളുടെ കോർട്ടേഴ്സ് നവീകരിക്കൽ തുടങ്ങിയ നടപടികളും കൈകൊണ്ടു.

**വാർഡ്-50 പി. കിഷൻചന്ദ്**



ഒരു കോടി രൂപയിൽപരം നിർമാണ പ്രവർത്തികൾ നടന്നുകഴിഞ്ഞു. പുതിയ റോഡ് നിർമ്മാണം നിലവിലുള്ളവയുടെ അറ്റകുറ്റ പണി, സ്ട്രീറ്റ് ലൈറ്റ് മാറ്റിവെക്കൽ കുടിവെള്ള ടാപ്പ് സ്ഥാപിക്കൽ എന്നീ കാര്യങ്ങൾ പുരോഗതിയുണ്ടായി.

**വാർഡ്-51 പി. മാമുകോയഹാജി**



കടലോരമേഖല. കൂടുതൽ ചേരി പ്രദേശം ചേരിപരിഷ്കരണ ഫണ്ട് കാര്യമായി വിനിയോഗിച്ചിട്ടുണ്ട്. മൊത്തം രണ്ടുകോടിയോളം രൂപ വാർഡിൽ ചിലവഴിച്ചിട്ടുണ്ട്.

**വാർഡ്-52 കെ.വി. ബാബുരാജ്**



125 ലക്ഷം രൂപ ചിലവഴിച്ച് പൊതുവായ വികസന പ്രവർത്തനങ്ങളും 36 ലക്ഷം രൂപയ്ക്കുള്ള വികസന പ്രവർത്തനങ്ങളുമാണ് വാർഡിൽ ഏറ്റെടുത്തിട്ടുള്ളത്. ചേരി പരിഷ്കരണത്തിന്റെ ഭാഗമായി തോപ്പയിൽ അംഗൻവാടിക്ക് നവീകരിച്ച രീതിയിലുള്ള കെട്ടിടം പണികഴിപ്പിച്ചു. നിലവിൽ കോർപ്പറേഷൻ സ്ഥാപിക്കുന്ന തെരുവു വിളക്കുകൾക്കു പുറമെ തീരദേശ മേഖലയിൽ സുനാമി ഫണ്ട് ഉപയോഗിച്ച് തെരുവുവിളക്കുകൾ സ്ഥാപിച്ചു.

**വാർഡ്-53**


**പ്രൊഫ. പി.ടി. അബ്ദുൾ ലത്തീഫ്**



22 പ്രവർത്തികൾക്കായി 123 ലക്ഷം രൂപ ഇതിനകം ചിലവഴിച്ചു. തെരുവു വിളക്കുകൾ സ്ഥാപിപ്പിക്കുന്നതിലും വലിയ പുരോഗതി കൈവരിച്ചു. അഴകിൽ ഇട വഴി, കോഴിത്താർ വയൽ ഡ്രയിനേജ്, ചെറോട്ടുവയൽ ഡ്രയിനേജ്, കനകാലയ ബാങ്കിൽ നിന്നും പടിഞ്ഞാറോട്ടുള്ള വഴി, എച്ച്.ആർ. റോഡ് റീസോളിംഗ്, കുമ്മട്ടികുളം വയൽ ഡ്രയിൻ കവറിംഗ് സ്ലാബ്, കുമ്മട്ടികുളം സ്മശാനം റോഡ് തുടങ്ങി നിരവധി റോഡുപണികൾ നടന്നു.

**വാർഡ്-54 അഡ്വ. വി.വി. ശിവദാസൻ**

വാർഡിൽ ഒരു കോടി 30 ലക്ഷം രൂപയുടെ നിർമാണം ഇതിനകം നടന്നുകഴിഞ്ഞു. സ്ട്രീറ്റ്ലൈറ്റ് സംവിധാനം, കുടിവെള്ള സംവിധാനം



എന്നിവയിൽ പുരോഗതി. ഗസ്റ്റാലി റോഡ് അഭിവൃദ്ധിപ്പെടുത്തൽ വേളാവയൽ അംഗൻവാടി റോഡ് തുടങ്ങിയ നിരവധി മരാമത്ത് പ്രവർത്തികൾ നടന്നത് ഈ കൗൺസിലിലെ പ്രധാന പ്രവർത്തികളിൽ ചിലതാണ്.

**വാർഡ്-55 ആശ ശശാങ്കൻ**



110 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ഭൂരിപക്ഷം പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചേരി പരിഷ്കരണത്തിന്റെ ഭാഗമായി പുതിയ കടപ്പുറം ചേരിയിൽ 30 ലക്ഷം രൂപയുടെ പ്രവർത്തി ഇതിനകം വാർഡിൽ നടത്തുന്നതിനു കഴിഞ്ഞിട്ടുണ്ട്. വരക്കൽ ഗവ: യു.പി. സ്കൂളിന്റെ അറ്റകുറ്റ പണി നടത്തുന്നതിനും 4 ലക്ഷം രൂപ ചിലവഴിച്ചു. പുതുതായി 4 അംഗൻവാടികൾക്ക് കെട്ടിടം നിർമിച്ചു. തീരമൈത്രി സൂപ്പർമാർക്കറ്റ് വരയ്ക്കൽ റോഡിൽ ആരംഭിച്ചു. 6 പുതിയ പൊതു ടാപ്പുകൾ സ്ഥാപിച്ചു■

# കുഷ്യൻ



**അരുന്ധതിദേവി. കെ.പി.**
നാലാതരം, സെന്റ്ജോസഫ്സ്
ആംഗ്ലോ ഇന്ത്യൻസ് ഗേൾസ്
ഹയർ സെക്കണ്ടറി സ്കൂൾ,
കോഴിക്കോട്

**എ**ന്റെ വീട്ടിലെ ചെയർ കുഷ്യൻ കീറിപ്പോയി. എനിക്ക് തുന്നാൻ അറിയില്ല. കുഷ്യൻ തുന്നാൻ വേണ്ടി ഞാൻ എന്റെ അമ്മേന്റെ വീട്ടിലേക്കു പുറപ്പെടാൻ ഒരുങ്ങി... കുഷ്യൻ മടക്കി കവറിലിട്ടു. എനിക്ക് അവിടെ എത്തണമെങ്കിൽ ബസ് കയറി ഗ്രാമത്തിലെത്തി അവിടെനിന്നും കിലോമീറ്ററുകൾ നടക്കണം. സൂര്യൻ കത്തിക്കാളുന്ന നട്ടുച്ചനേരത്ത് ഞാൻ എന്റെ അമ്മേടെ വീട്ടിൽ എത്തി. അമ്മ കവറ് തുറന്നുനോക്കികൊണ്ട് എന്നോട് ചോദിച്ചു. എന്താ ഇത് സ്പോഞ്ചോ എന്ന്. അന്നേരം ഞാൻ പറഞ്ഞു: അയ്യോ കവറിൽനിന്ന് എല്ലാ സ്പോഞ്ചും പുറത്തുവന്നോ? ഞാൻ ഇത് തുന്നാനായിട്ടാ ഇവിടെ കൊണ്ടോന്നത്. ഇവിടെ എത്തുമ്പോഴേക്കും സ്പോഞ്ചുമുഴുവൻ പുറത്തു പോയതാ? ഞാനും അമ്മയും ചേർന്ന് അത് തുന്നിചേർത്ത് കുഷ്യനാക്കി വീട്ടിലേക്ക് തിരിച്ചുപോന്നു.

# കോഴിക്കോട് കോർപ്പറേഷൻ

# സ്ഥാനാർത്ഥികൾ

**2010 ഒക്ടോബർ 23ന് നടക്കുന്ന കോഴിക്കോട് നഗരസഭാ തെരഞ്ഞെടുപ്പ് വാർഡുകളിൽ മത്സരരംഗത്തുള്ള സ്ഥാനാർത്ഥികൾ**

| വാർഡ് 1 – എലത്തൂർ: | |
|---|---|
| കല്ലാരംകെട്ടിൽ കൃഷ്ണൻ (സി.പി.ഐ.എം) | |
| സുനിൽഗർ ജുഗൽബാബു (കോൺ) | |
| അനിൽകുമാർ (ബി.ജെ.പി) | |
| പി.ഭരതൻ (ബി.എസ്.പി) | |
| മുഹമ്മദ് ഹനീഫ (എസ്ഡിപിഐ) | |
| വത്സൻ (സ്വതന്ത്രൻ) | |
| നാലകത്ത് അബ്ദുറഹിമാൻ | |
| കല്ലോത്ത്താഴത്ത് അബ്ദുറഹിമാൻ (സ്വതന്ത്രൻ) | |

| വാർഡ് 2 – ചെട്ടിക്കുളം: | |
|---|---|
| കെ.നിഷ (സിപിഐഎം) | |
| പുഷ്പ (കോൺ) | |
| റസീന (എസ്ഡിപിഐ) | |
| ജിഷ (സ്വതന്ത്രൻ) | |
| ഉഷ (സ്വതന്ത്രൻ) | |
| പുഷ്പ (സ്വതന്ത്രൻ) | |

| വാർഡ് 3 – എരഞ്ഞിക്കൽ: | |
|---|---|
| കെ.ഹാജിറ (സിപിഐ എം) | |
| സുഗിത (കോൺ) | |
| മഹിജ (ബിജെപി) | |
| കാർത്ത്യായനി (ബിഎസ്പി) | |
| സുഗീത (സ്വതന്ത്രൻ) | |

| വാർഡ് 4 – പുത്തൂർ: | |
|---|---|
| എം.രാധാകൃഷ്ണൻ (സിപിഐ എം) | |
| സത്താർ പൈക്കാട്ട് (കോൺ) | |
| പുഷ്പരാജൻ (ബിജെപി) | |
| സത്താർ (സ്വതന്ത്രൻ) | |
| റോഷൻബാബു (സ്വതന്ത്രൻ) | |
| നെല്ലോളി രാധാകൃഷ്ണൻ (സ്വതന്ത്രൻ) | |

| വാർഡ് 5 – മൊകവൂർ: | |
|---|---|
| ലിംന (എൻസിപി) | |
| സജിത കൈപ്പുറത്ത് താഴത്ത് (കോൺ) | |
| അടിമാറിനിലം ഷിനി (ബിജെപി) | |

| വാർഡ് 6 – കുണ്ടുപറമ്പ്: | |
|---|---|
| മഞ്ജു (സിപിഐ എം), | |
| ശാന്ത (കോൺ) | |
| ഭഗവതിക്കാവ് ഉഷ (ബിജെപി) | |

# കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| | |
|---|---|
| **വാർഡ് 7 – കുരവശ്ശേരി:** | |
| വി. സുധീർ (സിപിഐ എം) | |
| പി. സുരേന്ദ്രൻ (യുഡിഎഫ് സ്വത) | |
| ശശിധരൻ (ബിജെപി) | |
| കെ. സുരേന്ദ്രൻ (സ്വതന്ത്രൻ) | |
| കെ. സുരേന്ദ്രൻ (സ്വതന്ത്രൻ) | |
| ടി. സുരേന്ദ്രൻ (സ്വതന്ത്രൻ) | |
| **വാർഡ് 8 – മലാപറമ്പ്:** | |
| പ്രൊഫ. പി. ടി. അബ്ദുൾലത്തീഫ് (സിപിഐ എം) | |
| ആനന്ദൻ (കോൺ) | |
| സുധീർ (ബിജെപി) | |
| ഹരിദാസൻ (ബിഎസ്പി) | |
| ഗോപിദാസൻ (സ്വതന്ത്രൻ) | |
| **വാർഡ് 9 – തടമ്പാട്ടുതാഴം:** | |
| ഒ. സദാശിവൻ (സിപിഐ എം), | |
| ഷെറിൻബാബു (കോൺ) | |
| സഹദേവൻ (ബിഎസ്പി) | |
| ചന്ദ്രദാസൻ (സ്വതന്ത്രൻ) | |
| ജറീർ (സ്വതന്ത്രൻ) | |
| ചന്ദ്രഹാസൻ (സ്വതന്ത്രൻ) | |
| എൻ. അബ്ദുൾറഷീദ് (സ്വതന്ത്രൻ) | |
| **വാർഡ് 10 – വേങ്ങേരി:** | |
| എം. ശ്രീധരൻ (സിപിഐ എം) | |
| മൂത്താടിക്കൽ രവീന്ദ്രൻ (കോൺ) | |
| താവാട്ട് പത്മനാഭൻനായർ (സ്വതന്ത്രൻ) | |
| കിഴക്കെ ചേരിക്കുന്നുമ്മൽ ഷറഫുദ്ദീൻ (സ്വതന്ത്രൻ) | |
| രവീന്ദ്രൻ (സ്വതന്ത്രൻ) | |

| | |
|---|---|
| **വാർഡ് 11 – പൂളക്കടവ്:** | |
| ജാനമ്മ (സിപിഐ എം) | |
| വലിയപറമ്പിൽ ജയറാണി (ഐഎൻഎൽ) | സ്കെയിൽ |
| പയ്യത്തോടിൽപറമ്പ് നിവേദിത (ബിജെപി) | |
| കോളനി ബിന്ദു | |
| ഫാത്തിമ (ഇരുവരും സ്വത.). | |
| **വാർഡ് 12 – പാറോപ്പടി:** | |
| എൽസി (സിപിഐ) | |
| ശോഭിത (കോൺ) | |
| പയ്യത്തോട്ടത്തിൽ ദിവ്യ (ബിജെപി) | |
| അന്നമ്മ ജോർജ്ജ് (സ്വതന്ത്രൻ) | |
| ശോഭിത (സ്വതന്ത്രൻ) | |
| **വാർഡ് 13 – സിവിൽസ്റ്റേഷൻ:** | |
| ബാലഗോപാലൻ (സിപിഐ എം) | |
| കോയമ്പറത്ത് സത്യനാഥൻ (കോൺ) | |
| കാനങ്ങോട്ട് രാജൻ (ബിജെപി) | |
| **വാർഡ് 14 – ചേവരമ്പലം:** | |
| കെ. ടി. പത്മജ (സിപിഐ എം) | |
| ബീനാ ജോസഫ് (കേരള കോൺ. എം) | |
| കല്ലുവെട്ടിക്കുഴിപറമ്പ് പുഷ്പലത (ബി. ജെ. പി.) | |
| വടക്കേകുളങ്ങരക്കണ്ടി പുഷ്പ (സ്വതന്ത്രൻ) | |
| ലതാ ശിവദാസൻ (സ്വതന്ത്രൻ) | |
| **വാർഡ് 15 – വെള്ളിമാട്കുന്ന്:** | |
| രാഘവൻ (എൽഡിഎഫ് സ്വത) | |
| ബാലഗോപാലൻ (കോൺ) | |
| കെ. വേലായുധൻ (ബിജെപി) | |
| രാഘവൻ (ബിഎസ്പി) | |
| എൻ. കെ ആനന്ദൻ (സ്വതന്ത്രൻ) | |
| കെമൊയ്തീൻകോയ (സ്വതന്ത്രൻ) | |

# കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| വാർഡ് 16 – മൂഴിക്കൽ: | |
|---|---|
| എം. പി. ഹമീദ് (സി. പി. ഐ എം) | |
| അബ്ബാസ് (മുസ്‌ലിംലീഗ്) | |
| പുതുക്കുടി ചന്ദ്രൻനായർ (ബിജെപി) | |
| അബ്ബാസ് (സ്വതന്ത്രൻ) | |
| അബ്ദുൾ ഹമീദ് (സ്വതന്ത്രൻ) | |
| പി. യൂസഫ് (സ്വതന്ത്രൻ) | |

| വാർഡ് 17 – ചെലവൂർ: | |
|---|---|
| സി. എം. ജംഷീർ (സിപിഐ എം) | |
| ഷിനോജ്കുമാർ (കോൺ) | |
| എഴുന്നമണ്ണിൽ രവി (ബിജെപി) | |
| രവി (സ്വതന്ത്രൻ) | |
| രവീന്ദ്രൻ (സ്വതന്ത്രൻ) | |
| തൽഹത്ത് മുഹമ്മദ് (സ്വതന്ത്രൻ) | |
| ജംഷീർ (സ്വതന്ത്രൻ) | |
| വി. ഷിനോജ്കുമാർ (സ്വതന്ത്രൻ) | |

| വാർഡ് 18 – മായനാട്: | |
|---|---|
| കെ. ബീന (സിപിഐ എം) | |
| ആമിന (ലീഗ്) | |
| നടുള്ളാട്ടിൽ മൈമൂന (എസ്ഡിപിഐ) | |
| ആമിന (സ്വതന്ത്രൻ) | |
| എംസുജാത (സ്വതന്ത്രൻ) | |

| വാർഡ് 19 – മെഡിക്കൽകോളേജ് സൗത്ത്: | |
|---|---|
| ഇ. എം. സോമൻ (സിപിഐ എം) | |
| വിശ്വനാഥൻനായർ (കോൺ) | |
| ചന്ദനപ്പുറത്ത് ഗണേഷ്കുമാർ (ബിജെപി) | |
| വിശ്വനാഥൻ (സ്വതന്ത്രൻ) | |
| സിറാജുദ്ദീൻ (സ്വതന്ത്രൻ) | |

| വാർഡ് 20 – മെഡിക്കൽ കോളേജ്: | |
|---|---|
| എം. മോഹനൻ (സിപിഐ എം) | |
| സി. രവീന്ദ്രൻ (കോൺ) | |
| ശ്രീവിഹാർ സുധീർ (ബിജെപി) | |
| മടാട്ട് മോഹനൻ (സ്വതന്ത്രൻ) | |
| രവീന്ദ്രൻ (സ്വതന്ത്രൻ) | |
| കെ. പി. ഖാലിദ് (സ്വതന്ത്രൻ) | |

| വാർഡ് 21 – ചേവായൂർ: | |
|---|---|
| എൻ. കെസുധ (സിപിഐ എം) | |
| വിദ്യ (കോൺ) | |
| പാണരിക്കണ്ടി പറമ്പ് ഇന്ദിര (ബിജെപി) | |
| ഹേമലത (സ്വതന്ത്രൻ) | |
| സക്കീന (സ്വതന്ത്രൻ) | |

| വാർഡ് 22 – കോവൂർ: | |
|---|---|
| മീരാ ദർശക് (സിപിഐ എം) | |
| കെ. പി. ജിഞ്ജു (കോൺ) | |
| കളത്തിൽ പറമ്പ് മിനി (ബിജെപി). | |

| വാർഡ് 23 – നെല്ലിക്കോട്: | |
|---|---|
| കെ. ദേവകി (സിപിഐ എം) | |
| ഉഷാരത്നം പാറക്കണ്ടി (കോൺ) | |
| മണക്കോട്ടുമീത്തൽ ബേബി (ബിജെപി) | |
| പാറക്കണ്ടി ഉഷ (സ്വതന്ത്രൻ) | |

| വാർഡ് 24 – കുടിൽതോട്: | |
|---|---|
| കെ. ടി. സജിത (സിപിഐ എം) | |
| അനിത (കോൺ) | |
| കാഞ്ഞിരക്കണ്ടി പറമ്പ് രാധ (ബിജെപി) | |
| അനിത (സ്വതന്ത്രൻ) | |

# കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| വാർഡ് 25 – കോട്ടൂളി: | |
|---|---|
| അനിത (എൻസിപി) | |
| ഷെർളി പ്രമോദ് (കോൺ) | |
| കുന്നുമ്മൽപറമ്പ് പ്രസന്ന (ബിജെപി) | |
| ഷെറി (സ്വതന്ത്രൻ) | |

| വാർഡ് 26 – പറയഞ്ചേരി: | |
|---|---|
| കെ. രവീന്ദ്രൻ (സിപിഐ എം) | |
| കെ. സുരേഷ് (കോൺ) | |
| കോളേരിമീത്തൽ വിനു (ബിജെപി) | |
| കടാങ്കുന്നത്ത് സുരേഷ് (സ്വതന്ത്രൻ) | |
| പ്രകാശൻ (സ്വതന്ത്രൻ) | |

| വാർഡ് 27 – പുതിയറ: | |
|---|---|
| പി. എം. വി. പണിക്കർ (സിപിഐ എം) | |
| കെ. ശ്രീകുമാർ (കോൺ) | |
| അഡ്വ. എം. രജീഷ് (ബിജെപി) | |
| അശോകൻ (ബിഎസ്പി) | |
| കെ. മനോജ്കുമാർ (സ്വതന്ത്രൻ) | |
| ശ്രീകുമാർ (സ്വതന്ത്രൻ) | |

| വാർഡ് 28 – കുതിരവട്ടം: | |
|---|---|
| അഡ്വ. ചേമ്പിൽ വിവേകാനന്ദൻ (സിപിഐ എം) | |
| എം. ടി. സേതുമാധവൻ (കോൺ) | |
| കെ. പി. മധുസൂദനൻ (ബിജെപി). | |

| വാർഡ് 29– പൊറ്റമ്മൽ: | |
|---|---|
| പ്രൊഫ. എ. കെ. പ്രമേജം (സിപിഐ എം) | |
| മറിയക്കുട്ടി ജേക്കബ് (കോൺ) | |
| കോട്ടക്കുന്നത്ത് പ്രസീത (ബിജെപി). | |

| വാർഡ് 30 – കൊമ്മേരി: | |
|---|---|
| കെ. ബുൽസിയനാസർ (സിപിഐഎം) | |
| കവിതാ അരുൺ (യുഡിഎഫ് സ്വത) | |
| വലിയതറമ്മൽ ഷിനി (ബിജെപി) | |
| സുഹറാബി (സ്വതന്ത്രൻ) | |
| കവിത (സ്വതന്ത്രൻ) | |
| സാജിറ (സ്വതന്ത്രൻ) | |

| വാർഡ് 31 – കുറ്റിയിൽതാഴം: | |
|---|---|
| ടി. പി. കോയമോയ്തീൻ (സിപിഐ എം) | |
| ബാബു കിണാശേരി (കോൺ) | |
| നന്നാട്ട് ഉണ്ണികൃഷ്ണൻ (ബിജെബി) | |
| അയ്യപ്പൻ (ബിഎസ്പി) | |
| കോയമൊയ്തീൻ (സ്വതന്ത്രൻ) | |
| ബാബു കല്ലായ് (സ്വതന്ത്രൻ) | |

| വാർഡ് 32 – പൊക്കുന്ന്: | |
|---|---|
| എൽ. രമേശ് (സിപിഐ എം) | |
| കെ. ടി. ബീരാൻകോയ (ലീഗ്) | |
| വി. പി. സുധീർ (ബിജെപി) | |
| ബാബു (ബിഎസ്പി) | |
| നൗഷീർ (സ്വതന്ത്രൻ) | |
| ബീരാൻകോയ (സ്വതന്ത്രൻ) | |
| എൻ. രമേശൻ (സ്വതന്ത്രൻ) | |
| കെ. പി. ആർ. പ്രസാദ് (സ്വതന്ത്രൻ) | |
| വീരാൻകോയ (സ്വതന്ത്രൻ) | |
| കെ. വി. ജനാർദ്ദനൻ (സ്വതന്ത്രൻ) | |

## കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| | |
|---|---|
| **വാർഡ് 33 – കിണാശേരി:** | |
| സി.കെ.സബിത (സിപിഐ എം) | |
| ശ്രീവല്ലി രാമൻ (ലീഗ്) | |
| ദേവി (സ്വതന്ത്രൻ) | |
| വള്ളി രാധാകൃഷ്ണൻ (സ്വതന്ത്രൻ) | |
| സൗദാമിനി (സ്വതന്ത്രൻ) | |
| **വാർഡ് 34 – മാങ്കാവ്:** | |
| രാധാകൃഷ്ണദാസ് (സിപിഐ) | |
| കെ.സൗദാമിനി (കോൺ) | |
| രജിത (ബിജെപി). | |
| **വാർഡ് 35 – ആഴ്ചവട്ടം:** | |
| പതിയേരി ബാബുരാജ് (സിപിഐ എം) | |
| എൻ.സി.മോയിൻകുട്ടി (സോഷ്യലിസ്റ്റ് ജനത) | |
| പി.എം.രമേശ് (ബിജെപി) | |
| ബാബുരാജ് (സ്വതന്ത്രൻ) | |
| മുഹമ്മദ്കുട്ടി (സ്വതന്ത്രൻ) | |
| **വാർഡ് 36 – കല്ലായി:** | |
| കെ.എം.സാവിത്രി (സിപിഐ എം) | |
| എം.സി.സുധാമണി (കോൺ) | |
| പൂഞ്ചോല ഗീത (ബിജെപി) | |
| സാവിത്രി (സ്വതന്ത്രൻ) | |
| സുധ (സ്വതന്ത്രൻ) | |
| **വാർഡ് 37 – പന്നിയങ്കര:** | |
| പി.കെ.നാസർ (സിപിഐ) | |
| അഡ്വ.എ.വി.അൻവർ (ലീഗ്) | |
| എൻ.വി.ദിനേശൻ (ബിജെപി) | |
| നാസർ നടുവിൽ (സ്വതന്ത്രൻ) | |
| നാലകത്ത് ഷഫീഖ് (സ്വതന്ത്രൻ) | |
| ദിനേശൻ (സ്വതന്ത്രൻ) | |
| **വാർഡ് 38 – മീഞ്ചന്ത:** | |
| സി.കെ.ഗിരിജ (സിപിഐ എം) | |
| ഉഷാദേവി (കോൺ) | |
| പങ്കജം പൈക്കാട്ട് (ബിജെപി). | |
| **വാർഡ് 39 – തിരുവണ്ണൂർ:** | |
| പി.അംബിക (സിപിഐ എം) | |
| ആയിഷാബി പാണ്ടികശാല (യുഡിഎഫ് സ്വത) | |
| മത്തനാരി പറമ്പ് വത്സല (ബിജെപി) | |
| ആയിഷാബി (സ്വതന്ത്രൻ) | |
| ലളിതാംബിക (സ്വതന്ത്രൻ) | |
| **വാർഡ് 40 – അരീക്കാട് നോർത്ത്:** | |
| സൽമ റഹ്മാൻ (സിപിഐ എം) | |
| അഡ്വ. സജ്ന ആയിഷ (കോൺ) | |
| പനിക്കൽ സരസ്വതി (ബിജെപി) | |
| ചെന്നിക്കാട്ട് ഹസീന (സ്വത.). | |
| **വാർഡ് 41 – അരീക്കാട്:** | |
| പി.നഫീസ (സിപിഐ എം) | |
| ഖദീജ പോക്കർ (ലീഗ്) | |
| പട്ടേരിക്കൽ ലളിത (ബിജെപി) | |
| റുക്സാന (സ്വതന്ത്രൻ) | |
| നബീസ സെയ്തു (സ്വതന്ത്രൻ) | |
| **വാർഡ് 42 – നല്ലളം:** | |
| ബീനു അനിൽ (എൽഡിഎഫ് സ്വത.) | |
| സബിത കോടി (ലീഗ്) | |
| കുറ്റിക്കാട്ട് പറമ്പ് ഉഷ (ബിജെപി) | |
| തരിപണം പറമ്പ് ഷീബ (സ്വതന്ത്രൻ) | |
| ഷൈമ (സ്വതന്ത്രൻ) | |

## കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| വാർഡ് 43 – കൊളത്തറ: | |
|---|---|
| സി. സെറീന (സിപിഐ എം) | |
| എം. വി. അസ്മ (ലീഗ്) | |
| തോട്ടാങ്കുനി മിനി (ബിജെപി) | |
| ഫസില (സ്വതന്ത്രൻ) | |
| റഷീദ (സ്വതന്ത്രൻ) | |
| **വാർഡ് 44 – കുണ്ടായിത്തോട്:** | |
| ഗിരിജാ ഹരിദാസ് (സിപിഐ എം) | |
| കളത്തിങ്ങൽ സുലൈഖ (യുഡിഎഫ് സ്വത.) | സ്കെയിൽ |
| സരോജിനി മുള്ളത്ത് (ബിജെപി) | |
| കെ ബി മിനി (സ്വത). | |
| **വാർഡ് 45 – ചെറുവണ്ണൂർ ഈസ്റ്റ്:** | |
| എം. ശ്രീജ പരീഷ് (സിപിഐ എം) | |
| മക്കട പ്രസീത (യുഡിഎഫ് സ്വത) | |
| പ്രസീത (സ്വത.) | |
| **വാർഡ് 46 – ചെറുവണ്ണൂർ വെസ്റ്റ്:** | |
| ടി. മൊയ്തീൻകോയ (സിപിഐ എം) | |
| എം. രത്നാകരൻ (കോൺ) | |
| വിജയൻ മേനോക്കി (ബിജെപി) | |
| എം. എ. ഖയ്യൂം (സ്വതന്ത്രൻ) | |
| പുതിയപറമ്പ് ഫിറോസ് (സ്വതന്ത്രൻ) | |
| ടി. ഷംനാസ് (സ്വതന്ത്രൻ) | |
| യേശുദാസ് മുല്ലക്കൽ (സ്വതന്ത്രൻ) | സ്കെയിൽ |
| വിനോദ് ചെറുവണ്ണൂർ (സ്വതന്ത്രൻ) | |

| വാർഡ് 47 – ബേപ്പൂർ പോർട്ട്: | |
|---|---|
| പി. ജലജ (സിപിഐ എം) | |
| പി. രജനി ബാബു (ലീഗ്) | |
| പി. ലാലിമോൾ (ബി. ജെപി) | |
| **വാർഡ് 48 – ബേപ്പൂർ** | |
| തോട്ടുങ്ങൽ രജനി (സിപിഐ എം) | |
| പി. രജനി ബാബു (ലീഗ്) | |
| പി. ലാലിമോൾ (ബിജെപി) | |
| **വാർഡ് 49 – മാറാട്:** | |
| പൊന്നത്ത് ദേവരാജൻ (സിപിഐ എം) | |
| രമേശ് നമ്പിയത്ത് (കോൺ) | |
| മണമ്മൽ പത്മനാഭൻ (ബിജെപി) | |
| കെ. വി. റഫീഖ് (സ്വതന്ത്രൻ) | |
| ദേവദാസൻ (സ്വതന്ത്രൻ) | |
| **വാർഡ് 50 – നടുവട്ടം:** | |
| വെണ്ണക്കാട്ട് പ്രസീജ (സിപിഐഎം) | |
| എൻ. ബീന (സിഎംപി) | |
| ജയാ സദാനന്ദൻ (ബിജെപി). | |
| | |

# കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| വാർഡ് 51 – പുഞ്ചപ്പാടം: | |
|---|---|
| പി.വി. ഹൈദരാലി (സിപിഐ എം) | |
| സി.മാധവദാസ് (കോൺ) | |
| ബാലസുബ്രഹ്മണ്യം (ബിജെപി). | |


| വാർഡ് 52 – മാത്തോട്ടം: | |
|---|---|
| കെ.വി.സഹീറ (സിപിഐ എം) | |
| എ.സൈഫുന്നിസ (ലീഗ്) | |
| പ്രഭാവതി (ബിജെപി) | |
| സൽമ (എസ്ഡിപിഐ) | |
| സൈഫുന്നീസ (സ്വത). | |



| വാർഡ് 53 – മാത്തോട്ടം: | |
|---|---|
| തറയിൽ ഹസൻ (സിപിഐ എം) | |
| ഐ.മുഹമ്മദ് (ലീഗ്) | |
| കൃഷ്ണദാസ് (ബിജെപി) | |
| സജീർ (എസ്ഡിപിഐ) | |
| മുഹമ്മദ് റിയാസ് (സ്വതന്ത്രൻ) | |
| മുല്ലവീട്ടിൽ അബ്ദുൾ മുജീബ് (സ്വത.) | |


| വാർഡ് 54 – കപ്പക്കൽ: | |
|---|---|
| ടി.ടി.അസീസ് (സിപിഐ എം) | |
| പി വി അവറാൻ (ലീഗ്) | |
| അജിത്കുമാർ (ബിജെപി) | |
| പ്രകാശ്ബാബു (കേരള കോൺ.ബി) | |
| ജയഫർ (എസ്ഡിപിഐ) | |
| അസീസ് (സ്വതന്ത്രൻ) | |
| പി.വി.അവറാൻ (സ്വതന്ത്രൻ) | |
| അവറാൻകോയ (സ്വതന്ത്രൻ) | |
| അബ്ദുൾ അസീസ് (സ്വതന്ത്രൻ) | |
| സി.പി.എം.ഖലീൽ (സ്വതന്ത്രൻ) | |

| വാർഡ് 55 – പയ്യാനക്കൽ: | |
|---|---|
| സി പി മുസാഫിർ അഹമ്മദ് (സിപിഐ എം) | |
| ചാലിയിൽ മൊയ്തീൻകോയ (സിഎംപി) | |
| ദേവദാസ് (ബിജെപി) | |
| ജാഫർ (എസ്ഡിപിഐ) | |
| മൊയ്തീൻകോയ (സ്വതന്ത്രൻ) | |
| മൊയ്തീൻകോയ (സ്വതന്ത്രൻ) | |



# കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| വാർഡ് 56 – ചക്കുംകടവ്: | |
|---|---|
| എം. കെ. സ്വാമിനാഥൻ (സിപിഐ എം) |  |
| എം. പി. ബാബുരാജ് (കോൺ) |  |
| സുനിൽകുമാർ (ബിജെപി) |  |
| സിദ്ദീഖ് (എസ്ഡിപിഐ) |  |
| അനസ് യാസിൻ (ജനകീയ വികസന മുന്നണി) |  |
| ഷാജി (ജനപക്ഷം) | കൊഞ്ച് |
| ബാബു (സ്വതന്ത്രൻ) |  |
| ബാബുരാജ് (സ്വതന്ത്രൻ) |  |
| സ്വാമിനാഥൻ (സ്വതന്ത്രൻ) |  |
| ഉമ്മർകോയ (സ്വതന്ത്രൻ) |  |

| വാർഡ് 57 – മുഖദാർ: | |
|---|---|
| എ. എം. മറിയം (ഐഎൻഎൽ സെക്യുലർ) |  |
| ബ്രസീലിയ ഷംസുദ്ദീൻ (ഐഎൻഎൽ) | സ്കെയിൽ |
| മറിയം (എസ്ഡിപിഐ) |  |
| അസ്മാബി (സ്വതന്ത്രൻ) |  |
| മറിയംബി (സ്വതന്ത്രൻ) |  |
| മിസിരിയ (സ്വതന്ത്രൻ) |  |
| ഷഹർബാൻ (സ്വതന്ത്രൻ) |  |

| വാർഡ് – 58 കുറ്റിച്ചിറ: | |
|---|---|
| പി. എം. അബ്ദുൾനാസർ (എൻസിപി) |  |
| അബ്ദുള്ളകോയ (ലീഗ്) |  |
| എ. പി. അബ്ദുള്ളക്കോയ (സ്വതന്ത്രൻ) |  |
| അബ്ദുൾനാസർ (സ്വതന്ത്രൻ) |  |
| അബൂബക്കർകോയ (സ്വതന്ത്രൻ) |  |
| റഷീദ് (സ്വതന്ത്രൻ) |  |

| വാർഡ് – 59 ചാലപ്പുറം: | |
|---|---|
| ആമിനാബി ടി. സി. (എൽഡിഎഫ് സ്വത) |  |
| എം. ടി. പ്തമ (കോൺ) |  |
| കെ. എം. രാധ (ബിജെപി) |  |
| അസ്മ (സ്വത). |  |

| വാർഡ് – 60 പാളയം: | |
|---|---|
| ഇ. മുരളീധരൻ (സിപിഐ എം) |  |
| സക്കറിയ പി. ഹുസൈൻ (കോൺ) |  |
| വിജയകൃഷ്ണൻ (ബിജെപി) |  |
| അപ്പുണ്ണി (ബിഎസ്പി) |  |
| പ്രശാന്ത് (ശിവസേന) | |
| സക്കറിയ (സ്വതന്ത്രൻ) |  |
| എൻ. എം. സക്കറിയ (സ്വതന്ത്രൻ) |  |
| മാമുക്കോയ (സ്വതന്ത്രൻ) | |
| മുരളീധരൻ (സ്വതന്ത്രൻ) |  |
| സുരേഷ്കുമാർ (സ്വതന്ത്രൻ) |  |
| ദിലീപ്കുമാർ (സ്വതന്ത്രൻ) |  |

| വാർഡ് – 61 വലിയങ്ങാടി: | |
|---|---|
| പി. ടി. ആസാദ് (ജനതാദൾ എസ്) |  |
| കിഷൻചന്ദ് (സോഷ്യലിസ്റ്റ് ജനത) |  |
| ബിജോയ് (ബിജെപി) |  |
| ഹസൻ (സ്വതന്ത്രൻ) | സ്കെയിൽ |
| രാമചന്ദ്രൻ (സ്വതന്ത്രൻ) |  |
| കിഷോർ (സ്വതന്ത്രൻ) |  |

# കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| വാർഡ് – 62 മൂന്നാലിങ്ങൽ: | |
|---|---|
| ഹൻസ ജയന്ത് (ജനതാദൾ എസ്) | |
| ജീൻ മോസസ് (സോഷ്യലിസ്റ്റ് ജനത) | |
| ദീപ (ബിജെപി) | |
| കെ. ടി. സൗദാഹാഷിം (ജനകീയ വികസനമുന്നണി) | |
| ടെസി റോളണ്ട് (സ്വത.). | |
| **വാർഡ് – 63 തിരുത്തിയാട്:** | |
| ഒ. എം. ഭരദ്വാജ് (സിപിഐ എം) | |
| കെ. ടി. അരവിന്ദാക്ഷൻ (കോൺ) | |
| എം. പി. സന്തോഷ് (ബിജെപി). | |
| **വാർഡ് – 64 എരഞ്ഞിപ്പാലം:** | |
| എ. സീനി (സിപിഐ എം) | |
| ബീന വിനയൻ (കോൺ) | |
| രമാദേവി (ബിജെപി) | |
| ബീന വിജയൻ (സ്വത). | |
| **വാർഡ് – 65 നടക്കാവ്:** | |
| പൈക്കാട്ട് ജെ. സുധീര (സിപിഐ) | |
| അരങ്ങിൽ കമലാരഘുനാഥ് (സോഷ്യലിസ്റ്റ് ജനത) | |
| സരള മോഹൻദാസ് (ബിജെപി) | |
| ഉമാദേവി (ജനപക്ഷം) | കൊഞ്ച് |

| വാർഡ് – 66 വെള്ളയിൽ: | |
|---|---|
| എൻസി. അഹമ്മദ് (സിപിഐ എം) | |
| കെ. മുഹമ്മദാലി (ലീഗ്) | |
| കെ. ഷൈബു (ബിജെപി) | |
| എൻ. വി. ഗഫൂർ (എസ്ഡിപിഐ) | |
| സാബിർ (പിഡിപി) | |
| സി. വി. അഹമ്മദ് (സ്വതന്ത്രൻ) | |
| മുഹമ്മദാലി തോപ്പയിൽ (സ്വതന്ത്രൻ) | |
| മുഹമ്മദാലി മേടപറമ്പിൽ (സ്വതന്ത്രൻ) | |
| മുഹമ്മദാലി (സ്വതന്ത്രൻ) | |
| എം. പി. അഹമ്മദ് പാണ്ടിക്കുളങ്ങര (സ്വത.) | |
| | |
| **വാർഡ് – 67 തോപ്പയിൽ:** | |
| ടി. സുജൻ (സിപിഐ എം) | |
| എ. കെ. നാസർ (കോൺ) | |
| പി. പീതാംബരൻ (ബിജെപി) | |
| സുന്ദരൻ (സ്വതന്ത്രൻ) | |
| സുലൈമാൻ (സ്വതന്ത്രൻ) | |
| നാസർ (സ്വതന്ത്രൻ) | |
| വസുമതി (സ്വതന്ത്രൻ) | |



- SILK- DESIGNER SAREES
- CHURIDAR MATERIALS
- KIDS WEARS
- MENS WEARS
- NIGHT WEARS
- OTHER TEXTILE ITEMS

**NAKSHATRA**
SILKS & SAREES
P S C BANK BUILDING PANTHEERANKAVE
MOB: 9895282675



K.P.Sunilkumar
Mob: 9847390950
Ph: 0495-2702073
Resi: 9048594525



**Yes Key Electricals & Engineering Works**
Puthiyapalam
Calicut



Phone : 9605603529



**GEETHA MOTORS**
PUTHIYAPALA
KOZHIKODE



SANDEEP DAMODAR
94474 25777, 9349414141

**For Quality**
Studio Portraits & Out Door Groups, Wedding & Function Flash Photos in Colour - Black & White & Other Photographic Services...

**PHOTO SQUARE**
M.C. COLLEGE CROSS ROAD, KOZHIKODE - 673011
*PHOTOGRAPHY - VIDEOGRAPHY*



എല്ലാവിധ ഇൻഡസ്ട്രിയൽ
ജോലികൾക്കും സമീപിക്കുക

**ശാരദ**
**ഇൻഡസ്ട്രിയൽസ്**
കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് – 673 007
Mob: 9846412070





ഫോട്ടോസ്റ്റാറ്റ് 50 പൈസ
മുതൽ
A3 Express Color Print
2725458

**TIPS**

THE INSTANT PRINT SHOPPE

# കോഴിക്കോട് കോർപ്പറേഷൻ സ്ഥാനാർത്ഥികൾ

| വാർഡ് – 68 ചക്കോരത്ത്കുളം: | |
|---|---|
| സി.കെ. രേണുകാദേവി (സിപിഐ എം) | |
| കെ. പി. വിശാലം (കോൺ) | |
| പി. രമണീഭായി (ബിജെപി) | |
| സി. കെ. വി. ഖദീജ (സ്വതന്ത്രൻ) | |
| രജനീഭായി (സ്വതന്ത്രൻ) | |
| വിശാലാക്ഷി (സ്വതന്ത്രൻ) | |

| വാർഡ് – 69 കാരപ്പറമ്പ്: | |
|---|---|
| എം. സോമൻ നായർ (സിപിഐ എം) | |
| പി. ശ്രീകുമാരൻ (കോൺ) | |
| അനിൽകൃഷ്ണൻ (ബിജെപി) | |
| ഉണ്ണികൃഷ്ണൻ (ജനപക്ഷം) | കൊഞ്ച് |
| കോയിശേരി ഹാരിസ് (ജനകീയ വികസനമുന്നണി). | |

| വാർഡ് 70 – ഈസ്റ്റ്ഹിൽ: | |
|---|---|
| അഡ്വ. സൂര്യനാരായണൻ (എൻസിപി) | |
| കെ. കൃഷ്ണദാസ് (കോൺ) | |
| ബിനുരാജ് (ബിജെപി). | |

| വാർഡ് 71 – അത്താണിക്കൽ: | |
|---|---|
| എം. ശ്രീജ (സിപിഐ എം) | |
| സി. എസ്. സത്യഭാമ (കോൺ) | |
| സത്യഭാമ (സ്വതന്ത്രൻ) | |

| വാർഡ് 72 – വെസ്റ്റ്ഹിൽ: | |
|---|---|
| പി. ടി. രവിനാഥ് (സിപിഐ) | |
| അബ്ദുൾസലീം (കോൺ) | |
| പ്രകാശൻ (ബിജെപി) | |
| സിറാജുദ്ദീൻ (എസ്ഡിപിഐ). | |

| വാർഡ് 73 – എടക്കാട്: | |
|---|---|
| കെ. വി. ബാബുരാജ് (സിപിഐ എം) | |
| രവീന്ദ്രൻ (കോൺ) | |
| അനിൽകുമാർ (ബിജെപി) | |
| അബ്ദുൾഷമീർ (എസ്ഡിപിഐ). | |

| വാർഡ് 74 – പുതിയങ്ങാടി: | |
|---|---|
| വി. കെ. സാബിറ (സിപിഐ എം) | |
| സൗദാബി (ലീഗ്) | |
| എടക്കൽ താഴത്ത് ലീല (ബിജെപി). | |

| വാർഡ് 75 – പുതിയാപ്പ: | |
|---|---|
| വി. കെ. മോഹൻദാസ് (സിപിഐ എം) | |
| ഉമാനാഥൻ (കോൺ) | |
| ജനാർദനൻ (ബിജെപി). | |

## കുട്ടികൾക്കുവേണ്ടിയുള്ള ഹ്രസ്വ സിനിമ



# "തണ്ണീർ"

## ചിത്രീകരണം പൂർത്തിയായി

ആൾ കേരള ചിൽഡ്രൻസ് എജുക്കേഷൻ ഫിലിം ഫെസ്റ്റിവൽ 2010ൽ പങ്കെടുക്കുന്നതിന് ദൃശ്യകേളി മീഡിയ വിഷന്റെ ബാനറിൽ ടി.പി.സി. വളയന്നൂർ കഥ-തിരക്കഥ-സംഭാഷണമെഴുതി കുട്ടികൾക്കുവേണ്ടി നിർമ്മിക്കുന്ന ഹ്രസ്വ സിനിമ തണ്ണീർ മാവൂർ, കണ്ണിപറമ്പ്, തെങ്ങിലക്കടവ്, കുറ്റിക്കടവ് ലൊക്കേഷനുകളിൽ വെച്ച് ചിത്രീകരണം പൂർത്തിയായി.

"ജലം അമൂല്യമാണെന്നും, വിദൂരമല്ലാത്ത കാലഘട്ടത്തിൽ നമ്മൾക്ക് ഇഷ്ടത്തിനൊത്ത് കോരിയെടുക്കാനധികാരമുണ്ടാവുകയില്ലായെന്നും, ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും അനന്തരഫലമായി, കുത്തകകൾ വ്യവസായവൽക്കരിച്ചിരിക്കയാണെന്നും, ഒരു തുള്ളി ജലത്തിന് വേണ്ടി മനുഷ്യൻ ബുദ്ധിമുട്ട് അനുഭവിക്കുമെന്നും 15 മിനിറ്റ് ദൈർഘ്യമുള്ള ഈ ഹ്രസ്വ സിനിമ നമ്മൾക്ക് സൂചന നൽകുന്നു."

മാവൂർ ക്രസന്റ് പബ്ലിക് സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥി മാസ്റ്റർ അനുജിത്തിനോടൊപ്പം മാവൂർ വിജയൻ, മാമ്പറ്റ രാജൻ, ടി.പി.സി. വളയന്നൂർ തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രാജീവ് കൗതുകവും, മോഹൻദാസ് പൊറ്റമ്മൽ സംവിധാനവും നിർവ്വഹിച്ചു. ചമയം-കലാസംവിധാനം ജനാർദ്ദനൻ ചെറുകുളത്തൂർ, പ്രൊഡക്ഷൻ കൺട്രോളർ ഷമീർ പെരുമണ്ണ, പ്രൊഡ: എക്സിക്യൂട്ടീവ് വെള്ളനൂർ ബാലൻ, പ്രൊഡക്ഷൻ മാനേജർ ഒ.ടി. ചൂലൂർ തുടങ്ങിയവർ ഇതിന്റെ പിന്നണി പ്രവർത്തകരാണ്.


**P.V. ENTERPRISES**
DEALERS IN ELECTRICAL & PLUMBING MATERIALS
17/1894/A6, Abba Arcade Building, East Kottaparamba,
G.H. Road, Kozhikdoe-1. Ph: 2723262, Mob: 9387338100

**MANMKULAM ENTERPRISES**
Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130
ANCHOR PLYWOOD
Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

**UNIVERSAL COLLEGE**
MANKAVE, CALICUT - 7
*Classer for: Spoken English, Computer & Accountancy*
Contact No: 9387524341, 9895647906

6/253, Y.M.C.A, CROSS ROAD, CALICUT
Ph: K. Dileep Kumar 0495-2768441, 3202346
Mob: 9847844474, Resi: 2368612

Ph: Jamshi: 9847655044, Rajesh: 9847720820
CARPET, BLINDS & ALL INTERIOR WORKS,
OPP: CORNATION THEATRE, PAVAMANI ROAD, CALICUT-4.
Ph: 0495-4021166

**METRO AGENCIES**
24/1280, Near Gramin Bank, By-Pass Junction,
MANKAVE, CALICUT - 673 007
Ph: K.P.Salih Mob: 9447076116, Off: 3299495, Res: 2321471
Dealers in : CEMENT, STEEL, etc.

**NANDANA AUTO GARAGE**
Near Radhakrishnasramam,
CALICUT - 673 014
Ph: 0495-3245420

**THILAK PHOTOS**
DIGITAL STUDIO
KOVOOR, CALICUT - 673 008
Ph: 2355561, Mob: 9745305561

**Highness Cool Refrigeration & Air Conditions**
NEAR POST OFFICE, MANKAVE, CALICUT - 7
*(Service for Airconditioner, Refrigerator, Washing Machine, Spray Painting,etc.) Mob: 9349810003*

**ശിഖിൽ അലൂമിനിയം ഫാബ്രിക്കേഷൻ & ഫൈബർ വർക്സ്**
ഒളവണ്ണ, കൊടിനാട്ട്മുക്ക്, കോഴിക്കോട്. Mob: 9895975162
അലൂമിനിയം പാർട്ടീഷൻ, കിച്ചൻ കബോർഡ്, ഫൈബർ ഡോർ etc.

കഥ



# വീണ്ടുമൊരു ഇതിഹാസം

**കെ.വി. പ്രഭാകരൻ**

**പാ**ലക്കാടൻ ചുരം കടന്ന് വരുന്ന കാറ്റ് തലയുയർത്തി നിൽക്കുന്ന കരിമ്പനകളിലൂടെ ഒഴുകി ശരീരത്തെ പുണർന്നു. പാലക്കാടിന്റെ ചുട്ടുപൊള്ളലിൽ അല്പമൊരാശ്വാസം.

ഏതൊ നിയോഗംപോലെയാണ് ഖസാക്കിൽ എനിക്ക് അധ്യാപകനായി നിയമനം ലഭിച്ചത്. ഓ.വി.വിജയൻ ഖസാക്കിനെ ലോകശ്രദ്ധയിലേക്ക് പിടിച്ചുയർത്തിയ സന്ദർഭത്തിൽ അവിടം സന്ദർശിക്കണമെന്ന് ആഗ്രഹിച്ചതാണ്. പേര് കേട്ടാൽ അറേബ്യൻ നാട്ടിലെ ഒരു സ്ഥലമാണ് ഖസാക്കെന്ന് തോന്നും.

ഖസാക്കിലെ ഏകാധ്യാപക വിദ്യാലയത്തിലേക്ക് വിജയൻ എത്തിച്ചേർന്നതുപോലെ ഞാനും ഇവിടെ എത്തിയിരിക്കുകയാണ്. പ്രസ്തുത വിദ്യാലയത്തിന്റെ സ്ഥാനത്ത് ഇന്ന് ആയിരക്കണക്കിൽ കുട്ടികൾ പഠിക്കുന്ന ഹൈസ്ക്കൂളായി വളർന്നിരിക്കുന്നു.

വിജയൻ തന്റെ നോവലിൽ സൃഷ്ടിച്ച പ്രധാന കഥാപാത്രത്തിന്റെ പേര് തന്നെയായിരുന്നു എനിക്കും 'രവി'.

രവി വിജയൻ തന്നെയല്ലെ.

രവിയുടെ അനുഭവം എനിക്കും വന്നുചേരുമൊ എന്ന ആശങ്ക എന്നിൽ കടന്നുകൂടി.

കോഴിക്കോട്ട് നിന്നും പാലക്കാട്ടേക്ക് മൂന്നര മണിക്കൂർ യാത്ര. അങ്ങനെ അവിടെ നിന്നും കൂമൻകാവിലേക്ക്. സന്ധ്യ മയങ്ങിത്തുടങ്ങിയിരുന്നു. കരിമ്പനകൾ യക്ഷികളെപ്പോലെ മുടിയഴിച്ചിട്ട് തുള്ളാൻ തുടങ്ങി. സന്ധ്യാസമയത്താണ് വിഷസർപ്പങ്ങൾ ഇരതേടിയിറങ്ങുന്നത്. പ്രത്യേകിച്ചും പാലക്കാടൻ മണ്ണ് ഗന്ധകം നിറഞ്ഞതിനാൽ ഉഷ്ണാധിക്യമുള്ളതാണ്. അവിടെ വിഷസർപ്പങ്ങൾക്ക് താമസിക്കാൻ സൗകര്യവുമാണ്. ബാഗിലിരുന്ന ചെറിയ ടോർച്ചെടുത്ത് കൈയിൽ വച്ചു. കരിയിലകളിൽ കാറ്റ് പടരുമ്പോൾ വല്ലാതെ ഭയപ്പെട്ടു.

ഹെഡ്മാസ്റ്ററുടെ വീടെത്തുമ്പോഴേക്കും ഇരുട്ടിന് കട്ടി കൂടിയിരുന്നു. അയാൾ എന്നെ സ്വീകരിച്ചിരുത്തി. അകത്തേക്ക് നോക്കി ഭാര്യയെ വിളിച്ചു. ചായ കൊണ്ടുവരാൻ പറഞ്ഞു.

ഞാൻ ചായ കുടിക്കില്ലെങ്കിലും ആദ്യംതന്നെ അത് നിഷേധിക്കുന്നത് ശരിയല്ലല്ലൊ. ചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം വിഷത്തിലേക്ക് കടന്നു.

"രവീ... ഇന്നിവിടെ തങ്ങാം. സ്കൂളിനടുത്ത് തന്നെ ഒരു ചായക്കടയുണ്ട്. ചായയും പലഹാരവും അവിടെ നിന്നാകാം. ഉച്ചഭക്ഷണം കടക്കാരനോട് പറഞ്ഞാൽ ഏർപ്പാടാക്കിത്തരും. രാത്രി ഭക്ഷണത്തിന് അവിടംവരെ പോകേണ്ടിവരും. താമസിക്കാൻ ഏർപ്പാട് ചെയ്ത സ്ഥലം









അൽപം അകലെയാണ്.

“അതൊന്നും സാരല്യ... രാത്രിയിൽ സ്വയം പാകംചെയ്ത് കഴിക്കാമല്ലൊ.”

“അതാ നല്ലത്... ഇടയ്ക്കൊക്കെ ഇങ്ങട്ട് പോന്നോളൂ.”

രണ്ട് മുറിയും ഒരടുക്കളയുമുള്ള ആ വീട്ടിൽ ഹെഡ്മാസ്റ്ററും ഭാര്യയും രണ്ട് കുട്ടികളും. എനിക്കു വേണ്ടി അവരൊരു മുറി ഒഴിഞ്ഞുതന്നു. വരാന്തയിൽ കിടക്കാമെന്ന് പറഞ്ഞാൽ അവർ സമ്മതിക്കില്ലല്ലൊ. മാത്രമല്ല എപ്പോഴാണ് കരിമൂർഖൻ കയറിവരുന്നതെന്ന് പറയാനും പറ്റില്ല.

കിടക്കുമ്പോൾ ഓർമ്മയിലേക്ക് വിജയൻ കയറിവന്നു. അദ്ദേഹം വരച്ചുവച്ച ഗ്രാമവും ചെറിയ അങ്ങാടിയും ഇന്ന് മാറിപ്പോയിരിക്കുന്നു. വിജയനും വിജയൻ കണ്ടെടുത്ത കഥാപാത്രങ്ങളും അരങ്ങൊഴിഞ്ഞിരിക്കുന്നു. ആമിനയും, അപ്പുക്കിളിയും, നൈസാമലിയും, അള്ളാപിച്ച മൊല്ലാക്കയും, മൈമൂനയും, മാധവൻനായരും, പരുന്ത് രാവുത്തരും, കാളിയും നീലിയും, കുട്ടാപ്പുനാശാരിയും, ശിവരാമൻനായരുമൊക്കെ വിജയനോടൊപ്പം മനസ്സിലേക്ക് കയറിവരികയാണ്. ഇവരിൽ ചിലരെങ്കിലും ജീവിച്ചിരിപ്പുണ്ടാകുമൊ?

ഒരെഴുത്തുകാരനായ എനിക്കും വിജയന്റെ പാതയിലൂടെ സഞ്ചരിക്കണമെന്നുണ്ട്. എന്നാൽ രവിയെ സൃഷ്ടിച്ചപോലെ ഒരു കഥാപാത്രത്തെ സൃഷ്ടിക്കാനെനിക്ക് കഴിയില്ല. വിജയൻ കണ്ടെത്തിയ കഥാപാത്രങ്ങൾ ഈ ഗ്രാമത്തിന്റെ കോണിൽ എവിടെയങ്കിലും ജീവിച്ചിരിക്കുന്നുണ്ടാകാം. അവരെ കണ്ടെത്തുക എന്നത് എന്റെ കർമ്മമാണ്. രവി നടന്നുതീർത്ത വഴികളിലൂടെ എനിക്കും നടക്കണം.

കൂമൻകാവിലെ പ്രഭാതം ഊർപ്പം നിറഞ്ഞതായിരുന്നു. പ്രഭാത കർമ്മങ്ങൾ കഴിഞ്ഞ് ഹെഡ്മാസ്റ്റർക്കൊപ്പം സ്കൂളിലേക്ക് പുറപ്പെട്ടു. അപരിചിതത്വം നിറഞ്ഞ വഴികളിലൂടെ പരിചയം നടിച്ച് നടന്നു. ആദ്യദിവസം പരിചയപ്പെടൽ എന്ന ചടങ്ങ്. വൈകീട്ട് പ്യൂൺ കുട്ടിശങ്കരന്റെ കൂടെ താമസസ്ഥലത്തേക്ക്. വീട് തുറന്ന് കുട്ടിശങ്കരൻ താക്കോൽ എന്നെ ഏൽപിച്ചു. പിന്നെ അവൻ



യാത്ര പറഞ്ഞിറങ്ങി. ക്ഷീണംമാറ്റാൻ ഞാൻ കട്ടിലിൽ കിടന്നു. പുറത്ത് കാൽപെരുമാറ്റം കേട്ട് പുറത്തേക്ക് വന്നു. നീട്ടിവളർത്തിയ താടിയും തലേക്കെട്ടുമുള്ള ഒരാൾ. കണ്ടിട്ട് ഇസ്‌ലാമാണെന്ന് പെട്ടെന്ന് മനസ്സിലായി.

“പുതിയ മാസ്റ്റാ ല്ലേ” അയാൾ ചോദിച്ചു.

“അതെ... ആര് പറഞ്ഞു..?”

“കുട്ടിഷങ്കരൻ”

“എവിട്യാ വീട്...‘

“ഇതാ അപ്പറത്ത് തന്നെ” അയാൾ ചൂണ്ടിയ ഭാഗത്തേക്ക് നോക്കി. അയാൾ തുടർന്നു.

“അതാ ഞമ്മന്റെ പൊര..”

“പേര്?”

“അവ്വോക്കറ്...”

എനിക്ക് അള്ളാപിച്ച മൊല്ലാക്കെയെയാണ് ഓർമ്മ വന്നത്.

“ഞമ്മന്റെ മോളാ സൈനബ...” ഓളിങ്ങനെ സ്കോളിലാ... ഏഴാംക്ലാസ്സില്... ഇങ്ങക്കോളെ പടിപ്പിക്കാനൊണ്ടൊ?”

“ഞാൻ ഹൈസ്കൂൾ ക്ലാസ്സിലാ..”

“എടക്കി ഞമ്മന്റെ കുടീല് ബരണം...”

“തീർച്ചയായും.”

അയാൾ പോയി. അടുത്ത ദിവസം അയൽക്കാരുമായി പരിചയപ്പെട്ടു. അന്നുതന്നെ അബൂബക്കറുടെ വീട്ടിലും പോയി. അയാളുടെ ഭാര്യ റഹ്മത്തും മകൾ സൈനബയും എന്നെ സ്വീകരിച്ചു.

“മാസ്റ്റ്ക്കിത്തിരി ചായത്തണ്ണി..”

“വേണ്ട... ഞാൻ ചായ കുടിക്കില്ല്യ.”

“ആരിത്... ഞമ്മന്റെ മാസ്റ്ററൊ..! ങ്ങളെന്താ ബന്ന കാലില് നിക്ക്ണ്. കുത്തിരിക്കപ്പാ..”

അബൂബക്കർ വീട്ടിലേക്ക് കയറി വന്നുകൊണ്ട് പറഞ്ഞു. പിന്നെ തുടർന്നു.

“ഞമ്മളും ബീടരും ഞമ്മക്കൊരു മോളും... പിന്നെ കൊറച്ചാടേളും.. അതാ ഞമ്മന്റെ കുടുംബം..”

“സന്തുഷ്ട കുടുംബം അല്ലെ...?”

“മാഷ്ക്ക് സുബൈക്ക് തിന്നാൻ ബല്ലതും?”

“വേണ്ട... സ്കൂളിനടുത്തുളള അസ്സയിനാര്ടെ കടേന്ന് ഏർപ്പാടാക്കാമെന്ന് വിചാരിക്ക്യാ...”

“അതേതായാലും... നന്നായി...” പച്ചേങ്കില് മോന്തിക്ക്...”

“അതാ പ്രയാസം... അത്രയും ദൂരം നടക്കണം... അല്ലെങ്കില് രാത്രിയിൽ ഭക്ഷണം കഴിച്ചിട്ട് ഇങ്ങ് പോരണം..”

“അത് ബേണ്ട മാസ്റ്റെ.... രാത്തിരീല് ഞമ്മള് അനത്തിത്തരാ...”

“അത് ബുദ്ധിമുട്ടല്ലെ...”

“എന്ത്ര്ത്ത് പുത്തിമുട്ട്... ഇക്കാര്യത്തില് ഇങ്ങള് വേജാറാകണ്ട..”

“അതി രാവിലെ ഒരു ഗ്ലാസ്സ് പാല് കിട്ട്യാല്..”

“അയിനെന്താ? പിന്നെ ആട്ടിൻ പാലാ..”

“ആയിക്കോട്ടെ...”

അടുത്ത ദിവസം മുതൽ സൈനബ കാലത്ത് പാല്കൊണ്ട് വരും അത്താഴം കൊണ്ടുവരുന്നതും അവൾ തന്നെ.

രാത്രിയില് വിഷപാമ്പുകൾ പുറത്തിറങ്ങുന്ന സമയത്താണ് അവളുടെ വരവ്. രവിയെപോലെ അവളെയും...

വേണ്ടാത്ത ചിന്തകളെ മനസ്സിൽ നിന്നാട്ടിയോടിക്കാൻ ശ്രമിച്ചു. അവളോട് സൂക്ഷിച്ച് വരാൻ പറഞ്ഞു. അതിനവളുടെ മറുപടി ഒരു പുഞ്ചിരിയായിരുന്നു. ഉപ്പയുടെ വലിയ ടോർച്ച് അവൾ കൈയിൽ കരുതിയിരുന്നു.

വർഷം മൂന്ന് കഴിഞ്ഞു. സൈനബ കാലത്ത് പാല്കൊണ്ടുവരും അത്താഴം കൊണ്ടുവരുന്നതും അവൾ തന്നെ.

രാത്രിയില് വിഷപാമ്പുകൾ പുറത്തിറങ്ങുന്ന സമയത്താണ് അവളുടെ വരവ്. രവിയെപോലെ അവളെയും...

വേണ്ടാത്ത ചിന്തകളെ മനസ്സിൽ നിന്നാട്ടിയോടിക്കാൻ ശ്രമിച്ചു. അവളോട് സൂക്ഷിച്ച് വരാൻ പറഞ്ഞു. അതിനവളുടെ മറുപടി ഒരു പുഞ്ചിരിയായിരുന്നു. ഉപ്പയുടെ വലിയ ടോർച്ച് അവൾ കൈയിൽ കരുതിയിരുന്നു.

വർഷം മൂന്ന് കഴിഞ്ഞു. സൈനബ ഹയർ സെക്കണ്ടറിയിലായി. ഇന്നും അവളാണ് എന്റെ അത്താഴം കൊണ്ടുവരുന്നത്. ഒരു ദിവസം രാത്രി ഏറെ കഴിഞ്ഞിട്ടും സൈനബ ഭക്ഷണവുമായി എത്തിയില്ല. ഞാൻ തിരക്കിയിറങ്ങി. ചോറ്റ്പാത്രം ദൂരെ തെറിച്ച് കിടക്കുന്നു. അൽപമകലെയായി സൈനബയുടെ ഞരക്കം കേട്ടു. വായിൽ നിന്ന് നുരയും പതയും പുറത്തേക്കൊഴുകുന്നു. ഉടൻ തന്നെ ഞാൻ ഒച്ചയിട്ടു. നാല്ഭാഗത്ത് നിന്നും ആളുകൾ ഓടിവന്നു. ഭാഗ്യത്തിന് അതിലെ വന്ന ഒരു ജീപ്പ് കിട്ടി. നേരെ ജില്ലാ ആശുപത്രിയിലേക്ക്. ഡോക്ടർമാർ അവളുടെ ജീവൻ രക്ഷിക്കാൻ കിണഞ്ഞ് പരിശ്രമിച്ചു. പക്ഷെ വിധി വിപരീതമായിരുന്നു. രാത്രി പതിനൊന്ന് മണിയോടെ ആ കുഞ്ഞ് ജീവൻ പൊലിഞ്ഞു.

സ്കൂളിലെ അധ്യാപകരും വിദ്യാർത്ഥികളും നാട്ടുകാരും സൈനബയുടെ വീട്ടിലേക്കൊഴുകി. ഖബറടക്കം കഴിയുമ്പോഴേക്കും ഉച്ചയായി. ഞാന് താമസസ്ഥലത്തേക്ക് പോന്നു. ഒന്നും കഴിക്കാൻ തോന്നിയില്ല.

രാത്രിയിൽ ഉറക്കം കൈവിട്ട് കഴിഞ്ഞിരിക്കുന്നു.

ഒരാഴ്ചത്തേക്ക് പുറത്തിറങ്ങിയില്ല.

ഒരു ദിവസം രാത്രിയിൽ വീട്ടിലേക്ക് നടക്കുമ്പോൾ ഒരു മൂർഖൻ വിലങ്ങനെ കിടക്കുന്നു. കൈയിൽ കിട്ടിയ കല്ലെടുത്ത് ശക്തിയിൽ തലയ്ക്കൊരേറ് കൊടുത്തു. അത് പിടഞ്ഞ് പിടഞ്ഞ് ചത്തു. പിന്നെ വിഷപാമ്പുകളെ മാളങ്ങൾ തേടിചെന്നു. അവിടം കുത്തിയിളക്കി. കിട്ടിയവയെ തല്ലിക്കൊന്നു. ആകെകൂടി ഒരു ഭ്രാന്തമായ അവസ്ഥയിലായി ഞാൻ. എനിക്ക് ചുറ്റിലും വിഷപാമ്പുകളുടെ പട. അതിനിടയിൽ സൈനബയുടെ മുഖം.

അസ്സയിനാരുടെ കടയിലിരിക്കുമ്പോൾ പുറമെക്കൂടി ഒരിഴജന്തു സാവധാനം നീങ്ങുന്നത് കണ്ടു. കൈയിൽ കരുതിയിരുന്ന മുളവടിയും കൊണ്ട് അതിന്റെ പിന്നാലെ കൂടി. കുറ്റിച്ചെടികൾക്കിടയിലൊളിച്ച അതിനെ അടിച്ചടിച്ച് കൊന്നു. പിന്നെ പൊട്ടിച്ചിരിക്കാൻ തുടങ്ങി. എത്ര അട്ടഹസിച്ചിട്ടും അടക്കാൻ കഴിയാത്ത ചിരി. ചുമലിൽ കരസ്പർശമേറ്റപ്പോൾ തിരിഞ്ഞുനോക്കി... അസ്സയിനാർ...

"മാസ്റ്റെ... ഈറ്റ്യേള കൊന്നിട്ടെന്താ? ഓളിനി തിരിച്ച് വര്വോ?... ഓക്കത്ര്യേ നിസീബ്ള്ളൂന്ന് കര്ത്യാമതി... ഇങ്ങള് ബരിൻ" സാവധാനം എഴുന്നേറ്റ് പൊട്ടിക്കരഞ്ഞുകൊണ്ട് അയാളെ കെട്ടിപിടിച്ചു.

"ഞാൻ കാരണാ സൈനബ..."

വാക്കുകൾ മുഴുമിപ്പിക്കാൻ കഴിഞ്ഞില്ല. അസ്സയിനാര് തുടർന്നു.

"ഇങ്ങള് കൊറച്ചിസം നാട്ടിപോയ് നിക്കിൻ... ല്ലാം സര്യാകും.."

അയാൾ പറഞ്ഞതുപോലെ ചെയ്തു. തിരിച്ച് ഖസാക്കിലെത്തിയിട്ടും ആ സംഭവം പിടിവിടാതെ പിന്തുടർന്നു. അവളുടെ ഉപ്പയെയും ഉമ്മയെയും കാണുമ്പോഴാണ് ഏറെ സങ്ക ...

ഖസാക്ക് വിടണം.

ജില്ലാന്തര മാറ്റത്തിന് അപേക്ഷിച്ചു.

കിട്ടുകയും ചെയ്തു.

വീട് അടച്ച് പൂട്ടി താക്കോൽ കുട്ടിശങ്കരനെ ഏൽപിച്ചു.

സൈനബയുടെ ഉപ്പയും ഉമ്മയും കണ്ണുനീർ പൊഴിച്ച് നിന്നു. വിതുമ്പിപ്പോയി. കുട്ടിശങ്കരൻ ചുമലിൽ തട്ടി ആശ്വസിപ്പിച്ചു. യാത്രയയക്കാൻ അയൽക്കാർ മുഴുവൻ വന്നിരുന്നു.

കൂമൻകാവിനോട് വിട.

വെയിലിൽ തലയുയർത്തി നിൽക്കുന്ന കരിമ്പനകളിലൂടെ തഴുകി വന്ന കാറ്റ് ചെവിയിലെന്തോ മൂളി...

പാലക്കാടൻ മലകളിലെ നീല നിറം കൺകോണുകളിൽ ദുഃഖഛായ പരത്തി.

നേരിയ കാറ്റ് വീശി

അത് കരിയിലയിലൂടെ മണംപിടിച്ച് നടന്നു.

അകലെ തീവണ്ടിയുടെ ചൂളം വിളി കാതിലമർന്നു.

നടന്നു.

വരണ്ട മണ്ണിലൂടെ. ■

## കാർട്ടൂൺ

രാകേഷ്

### അതിങ്കലെങ്ങാണ്ടൊരിടത്ത്



**ലേഖനം**

മനോജ് കൊല്ലങ്കോട്




# പാർശ്വഫലങ്ങൾ – 3

കഴിഞ്ഞലക്കം തുടർച്ച

പാഠപുസ്തകങ്ങൾ വെറും അഭ്യാസപ്രകടനങ്ങളാകുകയും മാധ്യമവിശേഷങ്ങൾ വസ്തുകഥനങ്ങളാകുകയും ചെയ്യുന്ന ടെക്നോളജിയുടെ യുഗത്തിൽ മസ്തിഷ്കം വ്യയരഹിതമായി തീരുകയാണ്. നിർഗുണമായ അവയവവിശേഷത്തിലേക്കു പതിക്കുന്ന മസ്തിഷ്കം ക്രമേണ ശുഷ്കവും ശിഥിലവുമായിതീരാം. പരിണാമത്തിന്റെ പിന്മാറ്റമായോ ശൈഥില്യമായോ പിന്നീടത് വിശേഷിക്കപ്പെടാം. തളംകെട്ടുന്നതെല്ലാം ചീയുകയും ചീഞ്ഞത് പ്രകൃതിയിലേക്ക് മടക്കം വയ്ക്കുകയും കാലനീതിയാണ്. ഋജുമാനത്തോടെയും ചാക്രികതലത്തോടെയും കാലത്തെ വിശേഷിപ്പിക്കുമെങ്കിലും കാലം പ്രകൃതിതന്നെയാണ്. കാര്യകാരണങ്ങളുടെ യുക്തിഭദ്രതയും അനുമാനങ്ങളുടെ ആത്മസത്തയും കാലത്തേയും പ്രകൃതിയേയും ഗണനനിയമങ്ങളിൽ ഒതുക്കാനാണ് ശ്രമിച്ചിട്ടുള്ളത്. മനുഷ്യന്റെ വിഭാവനകൾക്കെല്ലാം ആധാരം അതിസങ്കീർണ്ണമായി മസ്തിഷ്ടകത്തിന്റെ ജ്വലനസാന്ദ്രതയായിരുന്നു. മനുഷ്യൻ പരിസരത്തോട് ഇടപഴകി ജീവിക്കുന്ന ജന്തുമാത്രമല്ല; സംസ്കാരവും ചരിത്രവും ജീവനാമ്പിന്റെ പിന്തുടർച്ചകളും ബോധാവബോധങ്ങളും കൈമാറ്റക്രിയകളിലൂടെ ഏറ്റെടുക്കുന്ന വിശിഷ്ടജീവിയാണ്. സ്വാംശീകരണത്തിന്റെ പ്രക്രിയയിലൂടെ വികസിക്കുന്ന വംശാവലികളോടൊത്ത് മനുഷ്യമസ്തിഷ്കവും കൂടുതൽ ഉൾക്കൊണ്ടു.

പക്ഷേ തളംകെട്ടുന്നവ പ്രയോജനശൂന്യമാകുമെന്ന വിശുദ്ധസത്യത്തെ മനുഷ്യൻ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു. ശൈശവാവബോധത്തിന്റെ തെളിച്ചം അടഞ്ഞു തുടങ്ങവേ സഹജവാസനകൾ മാത്രം ശേഷിച്ച് ഒരുക്കിവെച്ച പരി



സരത്തോട് ഇടപഴകുന്ന വെറുമൊരു ജീവിയായി മനുഷ്യൻ അധഃപതിക്കും. ഗുഹാന്തരമായ നിലനില്പിന്റെ പ്രയോജന ശാസ്ത്രവും ആസക്തിയുടെ കണ്ണാടികളും മനുഷ്യനെ എവിടേയും എത്തിക്കില്ല. ആയുധവൽക്കരണത്തിന്റെ അധീശത്വ സിദ്ധാന്തങ്ങളും ഉപഭോഗസംസ്കൃതിയുടെ പ്രകൃത്യാപഹരണങ്ങളും മനുഷ്യവംശത്തിന്റെ കാലപരിധി നിശ്ചയിക്കാം. കരുതിവെയ്ക്കുന്നവ ഉപയോഗപ്പെടുക തന്നെ ചെയ്യും. കാരുണ്യാംശമില്ലാത്ത ശാസ്ത്രത്തിന്റെ ദുർനടപ്പുകൾ ഈ ഭൂമിയുടേയും ജീവജാലങ്ങളുടേയും മഹാദുരന്തമായി പരിണമിക്കും. സ്നേഹഭാവനയുടെ ഔന്നിത്യമാണ് രക്ഷകസൂക്തങ്ങളായി എക്കാലത്തും പരിണമിച്ചിട്ടുള്ളത്.

മരണബോധത്തിന്റെ ദയനീയതകൾ ഭീതിയായും ആരാധനയായും വികസിച്ച് ദൈവപഥത്തിൽ എത്തിച്ചേർന്നു. വിഹ്വലമനസ്സുകൾ പ്രയോഗികാവശ്യങ്ങളുടെ പണിയായുധങ്ങളുമായി പ്രകൃതിയിലേക്ക് ജീവസന്ധാരണത്തിന് ഇറങ്ങി. പ്രകൃതിയുടെ ദയവുകനിവുകൾ ഉൾക്കൊണ്ടു ജീവിച്ച മനുഷ്യൻ പ്രയോഗചിന്തയുടെ അബന്ധധാരണയിൽ എത്തി. താൻ പ്രകൃതിയെ കീഴടക്കുകയാണെന്ന് അഭിമാനിച്ചു. മിഥ്യാധാരണകളിലൂടെ കെട്ടിപ്പൊക്കിയ അയുക്തികതലങ്ങളെ ഇനിയെങ്കിലും തിരിച്ചറിയണം. അധീശത്വത്തോടെ പെറ്റുപെരുകി വാണ ജീവികൾ അന്നപാനങ്ങളില്ലാതെ ചത്തൊടുങ്ങിയ കഥ മനുഷ്യവംശത്തിന്റെ ചരിത്രപാഠമാകണം. സഹജീവികളുടെ ജീവിതം നമുക്ക് അവകാശപ്പെട്ടതുപോലെ മനുഷ്യജീവിതത്തിനു മേൽ സഹജീവികൾക്കും അവകാശമുണ്ട്. പ്രകൃതി അധീശത്വത്തിന്റെ കായികബലത്തിന് ബലിദർപ്പണം നടത്താൻ ഒരിക്കൽ ആവശ്യപ്പെട്ടേക്കും.

തങ്ങളേയും സഹജീവികളേയും രക്ഷിക്കേണ്ടത് നമ്മുടെ ചുമതല

തന്നെയാണ്. ശാസ്ത്രപ്രയോജകരും പ്രയോജനവാദികളും വിഷക്കനിയിൽനിന്ന് ഭക്ഷ്യകൊതിയിലേക്ക് തിരിച്ചറിവുനേടുമ്പോഴുണ്ടായ മനുഷ്യരുടെ ചാവുബലികളെ മറന്നുകഴിഞ്ഞു. ഇന്ന് സ്വയം കണ്ടെത്തലുകൾ അനാവശ്യക്രിയകളാണ്.ഒരുക്കിവെച്ച പരിസരങ്ങളുമായി ഇടപഴകുക ആധുനിക മനുഷ്യന്റെ ജീവിത സമ്പ്രദായമായി തീർന്നിരിക്കുന്നു. ജീവിതത്തിന്റേയും പ്രകൃതിയുടേയും ഗണിതശാസ്ത്രങ്ങളെ തിരിച്ചറിയാത്ത മനുഷ്യൻ മഹാദുരന്തത്തിലേക്ക് നീങ്ങുകയാണ്. മസ്തിഷ്കത്തിന്റെ പരിമിതപ്പെടുത്തലുകൾ സാംസ്കാരിക ജഡത്വമാകുമ്പോൾ ഭോജ്യതൃഷ്ണയുടെ ആസക്തി ചലനസിദ്ധാന്തത്തിന്റെ ആത്മീയതയെ നിരാകരിക്കുകയാണ്. ഭക്ഷണം കരുതിവെയ്ക്കേണ്ട ഊർജ്ജമല്ല. അത് ജീവസന്ധാരണത്തിനുള്ള ജ്വാലാമുഖമാണ്. തടംകെട്ടുന്നവ ചീയുകയോ തടപൊളിക്കുകയോ ചെയ്യും. അകാലമൃത്യുവിന്റെ ദീനവിലാപങ്ങൾ ഓരോപ്രിയപ്പെട്ടവരുടേയും ചെവികളിൽ എപ്പോഴും മുഴങ്ങും.

മനുഷ്യന്റെ പരിമിതികളേയും വൈഭവത്തേയും പ്രകൃതിയുടെ ഗണന നിയമത്തേയും നാം തിരിച്ചറിയണം. ആധുനിക മനുഷ്യർ മരണസ്പർശമേൽക്കാത്ത അധീശത്വഭാവത്തിൽ നിന്നു പിൻമാറണം. പിടിച്ചടക്കലിന്റെ ശാസ്ത്രങ്ങൾ ഭവിഷ്യത്തുകളായും ദുരന്തമായും പരിണമിക്കുന്നതിനുമുമ്പേ തിരിച്ചറിവിന്റെ ഉൾക്കണ്ണുകളെ നാം തുറന്നു പിടിക്കണം. സഹജപ്രേരണകളല്ല മനുഷ്യവംശത്തിന്റെ എക്കാലത്തേയും ശക്തി. പ്രതിരോധത്തിന്റെ കായികവൈഭവമില്ലാതെ ജനിക്കുന്ന ശിശു മസ്തിഷ്കത്തിന്റെ പിൻബലത്തിലാണ് ജീവിക്കുന്നത്. മനുഷ്യവംശത്തിന്റെ മഹാശക്തിയായ മസ്തിഷ്കത്തെ നാം തിരിച്ചറിയണം. അത് ഉപയോഗശൂന്യമാകേണ്ടഅവയവമല്ല. സംസ്കാരത്തിന്റേയും പൈതൃകത്തിന്റേയും സർവ്വനിക്ഷേപമാണ് ഭോജനാസക്തിയുടെ ആത്മീയതയേയും നാം കണ്ടെത്തണം. കായികാദ്ധ്വാനത്തിന്റെ പരിമിതപ്പെടുത്തലുകൾക്കനുസരിച്ച് അന്നപാനങ്ങളെ ചുരുക്കണം. തടംകെട്ടുന്നവ ചീയുന്നവയും തടപൊളിക്കുന്നവയുമാണല്ലോ.

പിടിച്ചടക്കലിന്റേയും അധീശത്വത്തിന്റേയും ശാസ്ത്രാവലികൾ ആധുനിക കാലഘട്ടത്തിൽ അപ്രസക്തമാകുകയാണ്. സാങ്കേതിക സംജ്ഞകൾ ഒരിക്കലും പരിഹാരമാർഗ്ഗങ്ങളാകുന്നില്ല. ഭൂമിയുടെ അവകാശികൾ മനുഷ്യർ മാത്രമല്ലെന്ന് നാം തിരിച്ചറിയണം. സഹവർത്തിത്വത്തിന്റെ ആത്മീയത അതിജീവനത്തിന്റെ പ്രശ്നമാണ്. മനുഷ്യജന്മം സ്വർഗ്ഗനരകാദികളിലേയ്ക്കല്ല പ്രവേശിക്കേണ്ടത്. വരും തലമുറയോട് ഈ ജന്മം കൊണ്ടുതന്നെ മനുഷ്യന് ഉത്തരം പറയേണ്ടിവരും. ബീജങ്ങളുടേയും സഹജീവികളുടെ ഭ്രൂണങ്ങളുടേയും അപമൃത്യുവിൽ നിന്ന് വംശരക്ഷ ചെയ്യുക എന്നാൽ പ്രകൃതി നിശ്ചയങ്ങളെ പാലിക്കലാണ്. പ്രകൃതി ഞാനും നിങ്ങളും സഹജീവികളുമാണ്.

(തുടരും)

## കാർട്ടൂൺ



ഗിരീഷ് മൂഴിപ്പാടം






കഥ

സാബു എം.
കിണാശേരി സ്കൂൾ
വി.എച്ച്.എസ്. 2-ാം വർഷം



# അമ്മക്കായി

"തനിക്കി ഒന്ന് കരഞ്ഞൂടെ തന്റെ വിങ്ങിപൊട്ടിയ മുഖം കാണുമ്പോൾ എനിക്ക് സഹിക്കാൻ കഴിയുന്നില്ല." ഈ വാക്കുകളിലൂടെ അയാൾ ദേവനെ കരയിക്കാൻ ശ്രമിച്ചുവെങ്കിലും ദേവൻ കരഞ്ഞില്ല. ചുവന്ന് തുടുത്ത കണ്ണുകൾ മഴ പെയ്യാൻ മൂടി നിൽക്കുന്ന കാർമേഘം പോലെ ദേവന്റെ മുഖം വിളറി. ജീവിതത്തിൽ ഒരു നിമിഷം പതറിയതു പോലെ തോന്നി. പറയാൻ വാക്കുകളില്ലാതെ ദേവൻ വിങ്ങിപ്പൊട്ടി. എന്നാലും പതറിയ ശബ്ദത്തോടെ ദേവൻ പറയാൻ ശ്രമിച്ചു. "കരയണം എന്നുണ്ട്. പക്ഷേ കരയാൻ എനിക്ക് കഴിയുന്നില്ല. ഞാൻ ഒരു ആണല്ലെ. ജീവിതത്തിൽ ഞാൻ ഒരിക്കൽ പോലും കരയരുത് എന്ന് ആഗ്രഹിച്ചു. അമ്മയാണ് എനിക്കു നഷ്ടപ്പെട്ടത്. ജീവിതത്തിൽ ഞാനെന്ന മനുഷ്യൻ ഇന്നിങ്ങനെ നിൽക്കുന്നുണ്ടെങ്കിൽ അതിന് പിന്നിൽ എന്റെ അമ്മയാണ്. എന്റെ അച്ഛന്റെ മരണ ശേഷം എന്നെ സങ്കടമൊന്നും അറിയിക്കാതെ വളർത്തിയത് അമ്മയാണ്. എന്നിട്ടും ആ അമ്മയുടെ മുഖം അവസാനമായി ഒന്ന് കാണാൻ എനിക്ക്കഴിയില്ല എന്നോർക്കുമ്പോൾ ഞാൻ ശപിക്കപ്പെട്ടവനായിതീരുന്നു. അമ്മയുടെ ശവശരീരം തീവിഴുങ്ങി ഭസ്മമാകുമ്പോൾ ആ ഭസ്മം എനിക്ക് കൈയിൽവാരി സൂക്ഷിക്കാൻ കഴിയില്ല എന്നതും അമ്മയുടെ വായിൽ ഒരു തുള്ളി ദാഹജലം ഒഴിക്കാന് കഴിയില്ല എന്നതും എന്റെ നഷ്ടമാണ്. ദേവൻ പൊട്ടി കരഞ്ഞു. ആ കരച്ചിലിന്റെ ശബ്ദം ആ മുറിയുടെ നാല് ചുമരിലും തുളച്ച് കയറി. അമ്മെ എന്ന് ഉറക്കെ വിളിച്ചു. ദേവ താൻ ഇങ്ങനെ ഇമൂഷൽ അകാതെ നമുക്ക് എല്ലാറ്റിനും വഴിയുണ്ടാക്കാം എന്ന് പറഞ്ഞ് അയാൾ ദേവനേയും കൂട്ടി മാനേജരുടെ അടുത്തേക്ക് നടന്നു.

കഴിഞ്ഞ പ്രാവശ്യം ദേവൻ നാട്ടിൽ ചെന്നപ്പോൾ അമ്മ പറഞ്ഞു: "ഞാൻ ഇന്നൊ നാളെയോ മരിച്ചേക്കാം. എന്റെ ശേഷം എന്റെ മോന് സ്വന്തം എന്ന് പറയാൻ ആരും ഇല്ലാതെയാകരുത്." അങ്ങനെ അമ്മയുടെ നിർബന്ധത്തിന് വഴങ്ങിയാണ് വിവാഹം ചെയ്തതെങ്കിലും അതു ശരിതന്നെയായിരുന്നു. ഇന്ന് അമ്മയുടെ അടുത്തിരിക്കാൻ ശാരിയെങ്കിലും ഉണ്ടല്ലൊ എന്ന് മനസ്സിലാശ്വസിച്ച് ദേവൻ നടന്നു.



മേനേജരുടെ അനുവാദം കിട്ടി അവർ അകത്തേക്ക് കടന്ന് ചെന്നു. "സാർ ദേവന്റെ അമ്മ മരിച്ചിരിക്കുന്നു. അവന് നാട്ടിൽ പോകണം. അതു ചോദിക്കാനാണ് വന്നത്." എന്ന് പറഞ്ഞ് അയാൾ നിർത്തുമ്പോൾ യാതൊരു ദയാ കാരുണ്യവും ഇല്ലാതെ മാനേജർ പറഞ്ഞു: "ദേവൻ തനിക്ക് പോകാൻ കമ്പനി തടസ്സം പറയില്ല. പക്ഷേ നിങ്ങളുടെ യാതൊരു ചിലവും കമ്പനി വഹിക്കില്ല. കാരണം എഗ്രിമെന്റ് പ്രകാരം 4 വർഷം കഴിഞ്ഞാൽ മാത്രമേ താങ്കൾക്ക് നാട്ടിൽ പോകാനുള്ള ചിലവ് കമ്പനി എടുക്കൂ." മാനേജരുടെ വാക്കുകളിൽ സന്തോഷം തോന്നിയെങ്കിലും ഭവ്യതയോടെ ദേവൻ പറഞ്ഞു: "അല്ലെങ്കിലും കമ്പനി പണം എടുക്കണ്ട എന്റെ അമ്മയെ കാണാൻ പോകാൻ. സാർ ഒന്നോർക്കണം പണത്തിന് അല്ല വില. സ്നേഹത്തിനാണ്. സ്നേഹം സൃഷ്ടിക്കുന്ന ബന്ധങ്ങൾക്കാണ്.

ദേവൻ നാട്ടിലേക്ക് യാത്ര തിരിച്ചു. മനസ്സിൽ അമ്മയെ കുറിച്ചുള്ള ചിന്തകളാണ്.

അമ്മ എപ്പോഴും പറയുമായിരുന്നു. നിനക്ക് ജന്മം തരാതിരുന്നെങ്കിൽ എന്ന്. മോനറിയാലോ അതിനുള്ള കാരണവും. ഈ അമ്മക്ക് നിന്നെ നല്ല രീതിയിൽ വളർത്താൻ കഴിയുന്നില്ലല്ലൊ. ഉണ്ടോ? ചിലപ്പോഴെല്ലാം വിങ്ങിപ്പൊട്ടിയാവും അമ്മ ഇത്രയും പറയുക. ഒരു പ്രണയ വിവാഹമായിരുന്നു അമ്മയുടേത്. അതുകൊണ്ട് തന്നെ ബന്ധുക്കൾ അമ്മയെ ഒഴിവാക്കി. അച്ഛന്റെ മരണം കൂടിയായപ്പോൾ ഞാനും അമ്മയും തനിച്ചായി. എന്നിട്ടും അമ്മ മരണത്തിന് കീഴടങ്ങാതെ എന്നെ വളർത്തി. അച്ഛൻ വരുത്തി വെച്ച കടങ്ങളും വീട്ടി.

ദേവൻ വീട്ടിലേക്കുള്ള കുത്തുകല്ലുകൾ കയറുമ്പോൾ മരണത്തിന്റെ മണമുള്ള കാറ്റിൽ ചന്ദനത്തിരികൾ കത്തി ജ്വലിക്കുന്ന മണം. മുറ്റത്ത് പൊട്ടി പൊട്ടി കരയുന്ന ബന്ധുക്കൾ. ശോകഛായയുള്ള പ്രകൃതിക്കുപോലും അറിയാമോ അമ്മയുടെ മരണം. ആവോ... പ്രകൃതിയാകെ ഇരുണ്ടിരിക്കുന്നു. അമ്മയുടെ അനക്കമില്ലാത്ത ശരീരം കണ്ടപ്പോൾ അവന്റെ മനസ്സ് പതറി. ബാഗ് കൈയിൽ നിന്ന് പിടിവിട്ട് താഴെ പതിച്ചു. അവൻ പൊട്ടികരഞ്ഞു. കുറേനേരം ആ കരച്ചിൽ തുടർന്നു. എല്ലാം കഴിഞ്ഞ് വിളക്കിന് മുന്നിൽ. മരണകർമ്മങ്ങൾക്കായി ഓലയിൽ മെടഞ്ഞെടുത്ത മോതിരം കൈയിൽ ഇട്ട് അമ്മയുടെ ചുണ്ടിൽ രണ്ടുതുള്ളി ജലത്തുള്ളികൾ ഇറ്റിച്ചു. ഒരു നിമിഷം അവന്റെ മനസ്സിലെ ചിന്തകളിൽ അമ്മ മയങ്ങുകയാണ്. അമ്മയുറങ്ങട്ടെ. തലയിൽ വെള്ളം ഒഴിച്ച് അമ്മയുടെ ചിതക്ക് തീ കൊളുത്തി. അത് കത്തി ജ്വലിച്ചു. പോയവരാരും തിരിച്ച് വരില്ല. ശരിയാണ്. ഹൃദയത്തിൽ ദിവ്യമായ ഒരു പ്രകാശം. ചുണ്ടനങ്ങുന്ന ശബ്ദം. അമ്മയാണോ അത് പറയുന്നത്. അവൻ സാകൂതം കാതോർത്തു. മറക്കണം, എല്ലാം മറക്കാൻ കഴിയാത്തവർ ജീവിക്കാൻ അർഹരല്ല. പുതിയൊരാവേശംമനസ്സിൽ ഇഴപിരിഞ്ഞുറച്ചു. കത്തിജ്വലിക്കുന്ന കണൽ കൂമ്പാരത്തിനെ വിട്ടകന്ന് ദേവൻ ഭാവി ജീവിതത്തിലേക്ക് നടത്തം തുടർന്നു. ■

**നക്ഷത്രരാജ്യം കോമിക്സ്** **ജോബി – ഷാലി**



Edited, Printed Published by E. Radhakrishnan Kommeri on behalf of Nakshathra Rajyam Monthly.
DTP National Graphics, Clt., Printed at Shankar Offset Printers for Geethanjali Offset Prints, Kundayithode, Kozhikode